## PROCEEDINGS OF THE

## TRAVANCORE-COCHIN LEGISLATIVE ASSEMBLY

---

FIRST SESSION—1953.

*Friday, the 13th March, 1953.*


**Vol. VIII** **OFFICIAL REPORT** **No. 13**


The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 13th March, 1953, with Mr. Speaker in the Chair.

### QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for day.)

### ORAL ANSWERS.

#### മത്സ്യവ്യവസായം.

* ൩൪൯. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മത്സ്യവ്യവസായത്തെ സംബന്ധിച്ച് കേന്ദ്രഗവണ്മെന്റും ടെക്നിക്കൽ കോവാപ്പറേഷൻ അഡ്മിനിസ്ട്രേഷനും (റ്റി. സി. എ.) കൂടിച്ചേർന്ന് ഇവിടെ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) കേന്ദ്രഗവണ്മെന്റും ടെക്നിക്കൽ കോവാപ്പറേഷൻ അഡ്മിനിസ്ട്രേഷനും ചേർന്ന് ഇവിടെ മത്സ്യവ്യവസായ വിപുലീകരണത്തിനായി ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം വരുന്ന സെപ്റ്റംബറിനുശേഷം മാത്രമേ തുടങ്ങുകയുള്ളൂ.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: ടെക്നിക്കൽ കോവാപ്പറേഷൻ അഡ്മിനിസ്ട്രേഷൻ എന്നു പറയുന്നത് എവിടെയുള്ള സംഘടനയാണ്?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യാഗവൺമെൻറും യുണൈറ്റഡ് സ്റ്റേറ്റ്സ് ഗവൺമെൻറും തമ്മിൽ ഉണ്ടായിട്ടുള്ള കരാർ അനുസരിച്ചുള്ള ഒരു സംഘടനയാണ്.

ശ്രീ. ആർ. ഗംഗാധരൻ: ഇൻഡ്യാഗവൺമെൻറ് ഈ പ്രവർത്തനത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: ഫിഷറിയെ സംബന്ധിച്ചാണോ ചോദിക്കുന്നതു്?

ശ്രീ. ആർ. ഗംഗാധരൻ: അതേ.

**Shri A. J. John:** Both the State Government and the Central Government jointly carry on the administration. The State is spending Rs. 7 lakhs.

ശ്രീ. ആർ. ഗംഗാധരൻ: സ്റ്റേററ ഗവൺമെൻറ ചിലവാക്കേണ്ടതു് എത്ര രൂപയാണ്?

ശ്രീ. എ. ജെ. ജാൺ: ൧൫,൦൦൦ രൂപാ; മൂന്നു കൊല്ലത്തേക്കു ൩,൮ ൪,൮൦൦ രൂപയാണ്.

ശ്രീ. ആർ. ഗംഗാധരൻ: ഇതിൻെറ പ്രവർത്തനം ആരംഭിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: ഇതിൻെറ സാധനസാമഗ്രികൾ വാങ്ങുന്നതിലേക്കു് അമേരിക്കയിലേക്കു് പോയിരിക്കുകയാണ്. സാധനസാമഗ്രികൾ എല്ലാം വാങ്ങിക്കൊണ്ടു് ഇവിടെ വന്നതിനുശേഷമേ പ്രവർത്തനം തുടങ്ങുകയുള്ളു.

ശ്രീ. ആർ. ഗംഗാധരൻ: ഇതിൻെറ പ്രവർത്തനപരിപാടികളെ സംബന്ധിച്ചു് വല്ല വ്യവസ്ഥകളും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: വെസ്റ്റ് കോസ്റ്റ് പ്രോജക്ട്സ് എന്നാണ് ഇതിനു് പേരിട്ടിരിക്കുന്നതു്. മീൻ പിടിക്കുന്നതിനുള്ള വലകളും മററും പുതിയരീതിയിലുള്ളതു് ഉണ്ടാക്കണം. മീൻപിടിക്കുന്നതിലേക്കു് സൗകര്യമായ സ്ഥലങ്ങൾ ഏതാണെന്നു് സർവ്വേ ചെയ്തു കണ്ടുപിടിക്കണം. പുതിയ രീതിയിൽ മീൻപിടിക്കുന്നതിനു് സ്ഥാപനങ്ങൾ ഉണ്ടാക്കി ആളുകൾക്കു് പരിശീലനം കൊടുക്കണം. മീൻ സൂക്ഷിക്കുന്നതിനും മററ പ്രദേശങ്ങളിലേയ്ക്കു കൊണ്ടുപോകുന്നതിനും ഏർപ്പാടു് ചെയ്യണം. ഇതൊക്കെയാണ് പ്രധാനവ്യവസ്ഥകൾ.

ശ്രീ. ആർ. ഗംഗാധരൻ: ഇപ്പോൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു് എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ ഉപയോഗിക്കുന്ന വള്ളങ്ങൾക്കു പകരം മോട്ടോർ ഉപയോഗിച്ചു് പുതിയ രീതിയിലുള്ള വള്ളങ്ങൾ മീൻപിടിക്കുന്നതിനു് അവർക്കുണ്ടാക്കി കൊടുക്കുന്നുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: മോട്ടോർവച്ച് ഫിററ ചെയ്യുന്ന വള്ളങ്ങൾ ഉപയോഗിച്ച് മീൻപിടിക്കുന്നതിന് അതു്, മീൻപിടിത്തക്കാർക്ക് സൗജന്യമായി കൊടുക്കുമെന്നാണോ പറയുന്നതു്; അല്ലെങ്കിൽ അതു് അവർക്ക് വിലയ്ക്കുകൊടുക്കുമെന്നാണോ പറയുന്നതു് ?

ശ്രീ. എ. ജെ. ജാൺ: ഒന്നുകിൽ വാടകയ്ക്കു കൊടുക്കും. അല്ലെങ്കിൽ വിലയ്ക്കു് അവർക്ക് കൊടുക്കും. ഇതിന്റെ സൂക്ഷ്മവിവരങ്ങൾ ഒന്നും പറയാറായിട്ടില്ല

ശ്രീമതി കെ. ആർ. ഗൗരി: നമ്മുടെ നാട്ടിൽ ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതു് പുറംരാജ്യങ്ങളിൽ ആളുകൾ പോയിട്ടുണ്ട് എന്നാണോ പറഞ്ഞതു് ?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീമതി കെ. ആർ. ഗൗരി: അമേരിക്കയിൽ ഈ സാധനങ്ങൾ വാങ്ങാൻ പോയിട്ടുള്ളവർക്ക് വല്ല പ്രത്യേക പരിശീലനവും കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: അവർ അവിടെനിന്നു് ഈ സ്ഥലങ്ങൾക്ക് ഉപയോഗമുള്ള സാധനങ്ങൾ ഇവിടെ ആവശ്യമുള്ളതനുസരിച്ചു വാങ്ങണം. പരിശീലനത്തിന്റെ ആവശ്യമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ കമ്മ്യൂണിററി പ്രാജക്ററ് എന്നു പറയുന്നതിൽ കമ്മ്യൂണിസ്ററ വിരുദ്ധമുന്നണി ഉണ്ടാക്കുവാൻ നോക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: എഗ്രിമെൻറിൽ അതു് ഒരു വ്യവസ്ഥയായി ചെയ്തിട്ടില്ല.

## Housing and Colonisation Schemes.

* 346 [2] **Shri T. S. Ramaswami:** Will the Minister for Local Self-Government be pleased to state:

(*a*) the total amount of funds allotted for the Housing and Colonisation schemes during the financial year 1952-53;

(*b*) the amount spent in the taluks of Thovala and Agastiswaram, Kalkulam and Vilavancode;

(*c*) how many colonisation schemes were commenced in these taluks during this period; and

(*d*) what are the difficulties in going ahead with the scheme?

*Minister for Local Self Government* **(Shri K. Kochukuttan):**

(*a*) 1. Housing scheme - Rs. Ten lakhs.

2. Colonisation scheme - Rs. Two lakhs.

(*b*) The amount spent in the taluks of Thovala, Agastiswaram, Kalkulam and Vilavancode is approximately Rs. 40,000.

In addition to the above, a sum of nearly Rs. 1,50,000 has already been sanctioned for the Housing Scheme at Colachal which has been taken up for execution.

(*c*) None.

(*d*) The difficulty in going ahead with the schemes in the above taluks is the non-availability of suitable lands and competent Co-operative Societies which could be entrusted with the responsibility of working the scheme.

**Shri T. S. Ramaswami**: May I know whether the Minister has made any enquiry in regard to any site?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ കാളനൈസേഷൻ സ്കീം അനുസരിച്ചു് തോട്ടപ്പള്ളി, അഗസ്തീശ്വരം ഈ പ്രദേശങ്ങളിൽ സ്ഥലം അന്വേഷിക്കുകയോ അക്വയർ ചെയ്യുകയോ ഉണ്ടായിട്ടില്ല.

**Shri T. S. Ramaswami**: May I know whether any enquiry has been conducted in the Neendakara pakuthy?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ കാളനൈസേഷൻ സ്കീമിനു് സ്ഥലം അക്വയർ ചെയ്യുക എന്നു പറഞ്ഞാൽ അതു് സാദ്ധ്യമല്ല.

**Shri T. S. Ramaswami**: I am not asking about acquisition; I want to know whether any land has been selected for surveying?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ. അതിന്റെ അന്വേഷണംതന്നെ നടത്തേണ്ട ആവശ്യമില്ല. ഈ കാളനൈസേഷൻ സ്കീം അനുസരിച്ചു് സ്ഥലം അക്വയർ ചെയ്യാൻ സാദ്ധ്യമല്ല. അത്രയും സ്ഥലങ്ങൾ എടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് അതിനു് സ്ഥലമുള്ള വേറെ സ്ഥലങ്ങളിൽ എടുക്കും.

ശ്രീ. ടി. എസ്. രാമസ്വാമി: ഹൗസിംഗ് സ്കീം അനുസരിച്ചു് വല്ല എൻക്വയറിയും ചെയ്തിട്ടുണ്ടോ?

**Mr. Speaker**: The answer is quite evident.

**Shri T. S. Ramaswami**: I wanted to know whether any enquiry was made. The Minister has understood my point.

ശ്രീ. കെ. കൊച്ചുകുട്ടൻ: അപേക്ഷകൾ വന്നാൽ പലേടത്തും സ്ഥലം ഉണ്ടോ എന്നു അന്വേഷിക്കും. അങ്ങനെ അന്വേഷിക്കുന്നതുകൊണ്ടു് സ്ഥലം എടുത്തു എന്നു് അർത്ഥമില്ല.

ശ്രീ. ടി. എസ്. രാമസ്വാമി: അവിടെയെങ്കിലും അന്വേഷിച്ചിട്ടുണ്ടോ എന്നാണു് ചോദ്യം.

ശ്രീ. കെ. കൊച്ചുകുട്ടൻ: എവിടെയെല്ലാം അന്വേഷിച്ചിട്ടുണ്ടെന്നു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

**Shri A. A. D. Luiz** : May I know whether colonisation scheme is being unduly delayed as a result of the non-availability of suitable lands ?

**Shri K. Kochukuttan** : Y es, to a certain extent.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : വിളവംകോട്ട താലൂക്കിൽ ഒരു മലയാളബ്രാഹ്മണൻ ൨ ൦ ൦ ഏക്കർ സ്ഥലം ഹൗസിംഗ് സ്കീമിന് ഗവൺമെൻറിലേക്ക് തരാൻ തയ്യാറാണെന്ന് ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതേപ്പററി അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : അതിനെ സംബന്ധിച്ച് വല്ല എഴുത്തുകുത്തുകളും നടന്നിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ശ്രീ. ടി. വി. താമസ് : ഈ ഹൗസിംഗ് ആൻറ് കോളനൈസേഷൻ സ്കീംസ് തെക്കൻ തിരുവിതാംകൂറിന് മാത്രമുള്ളതാണോ അതോ തിരുവിതാംകൂർ—കൊച്ചിക്ക് മുഴുവനുമായി ഉള്ളതാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തിരുവിതാംകൂർ—കൊച്ചി മുഴുവനും ഉള്ളതാണ്.

ശ്രീ. ടി. വി. താമസ് : ചങ്ങനാശേരി—ആലപ്പുഴ റോഡ് തോടിൻെറ ഇരുവശങ്ങളിലുമുള്ള സ്ഥലത്ത് വീടുപണിയുന്നതിനുള്ള സ്കീം ഈ സ്കീമിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആലപ്പുഴ—ചങ്ങനാശേരി റോഡിൻെറയും തോടിൻെറയും പണി കഴിഞ്ഞിട്ടില്ല. അത് കഴിഞ്ഞതിനു ശേഷമേ അവിടെ വീടുകൾ പണിയുവാൻ നിവൃത്തിയുള്ളു.

ശ്രീ. ടി. വി. താമസ് : അവിടെ വീടുകൾ പണിയുന്ന കാര്യം നിറുത്തിവച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിറുത്തിവച്ചതായി അറിഞ്ഞുകൂടാ.

ശ്രീ. ടി. വി. താമസ് : ആ സ്കീം ഉപേക്ഷിക്കപ്പെട്ടതായി തോന്നുന്നു. അത് ശരിയാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ സ്ഥലം ഒന്നും കൊടുത്തിട്ടില്ല. റോഡും തോടും പണികഴിഞ്ഞതിനുശേഷം തോടിൻെറ ഇരു ഭാഗത്തുമുള്ള സ്ഥലം സെററിൽമെൻറ സ്കീം അനുസരിച്ച് എടുക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത്,

ശ്രീ. ടി. വി. താമസ് : ആ സ്കീം നിറുത്തിവയ്ക്കണമെന്ന് ഒരു അവസാനതീരുമാനം ഉണ്ടായിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഹൗസിംഗ് സ്കീമിനു ഇക്കൊല്ലം ബഡ്ജററിൽ നീക്കിവച്ചിട്ടുള്ള സംഖ്യയിൽ എത്ര ചെലവായി എന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൧൯൫൧–൫൨ വർഷത്തിലുള്ള പണികൾ തീർന്നുകൊണ്ടിരിക്കുന്നു. ഇക്കൊല്ലം അവസാനിച്ചു കഴിഞ്ഞാലേ അതു് പറയുവാൻ നിവൃത്തിയുള്ളു.

ശ്രീ. പി. സദാശിവൻ പിള്ള : ഏവിടെയെങ്കിലും കാളനി സ്ഥാപിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വെങ്കോലയിൽ സ്ഥാപിച്ചിട്ടുണ്ടു്.

ശ്രീ. ആർ. കേശവപിള്ള : ഓരോ ഡിസ്ട്രിക്ററിലും എത്ര തുക വീതം ചെലവാക്കി എന്നു പറയാമോ ?

**Mr. Speaker :** Hon. Members have put a lot of questions demanding information re: the total amount that has been spent during 1952-53. How can that be given ? The year has not fully run out.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ : ഓരോ പ്രത്യേക ജാതി വിഭാഗങ്ങൾക്കു് കാളനി ഉണ്ടാക്കി കൊടുക്കാറുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില സമുദായക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു് പ്രത്യേകം കാളനി കൊടുക്കാറുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ : അതു് വല്ല അനുപാതവും നോക്കിട്ടാണോ കൊടുക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : താമസിക്കുവാൻ സ്ഥലം കിട്ടാനുള്ള ബുദ്ധിമുട്ടു്, സ്ഥലം ഉണ്ടാക്കുവാനുള്ള സാമ്പത്തിക കഴിവുകേടു്, ഇങ്ങനെയുള്ളവർക്കു് കാളനി കൊടുക്കുന്നുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ : അങ്ങനെയുള്ള ആളുകൾക്കു വേണ്ടി സ്ഥലം എടുക്കുമ്പോൾ ആ സ്ഥലത്തു് താമസക്കാരായ സ്ഥലമില്ലാത്തവർക്കു് താമസിക്കുന്നതിനു സ്ഥലം കൊടുക്കാറുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയുള്ളവരെ എടുക്കുന്ന സ്ഥലത്തുനിന്നു് ഒഴിവാക്കാറില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : ആകെ എത്ര വീടുകൾ പണിയിച്ചിട്ടുണ്ടു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹൗസിംഗ് സ്കീം അനുസരിച്ചു് ൨൭൭ വീടുകൾ പണിചെയ്തു കഴിഞ്ഞിട്ടുണ്ടു്. ൧൯൫൧–൫൨ൽ ൧൪൪ വീടുകളുടെ പണിയാണു് നടന്നുവരുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : ൧൦൦൦ വീടുകൾ പണിയണമെന്നായിരുന്നില്ലേ പ്ലാൻ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഖണ്ഡിതമായ ഒരു തീരുമാനം ഉണ്ടായിട്ടില്ല.

## Colonisation and Housing Schemes.

* 347. [3] **Shri T. S. Ramaswami :** Will the Minister for Revenue be pleased to state :

(a) How many acres under how many housing and colonisation schemes were enquired by the Revenue Department and acquired for the purpose of the above schemes during the year 1952-53 in the taluks of Thovala and Agastiswarm ; and

(b) The area under poramboke and private lands thus enquired and acquired and the names of localities ?

*Minister for Local Self Government* **(Shri K. Kochukuttan):**

(a) None.

(b) Only private lands are acquired. No poramboke land has been acquired and hence the question does not arise.

**Shri T. S. Ramaswami :** My question is how many acres have been *enquired*, not *acquired* ?

**Shri K. Kochukuttan :** Information is available regarding places that have been acquired.

**Shri T. S. Ramaswami :** Was any enquiry made ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അപേക്ഷ കിട്ടിയതനുസരിച്ച് അന്വേഷിച്ചിട്ടുണ്ടാകും. എത്രയിടത്ത് അന്വേഷിച്ചു എന്നു ചോദിച്ചാൽ അതു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി : എവിടെയെല്ലാമാണ് സ്ഥലം അന്വേഷിച്ചിട്ടുള്ളത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തോവാള, അഗസ്തീശ്വരം ഈ താലൂക്കുകളിൽ പലേടത്തും അന്വേഷിച്ചിട്ടുണ്ട്.

ശ്രീ. ടി. എസ്സ്. രാമസ്വാമി : എത്ര ഇടങ്ങളിൽ അന്വേഷിച്ചിട്ടുണ്ട് എന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അത് നോട്ടീസ്സുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

**Mr. Speaker :** The hon. Member has some particular instance in his mind. You can plainly put it.

**Shri T. S. Ramaswami :** Was any enquiry made in the Pakuthy between Neendakara and Dharmapuram ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്വേഷിച്ചിട്ടുണ്ട്. സർ, ഇതിൽ എൻക്വയേഡ് ഓർ അക്വയേഡ് എന്നു പറഞ്ഞിരുന്നുവെങ്കിൽ അക്വിസിഷനും എൻക്വയറിയും സംബന്ധിച്ചുള്ള വിവരങ്ങളും പറയാമായിരുന്നു. ഈ ചോദ്യമനുസരിച്ച് അക്വിസിഷൻ കഴിഞ്ഞിട്ടുള്ള കാര്യമേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ടി. എസ്സ്. രാമസ്വാമി : ബഹുമാനപ്പെട്ട മിനിസ്റ്റർ ആ സ്ഥലം നോക്കാൻ പോയിരുന്നോ ?

മി. സ്പീക്കർ : ഇതു നേരത്തെ ചോദിക്കാമായിരുന്നല്ലോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ സ്ഥലത്തുപോയിട്ടുണ്ട്.

ശ്രീ. ടി. എസ്സ്. രാമസ്വാമി : സ്ഥലം അക്വയർ ചെയ്തോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അക്വയർ ചെയ്തിട്ടില്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി : അതു സംബന്ധിച്ചുള്ള ഗവണ്മെൻറിൻെറ അവസാനതീരുമാനമെന്താണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് സംബന്ധിച്ചു യാതൊരു തീരുമാനവും ചെയ്തിട്ടില്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി : സ്ഥലമെടുക്കുന്നതു സംബന്ധിച്ചു് എന്തെങ്കിലും അബ്ജക്ഷൻ വന്നിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

ശ്രീ. ടി. എസ്സ്. രാമസ്വാമി : ആ അബ്ജക്ഷൻെറ സ്വഭാവമെന്താണെന്നു് പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്ഥലം അക്വയർ ചെയ്യരുതെന്നുള്ളതാണു്.

ശ്രീ. എ. കെ. ചെല്ലയ്യാ : നീണ്ടകര പകുതിയിൽ അക്വയർ ചെയ്യുന്നതു് പുറമ്പോക്കസ്ഥലമോ പ്രൈവററ സ്ഥലമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രൈവററ സ്ഥലമാണു്.

ശ്രീ. ആർ. പൊന്നപ്പ നാടാർ : സാധുക്കൾക്കു് വീടുകെട്ടാനല്ലേ അപേക്ഷ കൊടുത്തിട്ടുള്ളതു് ?

**Mr. Speaker :** Everybody knows that.

ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥനയനുസരിച്ചു ഭവനനിർമ്മാണപദ്ധതിയിലേയ്ക്കു് ഭൂമി കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പലരിൽനിന്നും ഭൂമി കിട്ടിയിട്ടുണ്ടു്.

ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ : നമ്മുടെ ആവശ്യത്തിനു് മതിയാകത്തക്കവണ്ണം കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുറെ ആളുകളുടെ ആവശ്യത്തിനു് മതിയാകത്തക്കവണ്ണം കിട്ടിയിട്ടുണ്ടു്.

## Grow More Food Campaign.

* 348. [4] **Shri T. S. Ramaswami:** Will the Chief Minister be pleased to state:

(*a*) the amount of aid from the Central Government for the purpose of Grow More Food Campaign got by the State Government during the last three years;

(*b*) the amount spent to the taluks of Thovala, Agastiswaram, Kalkulam and Vilavancode;

(*c*) for what purpose spent in above taluks; and

(*d*) whether it will be spent for the speedy renovation of tanks in future ?

*Chief Minister* **(Shri A. J. John):**

(*a*) Rs. 41,72,000.

(*b*) Rs. 27,03,832.

(*c*) For (1) Minor Irrigation works
(2) Electric line extension
(3) Intensive manuring
(4) Paddy seed multiplication and distribution
(5) Well sinking, and
(6) Paddy crop competition.

(*d*) Yes. Tanks also will be improved.

**Mr. Speaker :** There has been sufficient discussuion about the question.

**Shri T. S. Ramaswami :** Yes. Regarding tanks I want some information.

**Shri A. J. John :** I shall read the details.

| *Year.* | *No. of Minor Irrigation works taken up.* | *No. of works completed.* | *Cost involved.* |
|---|---|---|---|
| 1949-50 | 480 | 204 | 9,80,212 |
| 50-51 | 190 | 141 | 4,04,922 |
| 51-52 | 255 | 108 | 11,28,461 |
| Total | 925 | 453 | 25,13,595 |

## *INTENSIVE MANURING.*

Under this item the amount spent in 3 years is Rs. 1,58,520-1-0.

For paddy seed multiplication and distribution(3 years)Rs. 3,571.

For sinking of wells (3 years) Rs. 7,375.

For paddy prize competition'' Rs. 1,250.

**Shri T. S. Ramaswami :** May I know whether any tanks have been renovated in S. Travancore ?

**Mr. Speaker :** About 400 tanks were repaired or made uitable for irrigation in South Travancore. If you want you can ask about any particular tank.

**Shri T. S. Ramaswami:** May I know whether any one was renovated?

**Shri A. J. John:** 937 tanks have been taken. 453 have been completed. If the hon. Member wants information regarding each and every taluk I am prepared to place the list on the table.

**Shri P. S. Nataraja Pillai:** May I know whether any tank completed in 1949 was taken up for renovation in '50-51?

**Shri A. J. John:** Every year they must be given some attention.

**Shri P. S. Nataraja Pillai:** May I know whether any tank was again recommended by departmental authorities for renovation in 1950-51 which was completed in 1949?

**Shri A. J. John:** I am not in a position to give that answer.

**Shri P. S. Nataraja Pillai:** Will the Government be pleased to verify the case? That is the way in which works are being done.

**Shri A. J. John:** Yes.

ശ്രീ. കുഞ്ഞിത്തൊമ്മൻ: കുളങ്ങളിൽ വെള്ളമില്ലാതാകുമ്പോൾ കൃഷിക്കാർ കുളം കുഴിച്ചിട്ടുള്ളതിന് തഹശീൽദാരന്മാരൊ റവന്യൂ ഉദ്യോഗസ്ഥന്മാരൊ പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥന്മാരോ കേസെടുത്തിട്ടുള്ളതായി അറിയാമോ?

## ടെക്സ്റ്റ്ബുക്കുകളുടെ വില.

*ന. ൪൯. [൫] ശ്രീ. കെ. സദാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റ്ബുക്കുകളുടെ വില ഏതെങ്കിലും ട്രഷറികളിൽ അടച്ച് രസീതുവാങ്ങുന്നതിനു മുമ്പ് ഹോൾസെയിൽ കച്ചവടക്കാർക്ക് പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഹോൾസെയിലുകാർ ചില്ലറ വില്പനക്കാർക്കു നൽകുന്ന ബില്ല് പരിശോധിച്ച അവസരത്തിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഇല്ല.

(ബി) ഇല്ല.

ശ്രീ. കെ. സദാനന്ദൻ: ഹോൾസെയിൽ കച്ചവടക്കാർ ചില്ലറ വില്പനക്കാർക്ക് കൊടുത്തിട്ടുള്ള ബില്ലുകൾ ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: പരിശോധിക്കാറുണ്ട്.

ശ്രീ. കെ. സദാനന്ദൻ: ആ അവസരത്തിൽ ഏതെങ്കിലും ക്രമക്കേട് ഗവണ്മെന്റ് കണ്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ലെന്നു നേരത്തെ ഉത്തരം പറഞ്ഞു.

ശ്രീ. കെ. സദാനന്ദൻ: ഹോംസെയിൽ കച്ചവടക്കാർ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഇതിനു മുമ്പുതന്നെ ഈ സഭയിൽ അതു പറഞ്ഞിട്ടുള്ളതാണ്. കുറെയാളുകൾ ഉണ്ടെന്നുള്ളതിൽ കവിഞ്ഞു ഇപ്പോൾ ഒരു ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. സദാനന്ദൻ: ചില്ലറ വില്പനക്കാരുടെ ബില്ല് എന്നാണു പരിശോധിച്ചതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: പല പ്രാവശ്യവും പരിശോധിച്ചിരിക്കും. അതിന്റെ തീയതി പറയാൻ സാദ്ധ്യമല്ല. പതിനാലായിരം കച്ചവടക്കാരുണ്ട്.

ശ്രീ. കെ. സദാനന്ദൻ: ഹോംസെയിൽ കച്ചവടക്കാർക്കു ബുക്കു കൊടുത്ത ദിവസവും ചില്ലറ കച്ചവടക്കാർക്കു ബുക്കു കൊടുത്ത ദിവസവും പറയാൻ സാധിക്കുമോ?

**Mr. Speaker :** The hon. Member could have put a definite question on that.

ശ്രീ. കെ. സദാനന്ദൻ: ചില്ലറ വില്പനക്കാർക്കു പുസ്തകം വിതരണം ചെയ്തതിനുശേഷം മാത്രമാണു ഹോംസെയിൽ കച്ചവടക്കാർ ട്രഷറിയിൽ പണം അടച്ചതെന്നു പറയുന്നതു ഗവണ്മെന്റ് വിശ്വസിക്കുമോ?

ശ്രീ. എ. ജെ. ജാൺ: വിശ്വസിക്കുന്നില്ല. പണം അടച്ചശേഷമാണു പുസ്തകം കൊടുക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കണക്കു പരിശോധിക്കുന്നതു ആരാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതിലേക്കു ഒരു സ്പെഷ്യലാഫീസർ ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: സ്പെഷ്യലാഫീസർ നേരിട്ടുപോയി ബില്ലുകൾ പരിശോധിക്കുകയാണോ ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജാൺ: സ്പെഷ്യലാഫീസർ എപ്പോഴും സർക്കീട്ടുചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആരുടെയെങ്കിലും കംപ്ലെയിന്റ് ഉണ്ടെങ്കിൽ അതിനെപ്പറ്റി അപ്പോഴപ്പോൾ അന്വേഷണം നടത്തിവന്നിരുന്നു.

ശ്രീ. എൻ. രാജഗോപാലൻനായർ: ഹോംസെയിൽക്കാർക്കു പുസ്തകം കടം കൊടുക്കാറുണ്ടോ?

**Mr. Speaker :** How is it practicable to say all these things without previous notice.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഹോംസെയിൽ കച്ചവടക്കാർക്കു പുസ്തകം കൊടുക്കുന്നതിനു മുമ്പു അവരിൽനിന്നും ഒരു പ്രത്യേക നിക്ഷേപം വാങ്ങിക്കാറില്ലേ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ : പണം അടച്ചവർക്ക പുസ്തകം കൊടുക്കുന്നതിന മുമ്പായി ചില്ലറ കച്ചവടക്കാർ സാധാരണക്കാർക്ക പുസ്തകം വിററിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി.

*൩൫൦. [൬] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ?

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഇതിനകം എത്ര രൂപ പിരിഞ്ഞിട്ടുണ്ട്;

(ബി) ഇതിൽനിന്ന ഏതെല്ലാം താലൂക്കിലേക്ക് എത്ര രൂപവീതം നീക്കിവച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൨൩-൨-൫൩ വരെ പിരിഞ്ഞിട്ടുള്ള തുക രൂ. ൧,൯൧,൬൫൦-൧൦-൧൧.

| | | | |
|---|---|---|---|
| (ബി) | അമ്പലപ്പുഴ | ൩൨,൦൦൦ | രൂപ. |
| | ചേർത്തല | ൪൧,൦൦൦ | ,, |
| | ചിറയിൻകീഴ് | ൧൩,൦൦൦ | ,, |
| | കൊല്ലം | ൧൧,൦൦൦ | ,, |
| | കരുനാഗപ്പള്ളി | ൧൧,൦൦൦ | ,, |
| | കാർത്തികപ്പള്ളി | ൭,൦൦൦ | ,, |
| | വൈക്കം | ൬,൦൦൦ | ,, |
| | പറവൂർ | ൧൫,൦൦൦ | ,, |
| | കൽക്കുളം | ൩,൦൦൦ | ,, |
| | തിരുവനന്തപുരം | ൮,൦൦൦ | ,, |
| | കൊച്ചി—കണയന്നൂർ | ൪,൦൦൦ | ,, |
| | കോട്ടയം | ൧,൬൦൦ | ,, |
| | കൊടുങ്ങല്ലൂർ | ൩,൦൦൦ | ,, |
| | തൃശ്ശൂർ | ൩,൦൦൦ | ,, |
| | ചിററൂർ | ൩,൦൦൦ | ,, |
| | ആകെ | ൧,൬൧,൬൦൦ | ,, |

ശ്രീ. ആർ. ഗംഗാധരൻ : ഈ അനുവദിച്ചിട്ടുള്ള സംഖ്യകൾ ഫണ്ട് പിരിച്ച അവസരത്തിൽ അനുവദിച്ചതാണോ അതല്ലാ ഇപ്പോൾ ചെലവാക്കുന്നതിന അനുവദിച്ചതാണോ?

ശ്രീ. എ. ജെ. ജാൺ : എല്ലാം ഉണ്ട്. ഓരോ പ്രാവശ്യവും ആവശ്യമുള്ള തുകകൾ അനുവദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിലേക്ക ഒരു കമ്മിററിയും ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ആദ്യംമുതൽ ഓരോ തവണയായി അനുവദിച്ചതിന്റെ ആകെ തുകയാണോ പറഞ്ഞിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അതെ.

ശ്രീ. ആർ. ഗംഗാധരൻ: ഓരോ താലൂക്കിലേയ്ക്കും തുക അനുവദിക്കുന്നതു ആ താലൂക്കുകളിലുള്ള തൊഴിലാളികളുടെ സംഖ്യയെ അടിസ്ഥാനമാക്കിയാണോ?

ശ്രീ. എ. ജെ. ജാൺ: മററു കാര്യങ്ങളോടൊപ്പം അതും നോക്കും. അതാതു താലൂക്കിലുള്ള സ്കൂൾ കുട്ടികൾക്കു ഉച്ചഭക്ഷണം കൊടുക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നതു്. അധികം തൊഴിലാളികൾ ഉള്ള താലൂക്കുകളിൽ കൂടുതൽ തുക അനുവദിച്ചിട്ടുള്ളതായി കാണാം.

ശ്രീ. ആർ. ഗംഗാധരൻ: അങ്ങനെയാണെങ്കിൽ ചിറയിൻകീഴ് താലൂക്കിലേയ്ക്കു താരതമ്യേന കുറഞ്ഞ ഒരു തുക അനുവദിക്കാനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: അവിടെ അമ്പലപ്പുഴ–ചേർത്തലപോലെയുള്ള ക്ഷാമം ഇല്ലെന്നു തോന്നിയതുകൊണ്ടാണു തുക കുറഞ്ഞിട്ടുള്ളതു്. പിരിഞ്ഞിട്ടുള്ള തുക എല്ലാ സ്ഥലത്തുമായി വിതരണം ചെയ്യുകയാണ് ചെയ്തതു്.

ശ്രീ. ആർ. ഗംഗാധരൻ: ചിറയിൻകീഴ് താലൂക്കിലുള്ള കയററു തൊഴിലാളികളുടെ അവസ്ഥയെ പരിഗണിക്കുമ്പോൾ ആ താലൂക്കിലേയ്ക്കു അനുവദിച്ചിട്ടുള്ള തുക കുറവാണെന്നു കാണാം. അതിനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: പിരിഞ്ഞുകിട്ടിയ തുക ഓരോ സ്ഥലത്തും ഇത്ര വീതം കൊടുക്കണമെന്നു കമ്മിററിക്കു ബോദ്ധ്യം വന്നതു അനുസരിച്ചു വിതരണം ചെയ്യുകയാണു ചെയ്തിട്ടുള്ളതു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ ഫണ്ടിലേക്കു ഇപ്പോഴും സംഭാവന പിരിഞ്ഞു കിട്ടുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്. ഇപ്പോൾ എല്ലാംകൂടി രണ്ടുലക്ഷത്തിൽ കൂടുതലായിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ ഫണ്ടിലേയ്ക്കു് സംഭാവനകൾ ആദ്യത്തെപോലെതന്നെ ഇനിയും തുടർന്നുകിട്ടുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ. അങ്ങനെയൊന്നും ഉദ്ദേശിക്കുന്നില്ല. കിട്ടുന്നതു വാങ്ങണമെന്നാണു വിചാരിക്കുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: ഫണ്ടിലെ തുക കുറയുമ്പോൾ നൽകുന്ന സഹായവും കുറയുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ഒന്നും ആലോചിച്ചിട്ടില്ല, അതെല്ലാം കമ്മിററി ആലോചിക്കേണ്ടതാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കമ്മിററിയിൽ അതാതു സ്ഥലത്തെ നിയമസഭാസാമാജികന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അതാതുസ്ഥലത്തെ തഹശീൽദാരന്മാരാണ് കമ്മിററിയുടെ കൺവീനർമാർ.

ശ്രീ. പ്രാക്കുളം ഭാസി : ആദ്യത്തെ കമ്മിററിയിൽ നിയമസഭാ സാമാജികന്മാരെ ഉൾപ്പെടുത്തിരുന്നു. പിന്നീട് അവരെ കമ്മിററികളിൽ ചേർക്കാതെയിരുന്നതു ഇടതുപക്ഷക്കാരായതുകൊണ്ടാണോ?

ശ്രീ. ജെ. ജാൺ : ഫണ്ട് സംബന്ധമായി രൂപീകരിച്ച കമ്മിററിയിൽ ഉണ്ടായിരുന്നവരെല്ലാം ഇപ്പോഴും ഉണ്ട്. അവരെ ആരെയും പിരിച്ചു അയച്ചിട്ടില്ല. ചില താലൂക്കുകളിൽ നിയമസഭാ മെംബറന്മാരെ ഉൾപ്പെടുത്തിയും കമ്മിററി ഉണ്ടാക്കിയിരിക്കാം. ഏതായാലും ഇതുവരെ കമ്മിററിമെംബറന്മാർ ആരെയും പിരിച്ച് അയച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഈ കമ്മിററി രൂപീകരിച്ചതിന്റെ ചുമതല ആർക്കായിരുന്നു?

ശ്രീ. എ. ജെ. ജാൺ : മുഖ്യമന്ത്രി മററ മന്ത്രിമാരുമായി ആലോചിച്ചാണ് ചെയ്തതു്.

ശ്രീ. പ്രാക്കുളം ഭാസി : നിയമസഭാ സാമാജികന്മാരെ കമ്മിററിയിൽ ഉൾപ്പെടുത്തേണ്ടെന്നു തീരുമാനിച്ചിരുന്നോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ തീരുമാനിച്ചിരുന്നില്ല. ചില സ്ഥലങ്ങളിൽ നിയമസഭാ സാമാജികന്മാരും കമ്മിററിയിലുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ചില സ്ഥലങ്ങളിൽ കാൺഗ്രസ്സുകാർ മാത്രമെ കമ്മിററിയിൽ ഉള്ളുവെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെയും വന്നിരിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : മുഖ്യമന്ത്രി ചേർത്തലവന്നു ഒരു റിലീഫ് കമ്മിററി സംഘടിപ്പിച്ചപ്പോൾ ഞങ്ങളെയെല്ലാം അതിൽ ഉൾപ്പെടുത്തിയില്ലേ?

ശ്രീ. എ. ജെ. ജാൺ : അവിടെ സ്കൂൾ കുട്ടികൾക്കു ഉച്ചഭക്ഷണം കൊടുക്കുന്നതിനു ഒരു കമ്മിററി ഉണ്ടാക്കിയിരുന്നു. ആ കമ്മിററിയാണ് ബഹുമാനപ്പെട്ട മെംബർ ഇപ്പോൾ പ്രസ്താവിച്ച കമ്മിററി. അന്നു മുഖ്യമന്ത്രിയുടെ ഫണ്ട് ഇല്ലായിരുന്നു. അതിനു ശേഷമാണ് ഫണ്ട് തുടങ്ങിയതു്.

ശ്രീമതി കെ. ആർ. ഗൗരി : ഒരുലക്ഷത്തി മുപ്പതിനായിരം രൂപ കഞ്ഞികൊടുക്കുന്ന വകയ്ക്കു ചെലവാക്കിയെന്നു ബഡ്ജററ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജാൺ : അതു ശരിയായിരിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : അന്നു രൂപീകരിച്ച കമ്മിററി കഞ്ഞി കൊടുക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയതാണെന്നു പറയുകയുണ്ടായി. ആ കമ്മിററിയിലുള്ള മെംബറന്മാരെ പിന്നെയുണ്ടാക്കിയ കമ്മിററിയിൽനിന്നും മാററാനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ : ചേർത്തല മുഖ്യമന്ത്രി വന്നയവസരത്തിൽ മുഖ്യമന്ത്രിയുടെ ഫണ്ട് തുടങ്ങിയിട്ടില്ലായിരുന്നു. അതിനുശേഷമാണു ഫണ്ടു ശേഖരിക്കുന്നതിനു തീരുമാനിക്കുകയും അതനുസരിച്ചു ഓരോ താലൂക്കിലും കമ്മിററി ഉണ്ടാക്കുകയും ചെയ്തതു്.

ശ്രീമതി കെ. ആർ. ഗൗരി : ആ കമ്മിററി രണ്ടാമതു പുനഃസംഘടിപ്പിച്ചില്ലേ? അപ്പോൾ ആദ്യത്തെ കമ്മിററിയിലുള്ളവരെ എടുക്കാതെയിരിക്കുവാൻ കാരണമെന്താണു്?

ശ്രീ. എ. ജെ. ജാൺ : പുനഃസംഘടിപ്പിച്ചില്ല. ഒരു കമ്മിററിയെ പുതുതായി രൂപീകരിക്കുകയായിരുന്നു ചെയ്തതു്.

ശ്രീമതി കെ. ആർ. ഗൗരി : ബാക്കിയുള്ള തുകകൾ എന്തിനുവേണ്ടിയാണു മുടക്കിയിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : അമ്പലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങളിൽ വീടുമേയാതിരുന്നവരുടെ വീടു മേഞ്ഞുകൊടുക്കുന്നതിനു ചെലവുചെയ്തു. പല സ്ഥലങ്ങളിലും അഴുക്കതൊണ്ടു വാങ്ങി ഓരോ കുടുംബങ്ങൾക്കും കൊടുത്തു. വസ്ത്രങ്ങളും കൊടുത്തിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : ഈ ഫണ്ടിൽനിന്നു ചേർത്തല എത്ര പുര മേഞ്ഞുകൊടുത്തിട്ടുണ്ടു്?

ശ്രീ. എ. ജെ. ജാൺ : അതിപ്പോൾ തീർച്ചപറയാൻ നിവൃത്തിയില്ല. പത്തുനൂറു പുര മേഞ്ഞുകൊടുത്തിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : തൊണ്ടു വാങ്ങികൊടുത്തതു ഏതടിസ്ഥാനത്തിലായിരുന്നുവെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : ഓരോ കുടുംബത്തിന്റെയും ആവശ്യം നോക്കി കമ്മിററിക്കാർ നിശ്ചയിക്കുന്ന റേറനുസരിച്ചു് കൊടുക്കുകയാണു ചെയ്തതു്.

ശ്രീമതി കെ. ആർ. ഗൗരി : ഫണ്ടിൽനിന്നു സഹായം അർഹിക്കുന്നവരുടെ ഒരു ലിസ്റ്റ് കമ്മിററിയുടെ പക്കലുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ലോക്കൽ കമ്മിററിക്കു അങ്ങനെയൊരു ലിസ്ററുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : ആ ലിസ്ററപ്രകാരമല്ല കാൺഗ്രസ്സു കമ്മിററിയ്ക്കു ഇഷ്ടമുള്ള ആളുകൾക്കാണു പണംകൊടുത്തും മററും സഹായം ചെയ്തിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ : ദുരിതാശ്വാസഫണ്ടിനു ഒരു കേന്ദ്രകമ്മിററിയുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ ; ഇടതുപക്ഷ പാർട്ടിയിൽപ്പെട്ട എതെങ്കിലും അംഗം ആ കമ്മിററിയിലുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതെനിക്ക നിശ്ചയമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: നിയമസഭയിലെ ഏററവും പ്രധാനപ്പെട്ട പ്രതിപക്ഷകക്ഷിയിലെ ഏതെങ്കിലും അംഗം കേന്ദ്രക്കമ്മിററിയിൽ അംഗമാണോ?

ശ്രീ. എ. ജെ. ജാൺ: അതു നോക്കിയേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൊടുങ്ങല്ലൂരിൽനിന്നും തെരഞ്ഞെടുത്ത അംഗം മരിച്ചുപോയിട്ടു പത്തുകൊല്ലത്തിലധികമായെന്നറിയാമോ?

**Mr. Speaker:** I am afraid it is a frivolous question.

ശ്രീ. പി. വി. അവിരാതരകൻ: ഈ ഫണ്ടിലേക്ക സംഭാവന കൾ ചെയ്യുന്നതു പണമായിട്ടാണോ, വല്ല സാധനങ്ങളുമായിട്ടാണോ?

ശ്രീ. എ. ജെ. ജാൺ: പണമായിട്ടാണ്.

ശ്രീ. പി. വി. അവിരാതരകൻ: പല താലൂക്കുകളിലേയും റവന്യൂ ഉദ്യോഗസ്ഥന്മാർ, അതായതു് തഹശീൽദാർ, മജിസ്ട്രേട്ട് മുതലായവർ ഈ ഫണ്ടിനു കളക്ഷനുവേണ്ടി നടക്കുന്നതായിട്ടറിയാമോ?

ശ്രീ. എ. ജെ. ജാൺ: നടന്നിട്ടുണ്ടാകും. സാധുക്കളെ സഹായിക്കുവാനുള്ള കാര്യങ്ങൾക്കായി തഹശീൽദാരോ, മജിസ്ട്രേട്ടോ പോവുകയാണെങ്കിൽ അതു് ശിക്ഷാർഹമാണെന്നു പറഞ്ഞുകൂടാ.

ശ്രീ. പി. വി. അവിരാതരകൻ: പല കേസുകളിലേയും പ്രതികളോട് ഇവർ പണം പിരിച്ചിട്ടുള്ളതായി അറിയാമോ? അതായതു് കേസിനുവേണ്ടി കോടതിയിൽ ഹാജരാകുന്നസമയം അവിടെ വച്ചുതന്നെ പണം പിരിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിയാവുന്ന വിവരങ്ങളെല്ലാം ഞാൻ ഇവിടെ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഇതിലേക്ക ഗവണ്മെൻറ് രൂപീകരിച്ചിട്ടുള്ള കമ്മിററിയിൽ ഞങ്ങളുടെ കക്ഷിയിൽനിന്നും ആരെയും എടുത്തിട്ടില്ലെന്നു മാത്രമല്ല, ഞങ്ങളോട് സംഭാവന പോലും ചോദിച്ചിട്ടില്ലെന്നറിയാമോ?

**Mr. Speaker:** Does the hon. Member want to forward that amount now? (*Laughter*)

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതിലേക്ക ഗവണ്മെൻറുദ്യോഗസ്ഥന്മാർ പണപ്പിരിവു നടത്തി ആ പണം കാൺഗ്രസ്സ് പാർട്ടിയുടെ ആവശ്യങ്ങൾക്ക ചിലവുചെയ്യു വരുന്നു എന്നു പരാതികൾ വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: യാതൊരു പരാതിയും കിട്ടിയിട്ടില്ല. മാത്രവുമല്ല അതു് അടിസ്ഥാനരഹിതവുമാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കോൺഗ്രസ്സിൻെറ ഒരു പ്രചരണ യന്ത്രമായിട്ടാണ് ഈ കമ്മിററി പ്രവർത്തനം നടത്തുന്നതെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജാൺ: ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ അസംബ്ലിയിലെ മെംബറന്മർ ഇതിനെപ്പററി പരാതിപ്പെട്ടാൽ അന്വേഷണം നടത്തുമോ?

**Mr. Speaker**: That is a hypothetical question. It is disallowed.

ശ്രീ. ആർ. കേശവപിള്ള: നല്ല കാര്യങ്ങൾ നടത്തുന്നതിന് ഇത്ര വളരെ എതിർപ്പുണ്ടെങ്കിൽ അതു നിവൃത്തിക്കേണ്ടതല്ലയോ?

**Mr. Speaker:** That is another aspect of the question.

## Indian Registration Act.

*351. [7] **Shri Chengarappalli P. Narayanan Potti:** Will the Minister for Revenue and Registration be pleased to state:

(*a*) has it come to the notice of this Government that after the Indian Registration Act was applied to this State, greater difficulties are being experienced by parties in the matter of getting their documents registered in time;

(*b*) is it a fact that most of the Sub-Registrars in the State are at a loss to find out the exact extent and application of the Act; and

(*c*) will the Government consider some method to see that the process of preparation and registration of documents are simplified to a minimum ?

*Minister for Revenue* (**Shri A. Chidambaranatha Nadar**) : (*a*) It has not come to the notice of the Goverment that after the Indian Registration Act was applied to this State, greater difficulties are being experienced by parties in the matter of getting their documents registered in time.

(*b*) No.

(*c*) The process now applied is working smoothly. If any improvements are suggested, Government are prepared to consider them.

**Shri Chengarapalli P. Narayanan Potti :** May I know whether the Government know that the Sub-Registrars are ordinnarily invested with high discretionary powers in the matter of accepting or refusing to accept documents?

**Shri A. Chidambaranatha Nadar:** No.

## ഹോസ്റ്റൽ ഫീസ്

* ൩൧൬. [വ്യ] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സമയം മറുപടി നൽകുമോ:

൧൧൨൭-൨൮ വർഷത്തിൽ യൂണിവേഴ്സിററി ഹോസ്റ്റൽഫീസു വർദ്ധിപ്പിച്ചുവോ; ൧൧൨൬-൨൭-ലെ ഫീസെന്തായിരുന്നു; ഫീസു വർദ്ധിപ്പിക്കുവാനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

൧൧൨൬-൨൭-ൽ യൂണിവേഴ്സിററി ഹോസ്റ്റൽ ഫീസു വർദ്ധിപ്പിച്ചു.

| | |
|---|---|
| ൧൧൨൬-൨൭-ൽ മുറി വാടക | ൩ രൂ. |
| എസ്റ്റാബ്ലിഷുമെൻറ് | ൫ രൂ. |
| അഡ്മിഷൻ ഫീസ് | ൨ രൂ. |

വെള്ളത്തിനും ലൈററിനും ചെലവാകുന്ന മൊത്തത്തുക ഹോസ്റ്റലിലെ വിദ്യാർത്ഥികൾ എല്ലാപേരും സമമായി വീതിച്ച് കൊടുത്തിരുന്നു.

ഹോസ്റ്റൽ എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജ് പ്രതിവർഷം ൩൬,൭൦൦ രൂപയാണ്. ഇതിന്റെ ഒരംശമെങ്കിലും വിദ്യാർത്ഥികളിൽനിന്നും ഈടാക്കേണ്ടതു ആവശ്യമാണെന്നു തോന്നുകയാൽ ഹോസ്റ്റൽഫീസ് വർദ്ധിപ്പിക്കുവാൻ ഇടയായി. ഈ വർദ്ധിപ്പിച്ച നിരക്കും തിരുവനന്തപുരത്തെ സാധാരണരീതിയിൽ കുറവാണ്.

ശ്രീ. കെ. കുട്ടപ്പൻ: ഈ വർദ്ധിപ്പിച്ച ഫീസ് കുറച്ചു കിട്ടണമെന്ന് വിദ്യാർത്ഥികളോ അവരുടെ രക്ഷകർത്താക്കളോ അപേക്ഷിച്ചിട്ടുണ്ടോ?

**Mr. Speaker**: The very same question has been put and answered in this House and the very same supplementary questions were also put and answered. Fresh supplementaries may well be put

ശ്രീ. കെ. കുട്ടപ്പൻ: റെൻറ് കൂട്ടുന്നതിന് റെൻറ് കൺട്രോൾ ആക്ററ് അനുസരിച്ച് എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: റെൻറ്കൺട്രോൾ ആക്ററ് ഇതിനു അപ്ലൈചെയ്യുകയില്ല.

ശ്രീ. കെ. കുട്ടപ്പൻ: ആകെക്കൂടെങ്കിലും ഈ കൂട്ടിയ ഫീസ് തിരിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കഴിഞ്ഞ കൊല്ലത്തിന്റെ മദ്ധ്യത്തിലാണ് ഇങ്ങനെ ഫീസ് വർദ്ധിപ്പിച്ചതു്. അപ്പോൾ ചിലർ ഫീസു കുറയ്ക്കണമെന്നു അപേക്ഷിക്കുകയും, യൂണിവേഴ്സിററി അധികൃതന്മാർ ആലോചിച്ചപ്പോൾ, വർഷത്തിന്റെ മദ്ധ്യത്തിൽ ആയതുകൊണ്ടു തിരിച്ചുകൊടുക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് തിരിച്ചുകൊടുക്കുകയും

ചെയ്തിട്ടുണ്ട്. അതിനുശേഷം ഫീസു വർദ്ധിപ്പിച്ചിട്ടുള്ള വിവരം പരസ്യപ്പെടുത്തുകയും കാളേജു തുറന്നപ്പോൾ ഈ ഫീസു കൊടുക്കാമെന്നു വിദ്യാർത്ഥികളും രക്ഷകർത്താക്കളുംകൂടിച്ചേർന്നു ഒരു സ്റ്റേറ്റുമെൻറു എഴുതിക്കൊടുക്കുകയും ചെയ്തതിനുശേഷമാണ് ഇപ്രകാരം ഫീസു ഈടാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: എക്സ്ട്രോർഡിനറി ചിലവുകൂടിയുണ്ടെന്നു പറഞ്ഞുവല്ലോ, അതെന്താണ്?

**Mr. Speaker:** It is not "extraordinary" charges; It is "establishment" charges.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ മുറിയുടെ വാടക കൂട്ടിയിട്ടുണ്ടെന്നു പറഞ്ഞു. മുൻപു ഒരു മുറിയിൽ രണ്ടുകുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ മൂന്നു കുട്ടികൾ വീതം ഇല്ലേ? പിന്നെ വാടക വർദ്ധിപ്പിച്ചതെന്തിനാണ്?

ശ്രീ. എ. ജെ. ജാൺ: കുട്ടികളും അവരുടെ രക്ഷകർത്താക്കളുംകൂടിച്ചേർന്നു സ്റ്റേറ്റുമെൻറു എഴുതി ഒപ്പിട്ടുകൊടുത്തതിനുശേഷമാണു കൂട്ടിയിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ എത്ര രൂപയാണു കൂട്ടിയിട്ടുള്ളത്?

ശ്രീ. എ. ജെ. ജാൺ: ഫൻ ഒ ഫ– ഒവ–ൽ ആറു രൂപയായിരുന്നു, ഇപ്പോൾ അതു ഏഴു രൂപയാക്കിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: കുട്ടികളും രക്ഷകർത്താക്കളുംകൂടി സ്റ്റേറ്റുമെൻറു എഴുതിത്തന്നതിനു ഒരു ശിക്ഷയായിട്ടാണോ ഇങ്ങനെ ഫീസു കൂട്ടിയത്?

ശ്രീ. എ. ജെ. ജാൺ: ശിക്ഷ എന്നു പറഞ്ഞതിൻെറ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

## Kandukrishi Lands.

*353. [9] **Shri A. Kunjan Nadar:** Will the Minister for Land Revenue be pleased to state:

(*a*) whether Kandukrishi land is now Government land;

(*b*) whether any money is paid or being paid to the Crown by the Government; and

(*c*) if so, what is the nature of the payment and the amount paid?

*Minister for Revenue* **(Shri A. Chidambaranatha Nadar):**

(*a*) Yes.

(*b*) No money is paid or being paid as compensation for the surrender of kandukrishi lands.

(c) Does not arise..

ശ്രീ. എ. കുഞ്ഞൻനാടാർ: കാമ്പൻസേഷൻ അല്ലാതെ ഈ ഗവൺമെൻറ് എന്തെങ്കിലും പണം കൊടുക്കുന്നുണ്ടോ?

**Shri A. Chidambaranatha Nadar:** Money is not paid, but 4,000 paras of paddy and 100 paras of gnavara rice, and 1 paras of "Oora" rice are being supplied to them.

ശ്രീ. എ. കുഞ്ഞൻനാടാർ: അതു് എന്തിനായിട്ടാണു് കൊടുക്കുന്നതു്?

**Shri A. Chidambaranatha Nadar:** It is being supplied free of compensation.

ശ്രീ. എ. കുഞ്ഞൻനാടാർ: അതായതു് പാട്ടമായിട്ടാണോ, മിച്ചവാരമായിട്ടാണോ കൊടുക്കുന്നതു് എന്നാണു് ഞാൻ ചോദിച്ചതു്.

(No answer.)

ശ്രീ. എ. കുഞ്ഞൻ നാടാർ: അങ്ങിനെ കൊടുക്കണമെന്നു വ്യവസ്ഥ വല്ലതുമുണ്ടോ?

**Shri A. Chidambaranatha Nadar:** The rules governing this have not yet been finalized.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ വസ്തുക്കളിലുള്ള പ്രൊപ്രൈറ്ററി റൈററ്സ് മുഴുവനും ഗവൺമെൻറിനാണോ?

**Mr. Speaker:** The answer says that now kandukrishi lands are Government lands. Therefore, is it the intention of the hon. Member to put supplementary questions and elicit information whether kandukrishi lands are somthing else?

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ബില്ല് എങ്ങിനെയാണു് ഗവൺമെൻറ് സ്വീകരിക്കുന്നതു്? എന്തടിസ്ഥാനത്തിലാണെന്നാണു്.

**Mr. Speaker:** From the cultivators. **(Laguhter)**

**Shri P. S. Nataraja Pillai:** The answer to part (a) of the question is 'yes'. May I know whether any taxation in kind is enforced on these lands?

**Shri A. Chidambaranatha Nadar:** At present we collect tax in kind from the lands in question.

**Shri P. S. Nataraja Pillai:** Then may I know under what provisions of law tax is collected on Government land?

**Shri A. J. John:** Under the original agreement already entered into, that is being done.

**Shri P. S. Nataraja Pillai:** Am I to understand then that the holders of Kandukrishi lands are the lease holders?

**Shri A. J. John :** That matter has not been finalised by Government.

**Shri P. S. Nataraja Pillai:** May I know then, when the land is acquired by Government, who gets the land compensation for that?

**Shri A. J. John:** Government have not decided that question yet.

**Shri P. S. Nataraja Pillai:** So far as the lands acquired by Government are concerned, may I know who gets that compensation under the law existing today?

**Shri A. J. John:** I am not quite sure on that point. As said Government have not yet finalised the matter.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കണ്ടുകൃഷിലാൻഡ് ഗവണ്മെൻറിലേക്കു വിട്ടുകൊടുത്തതിനു കാമ്പൻസേഷൻ കൊടുത്തിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

**Mr. Speaker :** The Minister has said already that the point has not been finalised.

**Shri E. Gopalakrishna Menon :** It was answered by Government at one time that somewhere near two lakhs of rupees have been awarded as compensation and now we hear a different answer. How are we to reconcile that position?

ശ്രീ. ഏ. ജെ. ജാൺ: രണ്ടുലക്ഷം രൂപാ അതിനു കാമ്പൻസേഷൻ വകയ്ക്കായി ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഇനിയും ഏതെങ്കിലും തുക കാമ്പൻസേഷനായി കൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. ഏ. താണുപിള്ള : ആകെ രണ്ടുലക്ഷം രൂപാ മാത്രമാണോ കാമ്പൻസേഷനായി കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതു്, അതോ ആണ്ടുതോറും രണ്ടുലക്ഷം രൂപാ കൊടുക്കണമെന്നാണോ തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. ഏ. ജെ. ജാൺ : ആണ്ടുതോറും രണ്ടുലക്ഷം രൂപാ.

ശ്രീ. ഏ. താണുപിള്ള : അതിനുംപുറമെയാണോ നെല്ലും കൊടുക്കുന്നതു്?

ശ്രീ. ഏ. ജെ. ജാൺ : അതേ.

ശ്രീ. ഏ. താണുപിള്ള : ഗവണ്മെൻറിലേക്കു വിട്ടുകിട്ടീട്ടുള്ള ലാൻറിൻെറ അവകാശമായിട്ടാണോ ഇത്രയും കൊടുക്കുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: അതേ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇങ്ങനെ കൊടുക്കേണ്ടതു എത്ര വർഷത്തേക്ക് അല്ലെങ്കിൽ എത്ര നാളത്തേക്കാണ്?

ശ്രീ. എ. ജെ. ജാൺ: അതിനു വ്യവസ്ഥ ഒന്നുമില്ല.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: ഈ രണ്ടു ലക്ഷം രൂപാ കമ്പെൻസേഷൻ കൊടുക്കുന്നതു് ആദായത്തിൻെറ കണക്കുമായിട്ടു എങ്ങനെ പൊരുത്തപ്പെടുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ കിട്ടാവുന്ന ആദായത്തിൻെറ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: ഈ രണ്ടു ലക്ഷം രൂപാ കമ്പെൻസേഷൻ കൊടുക്കുന്നതു എന്തിനാണ്?

ശ്രീ. എ. ജെ. ജാൺ: കണ്ടുകൃഷി ലാൻറു മുഴുവനും മഹാരാജാവിൻെറ കൈവശമിരിക്കുകയായിരുന്നു. അതിൻെറ ആദായം മുഴുവനും മഹാരാജാവുതന്നെ വാങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ആ ഭൂമികൾ ഗവണ്മെൻറിലേക്കെടുത്തപ്പോൾ പാട്ടത്തിൻെറ ഒരു ഭാഗം മഹാരാജാവിനു കൊടുക്കണമെന്നു ഗവണ്മെൻറു തീരുമാനിച്ചതാണ്.

ശ്രീ. ജെ. രാഘവൻപിള്ള: ഇങ്ങനെ കാമ്പൻസേഷനായി എന്തു തുക വരുമെന്നാണു കണക്കാക്കിയിരിക്കുന്നതു്?

ശ്രീ. എ. ചിദംബരനാഥനാടാർ: ൩,൭൦,൭൭൫-൧൪-൧.

ശ്രീ. ജെ. രാഘവൻപിള്ള: അതു എത്ര ഏക്കർ ഭൂമിക്കു വേണ്ടിയാണ്?

ശ്രീ. എ. ചിദംബരനാഥനാടാർ: ൧൯,൦൦൦-ൽ ചില്വാനം ഏക്കർ.

## Municipal Elections.

✻354. [10] **Shri K. Sattanatha Karayalar**: Will the Minister for Local Self Government be pleased to State:

(*a*) whether the Government have received complaints regarding foul practices in the municipal elections; and

(*b*) if so, what steps are taken to rectify them?

*Minister for Local Self Government* **(Shri K. Kochukuttan)**:

(*a*) No;

(*b*) In view of answer to part (a) the question does not arise.

**Shri K. Sattanatha Karayalar**: May I know whether any complaint has been received by Government?

**Shri K. Kochukuttan**: That is exactly what I said. No complaint has been received by Government from any municipality.

## Failure of crops.

*355. [12] **Shri A. Samraj:** Will the Minister for Revenue be pleased to state the area of paddy fields in South Travancore in which total failure of crops occurred during the last season according to the departmental enquiry ?

*Chief Minister* **(Shri A. J. John) :** The report from the Revenue Board is to the effect that 7063 acres were badly affected by droughts.

**Shri T. S. Ramaswami :** On a previous occasion there was a different answer from Government on this matter. Originally it was said that 200 acres were very badly affected, then it came to 7 thousand acres or so, then again 8 thousand acres or near about, then again the answer was being prepared and so on, and now the prepared answer is a different one. My point is whether this answer at least is correct or not.

**Shri A. J. John :** That is the report of the Revenue Board.

**Shri T. S. Ramaswami :** Will this answer change ?

**Shri A. J. John :** The information has been given in the House.

**Shri T. S. Ramaswami :** May I know then whether water cess concession was given to these 7 thousand acres ?

**Shri A. J. John :** Orders of Government were to grant remission in cases of total failure of crops and not for partial failure. Whether there was a complete failure is not known.

**Shri T. S. Ramaswami :** Can I take it that these 7 thousand acres were totally affected ?

**Mr. Speaker :** The answer is that the lands were badly affected.

**Shri T. S. Ramaswami :** That is the very reason why I put the question whether there is any indication of total failure of crops.

**Shri A. J. John :** On that the report is that only two hundred acres have been totally affected.

**Shri T. S. Ramaswami :** But the question enquires about the area of paddy fields in which total failure of crops occurred during the last season. What is the 200 acres referred to ?

**Mr. Speaker :** It relates to total failure.

**Shri T. S. Ramaswami :** My question was about the area of paddy fields in South Travancore in which total failure of crops occurred during the last season and the answer given was........

**Mr. Speaker :** Does it follow that you do not want the 7,000 acres given as answer ?

**Shri T. S. Ramaswami :** I want to know the exact figure. I want to know whether the 7,000 acres were affected ?

**Shri A. J. John :** The report from the Board of Revenue says that 7,000 acres were badly affected. But the total failure refers to 200 acres only. If the hon. Member challenges that statement Government will make further enquiries in the matter.

**Shri T. S. Ramaswami :** Will the Government expedite the enquiry ?

**Shri A. J. John :** Yes.

**Shri T. S. Ramaswami :** Not only that but they should come to aconclusion. Will they do it ?

**Shri A. J. John :** Yes.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ വിളവുണക്കമൂലം പ്രൊക്യൂവർ ചെയ്യേണ്ടതായ എത്ര പറ ഗവണ്മെന്റിനു നഷ്ടപ്പെട്ടിട്ടുണ്ടു്?

ശ്രീ. എ. ജെ. ജാൺ: ൩,൧൦,൦൦൦ പറ നെല്ലു കുറച്ചേ പ്രൊക്യൂവർ ചെയ്യാൻ സാധിച്ചിട്ടുള്ളു.

## Drought in South Travancore.

*356. [13] **Shri A. Samraj :** Will the Chief Minister be pleased to state :

(*a*) the areas most affected by drought conditions during last season in South Travancore ; and

(*b*) measures taken by Government to relieve distress, unemployment and hunger in those areas ?

*Chief Minister* **(Shri A. J. John) :**

(*a*) Answer to part (a) of the question is the same as given to Q. 355 just now answered;

(*b*) A statement showing the relief measures taken by Government is laid on the table.† It is a long one; if the member is desirous of hearing it, I shall read it.

**Mr. Speaker :** It is enough if the statement is placed on the table.

---

† Please see Appendix I.

ശ്രീ. എ. കുഞ്ഞൻനാടാർ : ചോദ്യം ഫന–ൽ "വഴ്സ്റ്റ് അഫക്ടഡ് ഏരിയാസ്" എന്നു പറഞ്ഞിരിക്കുന്നതു ഏതു പ്രദേശത്താണെന്നു പറയാമോ?

**Mr. Speaker:** How does that arise?

**Shri A. Kunjan Nadar:** The question refers to areas and hence my point regarding the locality.

**Mr. Speaker:** That is what is intended. Probably it has to be understood like that.

**Shri A. J. John :** Yes, Sir.

ശ്രീ. എ. കുഞ്ഞൻനാടാർ : ഏതെല്ലാം പ്രദേശത്താണ് "വഴ്സ്റ്റ് അഫക്ടഡ് ഏരിയാ" എന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൺ : വിവരങ്ങൾ അന്വേഷിച്ചു പറയാം.

## Educational concessions to Anglo-Indians.

*357 [15] **Shri A. A. D. Luiz:** Will the Chief Minister be pleased to state whether the Anglo-Indians are receiving any educational concessions in this State and the exact nature of such concessions?

*Chief Minister* **(Shri A. J. John):** Yes. The Anglo - Indians are given the following educational concessions.

(*a*) Half fee concession on production of poverty certificates;

(*b*) one merit scholarship at Rs. 8 - for senior University classes and one at Rs. 6 - for junior University classes for the best Anglo-Indian student (boy or girl) in the college classes in the State ;

(*c*) One merit scholarship for boys and one for girls in the U. S. D. at Rs. 3 each ;

(*d*) One merit scholarship for boys and one for girls in the L. S. D. at Rs. 2 each;

(*e*) Half fee concession according to rank and poverty in some of the private colleges in Cochin area where concession places have been fixed.

**Shri A. A. D. Luiz:** May I ask the Minister the criterion for the granting of half fee concession?

**Shri A. J. John:** The condition is that poverty certificate has to be produced by the candidates in question.

**Shri A. A. D. Luiz:** Will the Minister be pleased to state the number of poor students who have received half fee concession during the last academic year?

**Shri A. J. John:** In colleges the number is 11 Anglo-Indians.

**Shri A. A. D. Luiz :** And in schools ?

**Shri A. J. John :** I am not in a position to say that now.

**Shri A. A. D. Luiz :** Are the Government aware that not a single poor Anglo-Indian in the Travancore area has received half fee concession during the last academic year?

**Shri A. J. John :** Under Art. 337 of the Constitution, whatever concession was granted was allowed to be continued for a period of 3 years. Perhaps in the instance referred to by the Member, there was no concession given in the Travancore area at the time the Constitution was passed.

**Shri A. A. D. Luiz :** But the concession allowed in the Cochin area was not extended to the Travancore area. Does the Minister know that?

**Shri A. J. John :** I do not quite follow.

**Shri A. A. D. Luiz :** Will the Minister be pleased to see that half fee concession is granted immediately to the poor students of the community?

**Shri A. J. John :** That will be considered.

## അമേരിക്കൻ ഇൻഫർമേഷൻ ബ്യൂറോ.

* നമ്പ്ര. [ ൧൬ ] ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിററിയിൽ അമേരിക്കൻ ഇൻഫർമേഷൻ ബ്യൂറോവിൻെറ ആഭിമുഖ്യത്തിൽ ഒരു ലൈബ്രറി നടത്തുന്നതിനു ഗവണ്മെൻറുവക ഏതെങ്കിലും കെട്ടിടം അനുവദിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു വ്യവസ്ഥയിലാണു് കെട്ടിടം കൊടുത്തിട്ടുള്ളതു്;

(സി) ആ കെട്ടിടം അതിനുമുമ്പു് എന്താവശ്യത്തിനാണു് വിനിയോഗിച്ചിരുന്നതു്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) : ഇതു ആൻസർ ചെയ്യുതാണു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : എത്രകൊല്ലം ഈ കെട്ടിടം ഗവണ്മെൻറിൻെറ കൈവശം ഇരുന്നിട്ടുണ്ടു്?

ശ്രീ. ഏ. ജെ. ജാൺ : എട്ടുപത്തു കൊല്ലം ഇരുന്നിട്ടുണ്ടെന്നാണു തോന്നുന്നതു്.

ഫീൽഡാഫീസറന്മാരുടെ എണ്ണം.

※ ൩൭൬. [൧൬] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പിന്നോക്കസമുദായോദ്ധാരണഡിപ്പാർട്ടുമെൻറിൽ എത്ര ഫീൽഡാഫീസറന്മാരുണ്ടു്;

(ബി) പട്ടികജാതിക്കാരായ ഫീൽഡാഫീസറന്മാരെത്ര;

(സി) ഫീൽഡാഫീസറന്മാരെ പബ്ലിക്കു് സർവ്വീസുകമ്മീഷൻെറ ഉപദേശമനുസരിച്ചാണോ നിയമിക്കുന്നതു്;

(ഡി) സർവ്വീസുകമ്മിഷൻെറ ഉപദേശം കൂടാതെ എത്ര ഫീൽഡാഫീസറന്മാരെ നിയമിച്ചിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൧൩

(ബി) ൧

(സി) പബ്ലിക്കു് സർവ്വീസുകമ്മീഷൻെറ ഉപദേശപ്രകാരവും നേരിട്ടും ഡിപ്പാർട്ടുമെൻറിൻെറ ശുപാർശ അനുസരിച്ചും നിയമനങ്ങൾ നടത്തുന്നുണ്ടു്.

(ഡി) ൮

ശ്രീ. എ. സാംരാജ്: ഷെഡ്യൂൾ കാസ്റ്റിൽ ഉൾപ്പെട്ട എത്ര ലേഡി വെൽഫെയർ ആഫീസറന്മാരുണ്ടു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: രണ്ടു ലേഡി വെൽഫെയർ ആഫീസറന്മാരുണ്ടു്.

ശ്രീ. എ. സാംരാജ്: ഫീൽഡ് ആഫീസറന്മാരുടെ ഇപ്പോഴത്തെ ശമ്പളമെന്താണു്?

Mr. Speaker: Order, order. That is not relevant.

ശ്രീ. എ. കെ. ചെല്ലയ്യാ: ഫീൽഡാഫീസറന്മാരായി നിയമിച്ചിട്ടുള്ളവരിൽ ചിലരെ ഷെഡ്യൂൾഡ് കാസ്റ്റിൽ പെട്ടവരാണെന്നറിയാതെയാണോ നിയമിച്ചതു്?

മി. സ്പീക്കർ: ആയിരിക്കാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ഉദ്യോഗം മിനിസ്റ്റീരിയലാണോ എക്സിക്യൂട്ടീവ് ആണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: രണ്ടുതരത്തിലും.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: ഈ പതിമൂന്നു വെൽഫെയർ ആഫീസറന്മാരുള്ളതിൽ ഒരാളെ മാത്രം പട്ടികജാതിയിൽനിന്നും നിയമിച്ചതിനു പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രത്യേക കാരണങ്ങൾ ഒന്നുമില്ല. അന്നു് നിയമനം നടത്തിയപ്പോൾ ഒരാൾ മാത്രമേ അപേക്ഷകരിൽ യോഗ്യതയുള്ളതായി കണ്ടുള്ളു.

ശ്രീ. പി. കെ. രാമചന്ദ്രദാസു്: പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകണമെന്നു ഈ അസംബ്ലിയിൽതന്നെ പട്ടികജാതിക്കാരുടെ പ്രതിനിധികൾ അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അപേക്ഷിച്ചിട്ടുണ്ടാകാം. പക്ഷേ ഇപ്പോൾ നിയമനം നടത്തേണ്ടതായ ആവശ്യമില്ല.

## WRITTEN ANSWERS

### ക്ഷാമബത്ത.

* ൩൩൦. [൨൦] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററു് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മ ക്ഷാമബത്ത നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) (ബി) പ്രൈവററു് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു് ശമ്പളംകൊടുക്കുന്ന ചുമതല മാനേജരന്മാർക്കാണു്. ഗവണ്മെൻറിൽനിന്നും ഗ്രാൻറ മാത്രമേ കൊടുക്കുന്നുള്ളു.

### വിളവുകണക്കു്.

* ൩൩൧. [൨൧] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിന മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിലെങ്ങുമുണ്ടായിരിക്കുന്ന വിളവുണക്കംകൊണ്ടുളവായ ഭീമമായ കൃഷിനാശം സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

സംസ്ഥാനത്തു് ഏതാനം സ്ഥലങ്ങളിൽ വിളവുണക്കവും, തന്മൂലം കൃഷിനാശവും ഉണ്ടായിട്ടുള്ളതായി അറിയാം.

### ദേവസ്വംബോർഡു് ആവശ്യപ്പെട്ട കൊട്ടാരങ്ങൾ.

* ൩൩൨. [൨൨] ശ്രീ. എ. എൽ. ജേക്കബ്ബു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വംബോർഡിന ചില കൊട്ടാരങ്ങൾ വിട്ടുകൊടുക്കണമെന്നായി അവർ പുറപ്പെടുവിച്ചിരുന്ന അവകാശവാദത്തെക്കുറിച്ചു തീരുമാനം എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിവരം നൽകുമോ;

(സി) ഇക്കാര്യം തീരുമാനിക്കാനായി ഒരു കമ്മററിയെ നിയമിച്ചിരുന്നോ; കമ്മിററിയുടെ ശുപാർശകൾ എന്തെല്ലാം?

മുഖ്യമന്ത്രി ശ്രീ. എ. ജെ. ജാൺ:

(എ) ഇല്ല

(ബി) എ-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. കമ്മിററിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ല.

## Libraries.

*363 [26] **Shri M. K. Mathai:** Will the Chief Minister be pleased to state:

(*a*) how many libraries are receiving grant from the Government;

(*b*) what is the amount granted under this head;

(*c*) who is responsible for the disbursement of the grant amount; and

(*d*) is there any van in this department for the purpose of publicity?

*Chief Minister* **(Shri A. J. John):**

(*a*) For 1951-52, 898 libraries were given grant. The number of libraries deserving grant varies every year.

(*b*) Rs. 83,340 were given as grant for 1951-52.

(*c*) The grants are awarded by the Government on the recommendations of the Travancore-Cochin Grandhasala Sanghom.

(*d*) No.

## അദ്ധ്യാപകരുടെ ശമ്പളപദ്ധതി.

*൩൬൪. [൨൧] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

൧൯൫൧ ഡിസംബർ ൧-ാംനു മുതൽ നടപ്പിൽ വരുത്തുമെന്ന് ഗവൺമെൻറ് പ്രൊസീഡിംഗ്സ് പാസാക്കിയ ശമ്പളപദ്ധതി എന്തുകൊണ്ട് ഇനിയും നടപ്പിലാക്കിയിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

പദ്ധതി ഭാഗികമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. തുടർന്ന് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. ഉടനെ പൂർത്തിയാകുന്നതാണ്.

### കൃഷിനാശം.

*൱൬൯. [൨൭] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പുഞ്ചനിലങ്ങളിൽ പൊതുവേയും വൈക്കം പ്രദേശങ്ങളിൽ പ്രത്യേകിച്ചും കതിർ പ്രായമായ നെൽച്ചെടികൾ ഉണങ്ങിപ്പോകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുത്തനായി നെൽകൃഷിയെ ബാധിക്കുന്ന ഈ രോഗകാരണമാരായുവാൻ ഗവണ്മെന്റ് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) വൈക്കത്തു ഏതാനും കരിനിലങ്ങളിൽ രോഗബാധയുണ്ടായി നെൽച്ചെടികൾ ഉണങ്ങിപ്പോകുന്നതായി അറിവുലഭിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ ചില ഭാഗങ്ങളിൽ പുഴശല്യമുണ്ടായതായി അറിയാം.

(ബി) അടിയന്തിര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

### സർവ്വകലാശാലാപരിഷ്കരണക്കമ്മറ്റി

*൱൬൬. [൩൦] ശ്രീ. പി. ഗോവിന്ദപ്പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ സർവ്വകലാശാല പരിഷ്കരണത്തെക്കുറിച്ചു അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ നിയമിച്ച കമ്മറ്റിയുടെ പ്രവർത്തനം തുടർന്നു നടക്കുന്നുണ്ടോ;

(ബി) അതിന്റെ സെക്രട്ടറി രാജിവച്ചു എന്നറിയുന്നതു വാസ്തവമോ; അതിനു കാരണമെന്ത്;

(സി) അതിനുപകരം ആരെ നിയമിച്ചു. ഇല്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) സെക്രട്ടറി ഇപ്പോഴും തുടരുകയാണ്.

(സി) ഉദിക്കുന്നില്ല.

## UNSTARRED QUESTIONS.

### പഞ്ചായത്തുരൂപീകരണം.

൧൨൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഒരു പഞ്ചായത്തു രൂപീകരിക്കുന്നതിനെ പറ്റി ആലോചിക്കാൻ ൨൭-൧൨-൨൮-ൽ വയ്ക്കത്തുവച്ച് പഞ്ചായത്തു ഡയറക്ടരുടെ അദ്ധ്യക്ഷതയിൽകൂടിയ ഒരു യോഗത്തിൽ ക്ഷണം ഇല്ലെന്നുള്ള

കാരണത്താൽ ശ്രീ. ആർ. ഗംഗാധരൻ എം. എൽ. എ യെ ഡയറക്ടർ സംസാരിക്കാൻ അനുവദിക്കാതിരുന്നതിനെപ്പററി ശ്രീ. ആർ. ഗംഗാധരനിൽ നിന്നും പരാതികഠം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികഠം നടത്തിട്ടുണ്ടോ ?

ഉത്തരം.

(എ) ൨൯–൧൨–൫൨-ൽ കൂടിയ യോഗത്തിൽ ക്ഷണമില്ലെന്ന കാരണത്താൽ സംസാരിക്കുവാൻ അനുവദിച്ചില്ലെന്ന പരാതി ശ്രീ. ആർ. ഗംഗാധരനിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണത്തിലിരിക്കുന്നു.

കുടിയിറക്ക്

൧൮൩: [൩]. ൨൦൩ ശ്രീ. പുരക്കളം ദാസി: താഴെ പറയുന്ന ചോദ്യങ്ങഠംക്ക് റവന്യൂവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൨ ആഗസ്റ്റ് കഴിഞ്ഞതിനു ശേഷം ചവറ നിയോജകമണ്ഡലത്തിൽ നിന്നും എത്ര കുടുംബങ്ങളെ കുടിയിറക്കി ;

(ബി) മറെറാരിടത്തും ഒരിഞ്ചുഭൂമി പോലും സ്വന്തമായില്ലാത്തവർ കുടിയിറക്കപ്പെട്ടവരിൽ എത്രപേർ ഉണ്ടെന്നു ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അന്വേഷിച്ച് വേണ്ട നടപടികഠം നടത്തുമോ ?

ഉത്തരം.

(എ) അങ്ങനെ എതെങ്കിലും കുടുംബങ്ങളെ കുടിയിറക്കിയതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വാട്ടർ സെസ്സ്.

൧൮൧. [൪] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങഠംക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വാട്ടർ സെസ്സിനത്തിൽ കുന്നത്തുനാട്ട താലൂക്കിൽ വെള്ളം രപ്പിള്ളി പകുതിയിൽ ഒരു എക്കറിന് എന്തു തുക വച്ച് ൧൧൨൪-ൽ പിരിച്ചു;

(ബി) ൧൧൨൮-ൽ ൧൧൨൪-ലെ ബാക്കിയെന്നു പറഞ്ഞ് അഞ്ചുരൂപാവീതം ഒരേക്കറിന് കൂടുതൽ പിരിച്ചിട്ടുള്ളതായി അറിയാമോ ?

ഉത്തരം.

(എ) കുന്നത്തുനാട്ടു താലൂക്കിൽ വെള്ളാരപ്പിള്ളി എന്നൊരു പകുതി (വില്ലേജ്) ഇല്ല. കൊച്ചി കണയന്നൂർ താലൂക്കിൽ വെള്ളാരപ്പിള്ളി എന്നൊരുസ്ഥലമുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയനുസരിച്ച് ഏക്കറിന് പത്തുരൂപാവീതം അവിടെ നിന്നും ൧൧൨൪-ൽ നീർവാരം പിരിച്ചു.

(ബി) ൧൧൨൪-ലെ കുടിശിഖ (മുൻബാക്കി) ഏക്കറിന് അഞ്ചുരൂപാവച്ച് ൧൧൨൫, ൧൧൨൬, ൧൧൨൭, ൧൧൨൮-ൽ പിരിച്ചെടുത്തു.

വളം

൧൮൮. [൫] ശ്രീ. സി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കുന്നത്തൂർ താലൂക്കുകാർക്ക് കൃഷിക്കുള്ള വളം ഏതു ഡിപ്പോയിൽ നിന്നാണ് കൊടുക്കുന്നത്;

(ബി) ചണം വിത്തുംകൂടി വാങ്ങുന്നവർക്കു മാത്രമേ വളം കൊടുക്കുകയുള്ളു എന്നു ഡിപ്പോ അധികാരികൾ നിബന്ധിക്കുന്നതു് ഗവണ്മെന്റ് നിർദ്ദേശപ്രകാരമാണോ?

ഉത്തരം.

(എ) താലൂക്കിലുള്ള സഹകരണസംഘങ്ങളാൽ നടത്തപ്പെടുന്ന ആറ് ഏജൻസി ഡിപ്പോയിൽ നിന്നും കൊടുത്തു വരുന്നു.

(ബി) ചണം വിത്തു (sun hemps) വളത്തോടൊന്നിച്ച് വാങ്ങണമെന്നു് നിർബന്ധിക്കുന്നില്ല. പ്രസ്തുത വിത്തു് പച്ചിലവളം ഉല്പാദിപ്പിക്കുന്നതിലേക്കായി കൃഷിഡിപ്പാർട്ടുമെന്റിൽ നിന്നും …രത്തി സൗജന്യനിരക്കിൽ ആവശ്യമുള്ള കർഷകർക്കു വിതരണം ചെയ്യുന്നു. അതു് വാങ്ങണമെന്നു് നിർബന്ധിക്കാറില്ല.

## Total Number of Documents registered.

189 (6) **Shri Chengarappalli P. Narayanan Potti:** Will the Minister for Revenue and Registration be pleased to state:

What is the total number of documents registered in the various sub-Registrars' Offices in this State:—

(i) in the year 1952;

(ii) in the month of January, 1952, and

(iii) in the month of January 1953?

Answer.

(i) 4,15,724.
(ii) 43,884.
(iii) 39,321.

## Assignment of Forest lands.

190. [7] **Shri C. Sankar:** Will the Minister for Revenue be pleased to state:

(*a*) whether any applications have been received from any individuals or organisations during the year 1952 for the allotment of some portion of land belonging to the Government timber depot at Nagercoil; and

(*b*) if so, the name of the applicant and the extent and purpose for which the land has been asked for?

### Answer.

(*a*) Yes.

(*b*) Rt. Rev. Mgr. J. M. Villavarayer, Vicar General, Bishop's House, Nagercoil, has applied for 10 cents of land from the Timber Depot yard at Vadassery for the purpose of erecting a monument in memory of St. Francis Xavier.

## Acquisition of land.

191. [8] **Shri C. Sankar:** Will the Minister for Local Self Government be pleased to state:

(*a*) whether the Government have ordered any private lands to be acquired in Agasteeswaram taluk for the purpose of constructing houses for the houseless people; and

(*b*) if so the extent and nature of land as well as the name and address of the owner of the same from whom the land has been ordered to be acquired?

### Answer.

(*a*) Yes.

(*b*) (1) 2.38 acres of dry land in S. No. 10175 of the Neendakara B Pakuthy from Shri Ponpandian Nadar, Chattuvamthope, Rajakkamangalam.

(2) 3.78 cents of dry land in S. No. 10174 of Neendakara B Pakuthy from Shri A. Narayana Perumal Nadar and his brother of Rajakkamangalam.

## Advertisement tax.

192. [9] **Shri K. Sattanatha Karayalar :** Will the Minister for Local Self Government be pleased to state :

(*a*) whether advertisement tax is collected from newspapers by our municipalities and corporation ; and

(*b*) if so, which are the municipalities collecting that tax and what is the income from that head ?

## Answer.

(*a*) No.

(*b*) Does not arise in view of answer to part (*a*).

## குத்தகைப் பாட்டம்.

193. (11) <u>ஸ்ரீ. ஸி. சங்கர்:</u> கீழ் காணும் வினாக்களுக்கு ரெவன்யூ மந்திரி அவர்கள் விடை பகர்வார்களாக:

(எ) நாகர்கோவில் முனிஸிப்பாலிட்டியிடமிருந்து திரும்ப வாங்கிய, வடசேரிப் பகுதியில் பெரியகுளத்தைச் சேர்ந்த சுமார் பதினொரு ஏக்கர் பூமியை அரசாங்கம் சில அரசியல் தியாகிகளுக்கு குத்தகைப் பாட்டமாக கொடுத்திருக்கிறதா;

(பி) கொடுத்திருக்கிறதானால், எந்தெந்த அரசியல் தியாகிகளுக்கு எவ்வளவு நிலம் எத்தனை வருடக் குத்தகைப் பாட்டத்திற்குக் கொடுக்கப்பட்டது;

(ஸி) மேற்படி குத்தகைப் பாட்டம் கொடுக்கப்பட்டவரில், யாருக்கேனும் கொடுக்கப்பட்டிருந்த குத்தகைப் பாட்டத்தை 1952-ல் ரத்து செய்து உத்தரவு இட்டதுண்டா;

(டி) அங்ஙனமாயின், யார் யாருக்குக் கொடுக்கப்பட்டிருந்த குத்தகைப் பாட்டம் என்னென்ன காரணங்களுக்காக ரத்து செய்யப்பட்டது?

## Answer.

(*a*) An extent of 8 acres of land from Periakulam tank in the Vadassery pakuthy was granted on lease to political sufferers.

(*b*) The details of the leases are as follows :

| | *Name of the person.* | *Period.* | *Extent.* |
|---|---|---|---|
| 1. | Shri S. V. Muthukaruppa Pillai, Kuruntheruvu, Kottar, Nagercoil | 12 years | 5 acres |
| 2. | Shri K. V. Parameswaran Nair, Kanjiracode, Unnamalakkada | Do. | 1 acre |
| 3. | Shri V. Arunachalam Pillai, Suchindram | 6 years | 2 acres |

(*c*) Yes. But that order has since been held in abeyance.

(*d*) All the subsisting leases from the tank bed were ordered to be cancelled on the ground that the tank was important for irrigation purposes.

## സംസ്ഥാനത്തെ വിദേശിയരുടെ തോട്ടങ്ങൾ.

൧൯൪. [൧൨] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശികൾക്ക് ഉടമസ്ഥാവകാശമുള്ള എത്ര തോട്ടങ്ങളുണ്ട് ഈ സംസ്ഥാനത്തുള്ളത്;

(ബി) അവ ഓരോന്നും എന്തു തോട്ടങ്ങളാണ്; ഏതെല്ലാം;

(സി) ഓരോന്നിന്റേയും വിസ്തീർണ്ണം എന്ത്?

### ഉത്തരം.

(എ) ൧൦൮.

(ബി)

| | |
|---|---|
| റബ്ബർതോട്ടങ്ങൾ | ൨൫ |
| തേയിലത്തോട്ടങ്ങൾ | ൭൯ |
| കാപ്പിത്തോട്ടങ്ങൾ | ൩ |
| ഏലത്തോട്ടം | ൧ |

(സി) ഈ വിവരം അടങ്ങിയ ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.*

## തരിശുഭൂമികൾ.

൧൯൫. [൧൩] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിൽ എത്ര ഏക്കർ ഭൂമി തരിശായി കിടപ്പുണ്ട്;

(ബി) ഇതിൽ എത്ര ഏക്കർ ജനങ്ങൾ കൈവശം വച്ചിട്ടുണ്ട്?

### ഉത്തരം.

(എ) ൨,൯൩,൪൪൩ ഏക്കർ.

(ബി) ൮൧,൨൦൧ ഏക്കർ.

## മലം ഡിപ്പോ.

൧൯൬. [൧൪] ശ്രീ സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാലൂർ മലം നിക്ഷേപകേന്ദ്രം ജനനിബിഡമായ പ്രദേശത്താണോ സ്ഥിതിചെയ്യുന്നത്; അത് തൃശ്ശൂർ കാഞ്ഞാണി റോഡിന്റെ എത്ര വാരയ്ക്കുള്ളിലാണ്;

(ബി) അവിടെ മലംകൊണ്ടുവന്ന് നിക്ഷേപിച്ച് ശരിയായി മൂടുന്നില്ലെന്നും, അതിനാൽ അസഹ്യമായ ദുർഗ്ഗന്ധവും ഈച്ചശല്യവും മറ്റും ഉണ്ടാകുന്നുണ്ടെന്നും പരാതികിട്ടിയിട്ടുണ്ടോ;

*Please see Appendix II

(സി) അത്തരം പരാതികളെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ; അതു് പരിഹരിക്കാൻ എന്തു് നടപടിയെടുത്തു?

ഉത്തരം.

(എ) അല്ല. (൨൦൦ വാര ദൂരത്തിൽ ജനങ്ങൾ താമസിക്കുന്നില്ല. ഉദ്ദേശം ൨ ഫർലോങ്ങു് അകലെയാണു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്. നാടൻ ടാർപാളിൻകൊണ്ടു് മൂടി ഉപദ്രവം കൂടാതെ കഴിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ടു്.

മലം നിക്ഷേപകേന്ദ്രം.

എൻ ൧. [൧൫] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുനിസിപ്പാലിററിയുടെ മലം നിക്ഷേപകേന്ദ്രം ലാലൂരിൽനിന്നു് മാററിക്കിട്ടാൻ സർക്കാരിലേയ്ക്കു് നിവേദനം കിട്ടിത്തുടങ്ങിയിട്ടു എത്രകാലമായി;

(ബി) മുൻ കൊച്ചി ഗവണ്മെൻറു് പ്രസ്തുത കേന്ദ്രം മറെറാരുസ്ഥലത്തേയ്ക്കു മാററാൻ ഉത്തരവിടുകയും അതിനു് സ്ഥലം കാണുകയും ചെയ്തിരുന്നതാണോ; അതു് എന്നാണു്;

(സി) പിന്നീടു് എന്തുകൊണ്ടു് ആ ഉത്തരവു് നടപ്പാക്കിയില്ല?

ഉത്തരം.

(എ) പതിനൊന്നു കൊല്ലം.

(ബി) ഉത്തരവിടുകയും സ്ഥലം കാണുകയും ചെയ്തിട്ടുണ്ടു്, 1945 മേയ് മാസത്തിൽ.

(സി) സ്ഥലനിവാസികളുടെ പരാതികൊണ്ടു്.

ഭൂമി.

എൻ ൨. [൧൧] ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട്ടു് താലൂക്കിൽ തൃക്കാക്കര പകുതിയിൽ കഴിഞ്ഞ സെററിൽമെൻറു് വരെ പുണോർക്കോട്ടു നമ്പൂതിരിയുടെ വകയും പിന്നീടു ഗവണ്മെൻറുവകയും ആയ ഭൂമികൾ അതിന്റെ കൈവശക്കാർക്കു് സ്ഥിരമായി പതിച്ചുകൊടുക്കണമെന്നു കാണിച്ചു് ഏതെങ്കിലും നിവേദനം ഗവണ്മെൻറിലേയ്ക്കു് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു് നടപടി എടുത്തു എന്നു പറയാമോ?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

## G. M. F.

199. [18] **Shri O. C. Ninan :** Will the Chief Minister be pleased to state :

(*a*) for what all purposes the Government spend money under the G. M. F. ;

(*b*) what is the total amount spent by the Government in the years 1949, 1950, 1951, 1952 under the G. M. F. ;

(*c*) from which all Departments money for the G. M. F. was spent during the above years. What is the amount spent by each Department during the above years.

### Answer.

(*a*) Government spend money for certain specific schemes such as minor irrigation, lift irrigation, punja dewatering, seed multiplication, compost development, reclamation of kari lands, crop competition, intensive manuring etc.

| | | | |
|---|---|---|---|
| (*b*) | 1949-50 | .. | Rs. 70,03,911 |
| | 1950-51 | .. | Rs. 71,83,201 |
| | 1951-52 | .. | Rs. 67,30,314 |
| | 1952-53 | .. | Rs. 19,23,061 |
| | | | Rs. 2,28,40,487 |

(*c*) Money was spent from the Agriculture, Public Works and Electricity Departments. The details of expenditure are as follows :

*By the Agriculture Department :*

| | | |
|---|---|---|
| 1949-50 | .. | Rs. 24,99,226 |
| 1950-51 | .. | Rs. 29,73,741 |
| 1951-52 | .. | Rs. 26,66,639 |

*By the P.W.D. :*

| | | |
|---|---|---|
| 1949-50 | .. | Rs. 38,65,780 |
| 1950-51 | .. | Rs. 29,03,188 |
| 1951-52 | .. | Rs. 36,01,051 |
| 1952-53 (till 11-52) | .. | Rs. 11,53,731 |

*By the Electricity Department* :

| | | | |
|---|---|---|---|
| 1949-50 | .. | Rs. | 6,38,905 |
| 1950-51 | .. | Rs. | 13,06,272 |
| 1951-52 | .. | Rs. | 4,62,624 |
| 1952-53 (till 1-53)[1] | .. | Rs. | 7,69,330 |

### വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ.

൨൦൦. [൨൦] **ശ്രീ. കെ. കുട്ടപ്പൻ**: താഴെ പറയുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് എത്ര വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ ഉണ്ടെന്നും അവ എവിടെയെല്ലാമെന്നും പറയുമോ;

(ബി) ഓരോ കേന്ദ്രത്തിന്റെയും പ്രവർത്തനത്തിനു അനുവദിച്ചിട്ടുള്ള തുക എന്തെന്നും കേന്ദ്രങ്ങളുടെ പ്രവർത്തനം എന്തെന്നും അവ കൊണ്ടുണ്ടായിട്ടുള്ള പുരോഗതികൾ എന്തെല്ലാമെന്നും പറയുമോ?

### ഉത്തരം.

(എ) ൯൪. ലിസ്റ്റു് ചേർത്തിട്ടുണ്ടു്.*

(ബി) ഓരോ കേന്ദ്രത്തിന്റെയും പ്രവർത്തനത്തിനു വേണ്ടുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനു ആരംഭത്തിൽ ൨൦൦ രൂപ വീതവും ആർഗനൈസർക്കു പ്രതിമാസം ൪൦ രൂപ അലവൻസും ൩൦ രൂപ കണ്ടിജൻസിയും അനുവദിച്ചിട്ടുണ്ടു്.

സാമൂഹോപകരണത്തിൽതന്നെ വിദ്യാഭ്യാസപ്രചരണപരിപാടികൾ നടത്തിവരുന്നു. കേന്ദ്രത്തിന്റെ ചുററുപാടുമുള്ള ജനങ്ങൾക്കു് അവ ഉപയോഗപ്രദമായി തീർന്നിട്ടുണ്ടു്.

### Shifting of Sub-Registry Office.

201. [22] **Shri P. S. Vasudevan Pillai**: Will the Minister for Revenue be pleased to state :

(*a*) whether sanction has been accorded to shift Kumpazha-Vallicode Sub-Registrar's Office to Konni from Pathanamthitta ;

(*b*) if so, whether it would be given effect to in the near future ?

### Answer.

(*a*) Yes.

(*b*) On further consideration, the question of shifting the Sub-Registry Office has been ordered to lie over for the present.

---

[1] Please see Appendix III.

## GENERAL DISCUSSION OF THE BUDGET—(*contd.*)

**Mr. Speaker :** Order, order, time for interpellations is over. We will now continue the General Discussion of the Budget.

**Shri R. Ponnappa Nadar :** Sir, I would like to start with a few words on the Community Projects, especially those relating to South Travancore. Neyyattinkara-Vilavancode is the Community Project centre in the South. No progress has been made there. It was given as an answer on the floor of this House that only Rs. 96,000 has been spent during the last year. As a matter of fact, more than Rs. 15 lakhs was allotted during the last budget year but the amount actually spent has been very little. It is stated that the local people should extend their hearty co-operation for making the project a success. But things are moving very slowly with regard to the execution. It has been pointed out in the House that necessary sanctions are not given for the works which are already in progress and estimates of works recommended by the executive officer are sanctioned only after a great deal of delay. So if the Community Projects were to be successful, it rests with the Government in expediting matters.

12 NOON.

In the Community Project Scheme, priority is given to agriculture and food production. The areas selected are the ones most affected by the drought. Here local co-operation is outcoming. But the works do not progress with expedition because the works are not executed in time. For instance, the Neyyar Project is not proceeding at a good speed. At present, they are constructing the right bank channels and the left bank channels are neglected. If the left bank channels are opened, large areas in Neyyattinkara and Vilavancode taluks would be benefited. Therefore I would suggest that both the bank channels should be taken up simultaneously.

One word with regard to the Pattanamkalu scheme which has been neglected. In February, the P.W. Minister paid a visit to Nagercoil and he convened a conference. At the meeting, he assured that Government would take all steps for opening up this Pattanamkal scheme. Chittar No. 1 and Chittar No. 2 are the two riverlets whose water could be impounded in the Kodayar dam. However, I find that no amount has been allotted for it in this budget. There is not a whisper about it in this budget. It was stated that Rs. one lakhs or so would be included in this budget for the investigation of the scheme. One word is very material: According to Government records, more than 80,000 acres in the two taluks of Vilavancode and Kalkulam would be benefited. I would say for the information of the House, in this connection, that the Kodayar scheme has not

[Shri R. Ponnappa Nadar]

been very useful, to the people of Vilavancode. On the other hand, if this Pattanamkal scheme can be worked, extensive lands can be converted into paddy lands and thus our food problem can be solved to some extent. It was stated by the Finance Minister that over six crores of rupees were spent on account of food deficit. If this scheme is taken up, I am sure that more than 20,000 acres can be developed and large quantities of food can be produced. What I have to submit to this House, in this connection, is that the ryots are prepared to surrender land, free of compensation, and that they will also do some part of the earth work. I can also assure Government that the people are prepared to pay a small tax if this scheme were to be taken up immediately. I would further suggest to this Government that if the funds which are allotted for the improvement of tanks for five years is consolidated, and that amount is spent on this scheme in the present year, that would be very useful. This scheme would solve the acute shortage of drinking water in Vilavancode Taluk.

One word about the Vilathura Lift Irrigation Scheme which had been included in the budget for 1951-52. About one lakh of rupees was included in the budget but actually no amount was spent in that year. The estimates are, as it were, in the cold storage. Nothing has transpired in regard to that scheme so far. Again in this budget, another one lakh of rupees has been provided. But this year also, there are no signs that the work will be proceeded with. It has been stated that large areas would be developed by this scheme. All the same, what we find is that, large sums are allotted in the budget, but no amount is spent. If such things are to continue, I can see no hope that the needs of the ryots would ever be satisfied.

Then, in regard to drinking water supply schemes. There has been an unprecedented drought in our country this year. Drinking water is very scarce in many parts of Vilavancode and Kalkulam. I may inform this House that in Karinkal, we have to pay two annas for a pot of water. There was a scheme for supply of drinking water in this village started during the time of Sir C. P. It was investigated and estimates were prepared. But since then, it seems it has been lying with the Governmnet. But every year, there is a provision for drinking water supply in the budget. This year also there is a provision. There are other places also in a similar position in South Travancore, Cape Comorin, Asaripallam, etc. These places also require immediate attention.

Another fact which I wish to bring to the attention of this House is that of the railway link between Tinnevely to the southern extremity

of Travancore and from Trivandrum to Cape. We have been requesting this Government several times for this. They will not have to lose anything on this regard. It is a Central subject and the Central Government will bear the expenses of the railway link. If only this Government would make a recommendation to the Central Government, the railway linking would be materialised. But this Goverment does not seem to take any interest. If this Government would co-operate with the Madras Government in this matter, we would have this railway link.

I would like to state one or two points more on this occasion. Large amounts are included in the Five Year Plan, but sufficient attention is not being bestowed on those schemes. Perunchani is one of the schemes included in the Plan, but it has been found to be useless so far. During the last season 51 ft. of water alone was stored and it sufficied for about 12 days. If other schemes like the Pattanamkal, Mambalathar and Poiga dam schemes were included in the Plan in the place of this scheme, it would have been much more beneficial to the people there. If these schemes are taken up and proper investigations are conducted, the drought which is prevalent in South Travancore could be averted and there will not be any failure of crops. Another remarkable thing about the Perunchani scheme which is included in the plan, is that it is a work which has already been completed. The Government wanted to show that they have some schemes here, and that they included a scheme which has already been completed.

**Mr. Speaker :** And Perunchani is useless also !

**Shri R. Ponnappa Nadar :** There are various other schemes which would have been more useful in averting the drought.

I would like to make a few observations on the question of the distribution of water. Several objections were raised by some hon. Members of this House that in Thovala, no water was ever supplied, and Government rarely took interest with regard to distribution of water there. A conference was held at Nagercoil by the Executive Engineer in order to see how the distribution work could be carried out. But many members did not care to attend that conference and yet they have come to this House to complain that Thovala is neglected. Therefore all these remarks are influenced by personal motives.

**Mr. Speaker :** Why should that reflection be made ? From the time that the Pechipara dam was opened first, there have been complaints.

**Shri R. Ponnappa Nadar :** But I may assure hon. Members that water was supplied to all channels and no discrimination has been shown to any particular locality in the South. I can say this boldly because I have taken some interest in this matter. Therefore, all these remarks made have been only personal vendetta as a result of personal malice.

**Mr. Speaker :** I am sorry that even in spite of the remark which I made, such remarks are being made. These are matters in which there will always be differences of opinion. Therefore, it is not right to say that Members whose opinions happen to differ from the hon. Member's have personal vendetta to ventilate.

**Shri R. Ponnappa Nadar :** But when allegations are made they should be founded upon some truth, it is not so here.

**Shri Nedumangad R. Kesavan Nair :** May I know from the hon. Member whether there was any discrimination shown by Government in this ?

**Shri R. Ponnappa Nadar :** I am not aware of any.

One redeeming feature in the budget is the measure of relief granted for the non-gazetted officers of the State. It is a matter which has to be done. Another relieving feature is that there is no new tax, but a small water cess.

I wish to state that more attention should have been bestowed upon the subjects to be included in the Five Year Plan. Existing factories in the South should have received greater attention and new factories should have been opened. Many of the factories in South Travancore like the Sugar Factory at Thuckalai, the Monazite factory at Manavalakurichy and the Distillery at Nagercoil have been closed down. Sufficient attention has not been bestowed upon developing them. New factories should also be started so that the growing unemployment in the South Travancore may be solved. With these remarks, I conclude.

**Shri M. Gopalan Nair :** The food problem in the State is even now unsolved. There is acute shortage even now. It seems that the Minister is very complacent because he was able to raise the $4\frac{1}{2}$ oz. ration to 6 oz. He thinks that he can pride as victory if he can stabilise the 6 oz. ration. I warn the Food Minister that such an attitude is quite uncalled for. Unless the Government is able to raise the ration level to 10 oz. of rice at least, any boasting by Government regarding the solution of food problem is only a hoax or window- dressing or white-washing. The current of thought prevailing with Finance Minister is that food has ceased to be a matter

of complaint. Really there is very grave dissatisfaction. It does not reach the ears of Government. It is the dissatisfaction of the poor and voiceless who have no opportunity to make themselves heard. It is because the people affected are of the lowest class that their voice is not heard in the press or platform. As a matter of fact, they are not able to procure the help of those two machinery. It is only when vested interests are affected that we have big uproars and agitation on countrywide scale (*e.g.* the Rice Mill). They are helpless and resigned. It will be more accurate to say that when the Finance Minister expresses complacency he does not represent those classes but the vested interests whom the Congress now represent. From statistics available it is only a person who has five acres and above who will have some surplus for sale. This is only 5 per cent of the total of paddy land owners in the State. These people are able to divert a portion of their produce into the black-free-market. Under the present system of relaxation of food controls, the Government is allowing this 5 per cent to make enormous profits at Rs. 4½ per para. But under controlled economy this quantity will be available for distribution to the people at Rs. 2—13—6. The next question is who is it that has benefited by the relaxation of control? Is it the labourer, the clerk, the small trade? No. He is not in a position to pay this heavy price. But the landless rich are able to pay. So the food policy of the Government shows the character and trend of the present Government. Decontrol is not possible for the next five years, because control is the very basis of the Five Year Plan. Even if we don't get the 16 oz. which Madras enjoyed or the 24 oz. which Bengal had, at least let us have 10 oz. which is equal to nazhi. Big schemes for Grow More Food, Vembanad Schemes, Pumping subsidies, the Kuttanad reclamation, Bunding schemes, etc., have been taken up and several lakhs are spent on these. But the people should have the benefit. The few should not be allowed to exploit. Government give all sorts of help and allow the rich landowner to sell at Rs. 4½. So, all surplus must be taken and controlled economy should be introduced. The Five Year Plan perpetuates controlled economy. Government propose to levy a betterment tax. The return form this will be small. It will only be a harassment to the people. It is only the rich landowners own 500 acres and more that are benefited. Representations have been made to Government. I would say that this is a era of exploitation and landed monopolists and this must be ended. Of course, if Government is not willing to end this, that only shows the policy of the Government that Government is prepared only to help vested interests and not the millions who are actually suffering.

[Shri M. Gopalan Nair]

Then I want to bring to the attention of Government another fact, and it relates to financial problems. Krishnamachari Report says that 75 per cent of our losses involved by States will be made good by the Centre. I say we have suffered because of our own folly. Nobody is to be blamed for that. If at the time of the financial integration we had taken the correct position the Finance Minister need not have waited over the uncharitable attitude of the Government of the Union. At the time of integration we failed to preserve our inherent right. The Finance Minister now refers to these in a tragic mood. Whatever may be the defects of the Constitution, all those defects could have been remedied at the time of signing of the Financial Integration agreement. Under Section 278 of the Constitution, Part B States were allowed to have special provisions which had to surrender their revenues to the Centre. Krishnamachari Report said that the gap will be filled up by diverting a portion of the customs revenue collected from Travancore on basis of the receipts in 122-123. We did not care to ask for a share of the customs duties on the basis of the receipts of the current year. Export duty was one expanding source of income. After integration, the Central Government revised the rates of export duties. It has gone up many times. The figures for 1951-52 as reported in the papers if they can be relied on is 9 crores approximately. We stood a very good chance of augmenting our income if only suitable provisions were made in financial agreement. We ought to have asked for a definite share of the increase. Our share was determined on a fixed basis. We ought to have insisted on a share of the actuals of the previous year. West Bengal gets 50 per cent of the jute export duty on the basis of the receipts of the current year. A number of reasons were advanced by the Finance Minister for not insisting on this at the time of the Financial integration. None of them are convincing. The Federal Finance Structure Committee of the First Round Table Conference made express provision for this. It is as follows :

> "In the case of sea customs, we note that the present annual value of the immunities enjoyed by fourteen Maritime States amounts to over 1.80 lakhs, and we recommend that the question of extinguishing these immunities by compensation should be left over for consideration after the Federation comes into being. Meantime, however, our general view is that the possession by certain States of an immunity which prevents other States or Provinces from making their full contributions to the Federation, is contrary to federal principles. The existing treaties and agreements must be fully observed and no change

made in them without the consent of the States concerned. But we recommend that Maritime States should retain at the most not more than the value of the duties on goods imported through their ports for consumption by their own subjects." (Page 55, paragraph 31).

Our representative (who had no seat) said that accession to the federation in respect of customs can only be subject to an express reservation preserving the rights of the State to levy export duties on goods produced within the State and exported out of it whether by land or sea and to retain the proceeds of such duties. Davidson Committee report which preceded the Federal Finance Structure Committee (which unfortunately is not available in the Library) upheld this State's claim to customs. The 1935 Act came after that. Provinces had no right to customs. But so far as States were concerned, export duties were also made divisible as well as Excise duties collected by the Centre. Only maritime States could claim to divide the customs duties. The distribution is to be made on the principles to be settled later under Section 140 of the Government of India Act, 1935. Under the 1935 Act our accession is subject to limitations and conditions laid down in Section 6 of the 1935 Act, Clause 2. The draft Constitution, if I remember correct, contained such a provision. Report of the Expert Committee on the Financial provisions of the Union Constitution contained such a provision. But when the new Constitution was about to be introduced , all these facts were forgotten. On going through the Expert Committee Report on the Financial Provisions of the Union Constitution, it is stated in No. 6 of the terms of reference as follows:-

> " How far is it feasible, on the centralization of all customs levied at the Federal frontiers, to permit Indian States affected by such centralization to retain such portion of the customs so levied at their frontiers as might be attributed to consumption in the States, etc."

In the summary of the recommendations item No. (26) it is stated as follows :-

> " Maritime customs and excises in States to be taken over by the Centre, the States being compensated therefor if necessary." (Page 23).

Appendix IV, para (7) of the report also refers to this. There is no use cryingover spilt milk. We could have urged this before the Finance Commission under Article 280 (3) (c) of the Constitution. I hope that Government brought it to the notice of the Finance Commission. But under article 278 our Agreement is for 5 years.

[Shri. M. Gopalan Nair.]

But the Government can revise the agreement for 1955-60. A Taxation Enquiry Committee has been appointed. The President is Dr. John Mathai. He is a man well versed with Travancore-Cochin condition. We must fight for reallocation before the Taxation Enquiry Committee. All sections of the House will only be glad to join in this agitation. Why I want to press this at this juncture is that the Finance Commission may or may not have recommended it. Even if it may have recommended, we won't get it revised within the next 5 years. Our export duty in 1122-23 was Rs. 40 lakhs. Now, I understand from the report in the papers that it has come to 9 crores and our share is 50 per cent. If 50 per cent is allotted after meeting the collection charges, we would have about Rs. 4½ crores, and it would augment our income by Rs. 4½ crores. So, we should present our case before the Taxation Enquiry Committee and we must press for our legitimate share.

Then with regard to the Five Year Plan, Rs. 27.3 crores is our share. From the Finance Minister's speech, under "Ways and Means Position" this Rs. 27 crores is not seen. From where will this 27 and odd crores come? Has the Government any plan? What are the ways and means? The Government of India has determined to resort to deficit financing and borrowing. Are you going to adopt deficit financing, and if so, to what extent? Are you going to borrow? If the Government has no policy, then the Government is short-sighted. There is no indication as to how Government propose to meet the growing expenditure in future under the Five Year Plan. It is desirable to have a financial forecast for the next five years. Is the Government in a position to raise loans? Is the country in a position to contribute 27 crores?

With regard to the Finance Corporation, I have to say one thing. At present, there is no fixed policy as to how the industries should be improved. The proposed Finance Corporation is not an unmixed blessing for industrialists. Big industries need not be financed. What is the nature of the industries that are sought to be supported by the Corporation is not clear. It is undesirable to extend the help to big industries of doubtful utility and small industries should be financed. For that, the State Aid to Industries Act is sufficient. In this matter, the experience of the Centre and the allegation of corruption and nepotism should stand as a warning to us. It is not wise to waste Rs. 50 lakhs. It will go the way of certain grow-more-food loans and agriculture loans. So, I very strongly oppose the very idea of a Finance Corporation.

The Government propose to impose a betterment levy. What will be the approximate yield from that levy ? Will it make any substantial addition ? . It will only be Rs. 6 lakhs. Rs. 6 lakhs is a very small amount. Why not give it up ? I am not very much happy over this doubtful source of income. It is vexatious , harassing and discriminatory. It will be better to ask them to surrender all their surplus yield to be sold to Government at controlled rates and to make it available for distribution as ration.

I also want to bring to the notice of Government one other fact. The test of a Budget is maximum social advantage and this guiding principle is laid down in Part IV of the Constitution—Directive Principles of State Policy. Perhaps, that is what the Finance Minister had in view when he referred to the Welfare State. I have my own doubts whether the Government has gone all the way it can go within the Constitution, to bring maximum social advantage.

**Mr. Speaker :** The House will now adjourn for lunch.

*The House rose for lunch at* 12.32 P.M. *and reassembled at* 2.30 P.M. *with Mr. Speaker in the Chair.*

ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : സർ, ജന്മിത്വവും നാട്ടുവാഴിത്വവും നിലനിറുത്തുന്ന വൻകിടമുതലാളിമാരുടെയും, വിദേശ മൂലധനത്തിന്റെയും താൽപര്യങ്ങളെ സംരക്ഷിക്കുന്ന ഒരു ബഡ്ജറ്റ് ഈ നിയമസഭയിൽ രണ്ടാമത്തും ധനകാര്യമന്ത്രി സസന്തോഷം അവതരിപ്പിച്ചിരിക്കുകയാണ്.

ഏറ്റവും നിരാശാജനകമായ തേടിമത്വവും പാപ്പരത്വവും നിഴലിക്കുന്ന ഒരു ബഡ്ജറ്റാണ് ഇത്. ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ പ്രസംഗത്തിൽ അദ്ദേഹംതന്നെ വ്യക്തമാക്കുന്നതുപോലെ ഈ സംസ്ഥാനത്തെ ജനങ്ങളെ സാരമായി ബാധിക്കുന്ന ചില പ്രശ്നങ്ങളെപ്പറ്റിയുള്ള ഒരു റഫറൻസ് മാത്രമേ ഉള്ളൂ. പ്രശ്നങ്ങൾക്ക് പരിഹാരം ഒന്നും അതിൽ കാണുന്നില്ല. അതിനു സ്വതന്ത്രമായി ചിന്തിച്ച് വ്യക്തമായ പരിപാടികൾ രൂപീകരിക്കുവാനും ഇവർ ആലോചിച്ചിട്ടില്ല. കൂടുതൽ നികുതികൾ ഒന്നും ഇല്ലെന്നു പറയുന്നുണ്ട്. ജലസേചനത്തിന് ഏർപ്പെടുത്തിയിട്ടുള്ള ബെറ്റർമെൻറലെവി ആറുലക്ഷവും പ്രായോഗികമായി വരുമ്പോൾ സാധാരണക്കാരനെയാണ് ബാധിക്കുന്നതെന്ന് വിവരമുള്ളവർക്ക് മനസ്സിലാകും. കാർഷികാദായനികുതിയിലും ഏഴുലക്ഷം രൂപയോളം കൂടുതൽ പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ അബ്കാരി ഇനത്തിലും.

ഈ തുകകളെല്ലാം പിരിയുമെന്നു പ്രതീക്ഷിക്കുന്നത് വാസ്തവത്തിൽ ഈ നാട്ടിലെ സാമ്പത്തികസ്ഥിതിയെപ്പറ്റിയുള്ള പരിജ്ഞാനത്തിന്റെ പരിമിതിയിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്ന് പറയാതെ തരമില്ല. യാഥാർത്ഥ്യങ്ങളുമായി, നാടിന്റെ ജീവൽപ്രശ്നങ്ങളുമായി ഒരു ബന്ധവുമില്ലാത്ത ബഡ്ജറ്റാണ് ഇത്.

വളരെ ഉൽകണ്ഠയോടെ കഴപ്പുംപിടിച്ച് ഇവിടത്തെ ഭക്ഷ്യപ്രശ്നത്തെപ്പറ്റി പരാമർശിച്ചുകൊണ്ടാണ് ധനകാര്യമന്ത്രി ബഡ്ജറ്റ് അവതരി

[ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ]

പ്പിച്ചതു്. നീറുന്ന ഈ പ്രശ്നം പരിഹരിക്കാനുള്ള വ്യക്തമായ കാർഷികപരിഷ്കരണത്തെപ്പറ്റിയോ ഭൂനയത്തെപ്പറ്റിയോ ഒന്നും അതിൽ കാണുന്നില്ല. കുറെ കണക്കുകൾ ഉണ്ടു്. [illegible]-ലെ നാലര ഔൺസ് [illegible]-ൽ നിന്നു ഔൺസാക്കി എന്നു് സമർത്ഥിക്കുന്നുണ്ടു്. ഒരു റാത്തൽ ഭക്ഷ്യധാന്യമെങ്കിലും കൂടുതലില്ലാതെ ഈ റേഷൻവർദ്ധനവു് എങ്ങിനെ സാധിച്ചു എന്നാണു് മനസ്സിലാകാത്തതു്. നാട്ടുകാരുടെ ക്രയശക്തി നശിച്ച ആ സന്ദർഭം നോക്കി റേഷൻവർദ്ധിപ്പിച്ചു് മുതലെടുത്തതിൽ കവിഞ്ഞു് അതിലൊന്നും കാണുന്നില്ല. [illegible]-ലേക്കു് കൂടുതലായി ഒന്നും പ്രതീക്ഷിക്കുന്നുമില്ല. വെറും വാരിക്കണക്കിനുള്ള വാചകമടിയല്ലാതെ ഇതിലൊന്നുമില്ല. ഈ പട്ടിണിബഡ്ജറ്റിന്റെ കീഴിൽ ഇവിടത്തെ ഭക്ഷ്യപ്രശ്നത്തിന്റെ ഭാവി ഭയങ്കരമാണു് സർ.

പത്തുമലകൾ ആവർത്തിക്കുവാനും മർദ്ദനം അഴിച്ചുവിടുവാനും പ്ലാനിടുന്ന ഒരു ബഡ്ജറ്റാണു് ഇതു്. നാട്ടു് ആകെ ബാധിച്ചിരിക്കുന്ന സാമ്പത്തികകുഴപ്പവും വ്യാവസായികത്തകർച്ചയും പരിഹരിക്കാനുള്ള യാതൊന്നും ഇതിലില്ല.

[illegible]-ലെ പാപ്പർബഡ്ജറ്റിന്റെ ചരിത്രംതന്നെ ഒന്നു പരിശോധിക്കാം. ജീവിതക്കൂലിക്കുവേണ്ടി, കൃഷിഭൂമിക്കുവേണ്ടി, ജീവിക്കുവാൻവേണ്ടി ചെറുതും വലുതുമായ എത്രയോ സമരങ്ങൾ നടന്നു. മർദ്ദനങ്ങൾക്കെതിരായി പൗരസ്വാതന്ത്ര്യങ്ങൾക്കുവേണ്ടി വമ്പിച്ച പ്രക്ഷോഭണങ്ങൾനടന്നു. ഇതിനെല്ലാം തോക്കും ലാത്തിയുമല്ലാതെ ഇവർക്കൊരു മറുപടിയുമില്ലായിരുന്നു.

ഈ നാടിന്റെ പ്രശ്നങ്ങൾ നേരിടാനുള്ള ആത്മാർത്ഥമായ ഒരു പരിപാടിയും ഈ ബഡ്ജറ്റിലില്ല. സാമ്പത്തികഭദ്രതയ്ക്കും ഭക്ഷ്യപ്രശ്നപരിഹരണത്തിനും കേന്ദ്രത്തിൽനോക്കി കൈമലർത്തുകയല്ലാതെ ഇവിടത്തെ പ്രശ്നങ്ങൾ പഠിച്ചു് സ്വതന്ത്രവും വ്യക്തവുമായ ഒരു പരിപാടി രൂപീകരിക്കാൻ ഇവർ മിനക്കെട്ടില്ല. ഇവർക്കതിനു് കഴിവില്ല. കമ്മ്യൂണിറ്റിപ്രോജക്റ്റെന്നും പഞ്ചവത്സരപദ്ധതിയെന്നും നാമം ജപിച്ചു് മുണ്ടുമുറുക്കിയുടുക്കാൻ നാട്ടുകാരോടുപദേശിക്കുകയല്ലാതെ കഴമ്പും നട്ടെല്ലും ഉള്ള ഒരു പദ്ധതിയും ഈ ബഡ്ജറ്റിലില്ല. ഇവരീനാട്ടിലല്ല ജീവിക്കുന്നതെന്നു തോന്നുന്നു. കയർവ്യവസായത്തകർച്ച പരിഹരിക്കാൻ "കേന്ദ്രത്തിൽനിന്നും ബോർഡുവരും". കൈത്തറിവ്യവസായരക്ഷക്കു് നൂൽവില കുറയ്ക്കാൻ "കേന്ദ്രം വരണം". ഭക്ഷ്യക്ഷാമം പരിഹരിക്കാൻ "കേന്ദ്രം സബ്സിഡിതരണം". സാമ്പത്തികകുഴപ്പം പരിഹരിക്കാൻ "കേന്ദ്രം സഹായംതരും". വ്യവസായികപുരോഗതിക്കുള്ള പഞ്ചവത്സരപദ്ധതി "കേന്ദ്ര"ത്തിനുണ്ടു്. കവറിനു വിലകൂട്ടിയതു് "കേന്ദ്ര"മാണു്. പാർലമെന്റിന്റെകാര്യം "കേന്ദ്ര"ത്തിനു അറിവുണ്ടു്. ടെലഫോണും കസ്റ്റംസും "കേന്ദ്ര"ത്തിനു വിട്ടുകൊടുത്തു. ഉപ്പിന്റെകാര്യവും "കേന്ദ്ര"ത്തിനാണെന്നു് ഇന്നലെ പറഞ്ഞു. സർ ഈ നാടുമുഴുവനും "കേന്ദ്ര"ത്തിനു വിട്ടുകൊടുത്തു. സകലഉത്തരവാദിത്വവും "കേന്ദ്ര"ത്തിനു വിട്ടുകൊടുത്തു.

ഇവിടെ ഇവർ ഈയിടെ ആരോ പറഞ്ഞതുപോലെ സ്വജനപക്ഷപാതത്തിന്റേയും അഴിമതിയുടേയും, കൈക്കൂലിയുടേയും, നിരുത്തരവാദിത്വത്തിന്റേയും തൊഴുത്തിൽകുത്തിന്റേയും "കേന്ദ്ര"മായിരിക്കയാണു്.

ഇവക്കു ഈ നാട്ടിന്റെ പ്രശ്നങ്ങളെപ്പററി ചിന്തയില്ല. ഒരു വിവരവുമില്ല. ജനങ്ങളുടെ മനോഭാവവും നാടിന്റെ ആവശ്യവും എന്താണെന്നു പഠിക്കാനിവർ മിനക്കെട്ടിട്ടില്ല. അവർക്കതിന്റെ ആവശ്യമില്ല. ബഡ്ജററ് പ്രസംഗത്തിന്റെ വാചകക്കസർത്തുകളിൽ നിന്നും കണക്കിന്റെ യാഥാർത്ഥ്യത്തിലേക്കു് ഇറങ്ങിനോക്കിയാൽ ചിലതു മനസ്സിലാക്കാൻ കഴിയും.

ഈ നാട്ടിലെ ജനങ്ങളുടെ ആരോഗ്യത്തെപ്പററി ഇവക്കു യാതൊരു ചിന്തയുമില്ല. പൊതുജനാരോഗ്യം സംരക്ഷിക്കുന്നകാര്യത്തിൽ ജനങ്ങൾക്കെല്ലാം ഒരുപോലെ വൈദ്യസഹായം എത്തിക്കുന്ന കാര്യത്തിൽ കുററകരമായ അനാസ്ഥയാണിവർ കാണിക്കുന്നതു്.

ബഡ്ജററിന്റെ വിശദീകരണക്കുറിപ്പിൽനിന്നും കാണുന്നതു് "നേഷൻബിൽഡിംഗിനു്" ചിലവാക്കുന്നതുകയിൽ ൪ ശതമാനം ൫൧-൫൨-ൽ മെഡിക്കൽവകുപ്പിനു് ചിലവായിരുന്നതു് അടുത്ത കൊല്ലത്തേക്കു് വെറും ൩·൭ ശതമാനമായി കുറഞ്ഞിരിക്കുന്നുവെന്നാണു്.

വളരെ രസാവഹമായ ചില കണക്കുകളുണ്ടു്. മെഡിക്കൽവകുപ്പിലെ മൊത്തംതുകയിൽ മരുന്നുകൾക്കുവേണ്ടി ചിലവാക്കുന്ന തുക നോക്കിയാൽ ൫൧-൫൨-ൽ അതു് ആളൊന്നിനു് ൬ ണ. ൭ പൈ. ആയിരുന്നു. ആ വർഷത്തിൽ പോലീസുവകുപ്പിലേക്കു് ആളൊന്നിനു് ൧൧ ണ. ൬ പൈയാണു്. ൫൬-൫൭-ൽ മെഡിക്കൽ തുകയിൽ മരുന്നിനു് ആളൊന്നിനു് ൨ ണ. ൪ പൈ. ആയി കുറഞ്ഞപ്പോൾ പോലിസുവകുപ്പു് ൧൫ ണ. ൧൦ പൈ. ആയി വർദ്ധിച്ചു. ൫൧-൫൨-ൽ മരുന്നിന്റെ ൬·൭ ഇരട്ടിയായിരുന്നതു് ൫൬-൫൭-ൽ ൩ ഇരട്ടിയായി. ഇവരുടെ പൊതുജനാരോഗ്യപ്രേമം ഇതിൽനിന്നും വെളിപ്പെടുന്നുണ്ടു്.

മൊത്തം ചിലവിന്റെ ൨·൪ ശതമാനം ൫൧-൫൨-ൽ മരുന്നിനു് വേണ്ടി ചിലവാക്കിയെങ്കിൽ ഈ ബഡ്ജററിൽ അതു് ൨·൭ ശതമാനം മാത്രമാണു്. പബ്ലിക്കു് ഹെൽത്തുവകുപ്പിലേയ്ക്കുള്ള തുക കഴിഞ്ഞ വർഷത്തിലും ൯ ലക്ഷം രൂപാ കുറവാണു്. മെഡിക്കൽ ഗ്രാൻറിൽ മരുന്നിനും ഡയററിനും മററു സജ്ജീകരണങ്ങൾക്കുംകൂടി ൫൧-൫൨-ൽ ൬൨, ൧൬, ൬൬൯ രൂപാ ചിലവായി. ഈ ബഡ്ജററിൽ അതു് ൬൨, ൧൭, ൯൦൦ രൂപ മാത്രമാണു്.

സർ, മെഡിക്കൽ പബ്ലിക്കു്ഹെൽത്തു ഡിപ്പാർട്ടുമെൻറുകളുടെ ഏററവും ഒടുവിലത്തെ റിപ്പോർട്ടുകൾ പഠിക്കുന്നവർക്കു ഈ രാജ്യത്തെ പൊതുജനങ്ങളുടെ ദയനീയമായ ആരോഗ്യനിലയെപ്പററി മനസ്സിലാക്കാൻ കഴിയും. ആ ഒരു വർഷത്തിൽ

(൧) ക്ഷയരോഗബാധിതരായി അയ്യായിരത്തിൽപരം ആളുകൾ മരിച്ചു.

(൨) പതിമൂവായിരത്തിൽപരം പേർ ടൈഫോയിഡും പനിയും മൂലം മരിച്ചിട്ടുണ്ടു്.

(൩) അഞ്ചുവയസ്സിനുതാഴെയുള്ള ഇരുപത്തിനാലായിരത്തിൽപരം കുട്ടികൾ മരിച്ചു.

[ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ.]

അതിൽ ഒരു വയസ്സിനു് താഴെയുള്ള ശിശുക്കൾ പതിനേഴായിരത്തോളമാണു്.

(d) മൂവായിരത്തോളം ശിശുക്കൾ പ്രസവത്തിനുമുമ്പുതന്നെ മരിച്ചുപോകുന്നുണ്ടു്.

ഇത്ര ഭീമമായ ഒരു ശിശുമരണനിരക്കു് കാണാൻ പ്രയാസമാണു്.

ഈ സംസ്ഥാനത്തെ വിവിധമെഡിക്കൽ സ്ഥാപനങ്ങളിൽ ചികിത്സക്കു് ചെന്നിട്ടുള്ളവരെപ്പററിയുള്ള കണക്കുകളിൽനിന്നു്,

(a) ക്ഷയവും മററു ശ്വാസകോശരോഗങ്ങളും ബാധിച്ചവരായി നാലു ലക്ഷത്തോളമാളുകൾ ഉണ്ടെന്നു വ്യക്തമാകുന്നുണ്ടു്.

(b) മലേറിയ ബാധിച്ചവരായി എൺപതിനായിരത്തിൽപരം ആളുകളും ഉണ്ടെന്നു വ്യക്തമാകുന്നുണ്ടു്.

കാളറ ബാധിക്കുന്നവരിൽ ൫൦ ശതമാനവും മസൂരിരോഗികളിൽ ൩൩ ശതമാനവും ടൈഫോയിഡു് പിടിപെടുന്നവരിൽ ൩൦ ശതമാനവും മരിച്ചുപോകുന്നതായി വേറൊരു കണക്കിൽനിന്നും കാണുന്നുണ്ടു്.

നാടെങ്ങും അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുഷ്ഠരോഗികൾ പൊതുജനാരോഗ്യത്തിന്റെ ഏററവും വലിയ വിപത്തായി തീർന്നിട്ടുണ്ടു്. ഇവരെ ചികിത്സിക്കുന്നതിനും പാർപ്പിക്കുന്നതിനും വേണ്ട കാര്യക്ഷമമായ നടപടികളൊന്നും ചെയ്തുകാണുന്നില്ല.

ഈ നാട്ടിലെ ആയിരക്കണക്കിനുള്ള ക്ഷയരോഗികളുടെ നില വളരെ നിരാശാജനകമാണു്. സാനട്ടോറിയത്തിൽ പ്രവേശനം ലഭിക്കുന്നതിനു് കൈക്കൂലിവരെ കൊടുക്കേണ്ടിവരുന്ന പരിതഃസ്ഥിതിയാണു് പലപ്പോഴുമുള്ളതെന്നു പരാതിയുണ്ടായിട്ടുള്ളതാണു്. മാത്രമല്ല, ക്ഷയരോഗാശുപത്രികളിൽ രോഗികളോടുള്ള പെരുമാററം മററാശുപത്രികളിലുള്ളതിനേക്കാൾ ഭയങ്കരമാണെന്നും പരാതികളുണ്ടു്.

റിപ്പോർട്ടുകളിൽ നിന്നും കാണുന്നതു് നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ആരോഗ്യം പൊതുവേ തകർന്നിരിക്കുന്നുവെന്നാണു്. മാൽന്യൂട്രിഷൻ, കണ്ണിനു് കാഴ്ചക്കുറവു്, വിളർച്ച, ഇതെല്ലാം ഒരു നല്ല ശതമാനം വിദ്യാർത്ഥികളെയും ബാധിച്ചിട്ടുണ്ടെന്നു കാണുന്നു.

ഈ സംസ്ഥാനത്തെ ഫാക്ടറികളിലും തോട്ടങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്കു കാര്യക്ഷമമായ രീതിയിൽ വൈദ്യസഹായം എത്തിക്കാനുള്ള പദ്ധതികളില്ല.

പ്രത്യേകിച്ചും സ്ത്രീതൊഴിലാളികൾക്കു് ശരിയായ പ്രസവശുശ്രൂഷയ്ക്കുള്ള മെറേറർനിററിസെൻറേഴ്സു് രാജ്യത്തൊരിടത്തുതന്നെയും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. എന്തിനു് സർ, ഈ സംസ്ഥാനത്തെ പ്രൈവററു് പ്രൈമറി അദ്ധ്യാപികമാർക്കു പ്രസവാവധിക്കുള്ള അവകാശം പോലുമില്ലെന്നാണറിയുന്നതു്.

ഇങ്ങനെ വൈദ്യസഹായത്തിന്റെ ആവശ്യകത നാട്ടിന്റെ എല്ലാ മൂലയിലും കാണാൻ കഴിയും. ദിനംപ്രതി ആരോഗ്യം തകർന്നുവരുന്ന ഒരു ജനതയെ മരണത്തിൽനിന്നും രക്ഷിക്കാനുള്ള ജീവകാരുണ്യപരമായ കടമപോലും ഇവക്കു നിറവേററാൻ കഴിയുന്നില്ലെങ്കിൽ അതു ഭയങ്കരമാണു്.

ഇത്രയധികം രോഗികളും സാംക്രമികരോഗങ്ങളുമുള്ള ഈ സംസ്ഥാനത്തു മെഡിക്കൽ പബ്ലിക്കഹെൽത്തു ഡിപ്പാർട്ടുമെൻറുകളുടെ പ്രവൎത്തനവും കാര്യക്ഷമമല്ല.

ഗവണ്മെൻറവകയും ഗ്രാൻറ്-ഇൻ-എയിഡും മെഡിക്കൽ സ്ഥാപനങ്ങളെല്ലാം കൂടി നോക്കിയാൽ ൩൦,൦൦൦-നും ൪൦,൦൦൦-നും മദ്ധ്യേ ആളുകൾക്ക് ഒരെണ്ണമാണുള്ളത്. ഇതിൽ പ്രതിദിനം, സായാഹ്നം, ദൈവാരികം, ഭ്രാന്തു്, കുഷ്ഠം, ക്ഷയം, ഇതെല്ലാം ഉൾപ്പെടും.

൩൦,൦൦൦ ആളുകൾക്ക ഒരു ഡാക്ടറും, അൻപതിനായിരത്തിന് ഒരു മിഡ്വൈഫറികേന്ദ്രവും ൪൦,൦൦൦ പേൎക്ക ഒരു മിഡ്വൈഫും, ഇരുപതിനായിരം പേൎക്ക ഒരു നഴ്സും; ഏതാണ്ടീനിലയിലുള്ള ഒരു അപര്യാപ്തമായ വൈദ്യസഹായ-പദ്ധതിയാണ് ഈ നാട്ടിലുള്ളതു്.

ആസ്പത്രികളെല്ലാം പട്ടണത്തിൻെറ നടുക്കും, ഡാക്ടർമാരും മെഡിക്കൽ പ്രാക്ടീഷണർമാരും പട്ടണത്തിലും കഴിച്ചുകൂട്ടുന്ന ഈ പരിതഃസ്ഥിതിയിൽ ഗ്രാമങ്ങളിലും സാധാരണജനങ്ങൾക്കും ശരിയായ വൈദ്യസഹായം ലഭിക്കാത്തതിൽ അൽഭുതമില്ല. പറവൂർ താലൂക്കിൽ ചാത്തനാട്ട്, മുനമ്പം, മുതലായപ്രദേശങ്ങളിൽ ഡിസ്പെൻസറികളോ മിഡ്വൈഫറി കേന്ദ്രങ്ങളോ ഇല്ലാതെ നാട്ടുകാർ വളരെ വിഷമിക്കുന്നുണ്ടു്.

പട്ടണങ്ങളിലുള്ള പ്രധാനപ്പെട്ട ആസ്പത്രികളിൽപോലും വളരെയധികം ബുദ്ധിമുട്ടുകളുണ്ട്.

ഒന്നാമതായി മരുന്നില്ല. രോഗികളുടെയും രോഗങ്ങളുടെയും ആവശ്യത്തിനുതകുന്ന മരുന്നുകൾ ഒരു ആസ്പത്രിയിലും കാണുകയില്ല. സപ്ലൈ ഇല്ല. ഏതെങ്കിലും നല്ലമരുന്നുകൾ സപ്ലൈയുണ്ടെങ്കിൽ അതു് "മെഡിക്കൽ" ഉദ്യോഗസ്ഥന്മാരായ നമ്മുടെ ഡാക്ടർമാരുടെ ഇഷ്ടാനുസരണം ചെലവാക്കുകയും പാവപ്പെട്ടവർക്ക ഒന്നും കിട്ടാതെ വരികയും ചെയ്യുന്നുണ്ടു്.

പലപ്പോഴും, ആവശ്യത്തിനുള്ള മരുന്നു കിട്ടാതെ ഡാക്ടറുടെ ചീററുപ്രകാരം വെളിയിൽനിന്നു വാങ്ങാനുള്ള സാമ്പത്തിക കഴിവില്ലാതെ നിരാശരായി രോഗികൾ വിധിയെ പഴിച്ചുകൊണ്ടു് ആസ്പത്രികളിൽനിന്നു മരണത്തിലേക്ക് ഇറങ്ങിപ്പോകുന്നകാഴ്ച കാണുവാൻ കഴിഞ്ഞിട്ടുണ്ടു്.

ഇതിനെല്ലാം പുറമെ തൃപ്തരല്ലാത്ത ഒരു വിഭാഗം ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെൻറിൽ കിടന്നു പാടുപെടുന്നുണ്ടു്. മൂന്നു മണിക്കൂർ ജോലി ചെയ്യേണ്ടിവരുന്ന മിനിയൽ സ്റ്റാഫും തുച്ഛ ശമ്പളത്തിൽ കിടന്നു വിഷമിക്കുന്ന കമ്പൗണ്ടർമാരും യൂണിഫാറവും മററാനുകൂല്യങ്ങളും ശരിക്ക് ലഭിക്കാതെ വിഷമിക്കുന്ന നഴ്സുകളും, ഇങ്ങിനെ ഡിപ്പാർട്ടുമെൻറാകെ അതൃപ്തരും പരാതിക്കാരുമായ ഒരു വിഭാഗം ആളുകളുണ്ടു്.

ഇങ്ങിനെ നാനാവിധത്തിലും യഥാർത്ഥമായ ആവശ്യത്തിനുതകുന്ന വൈദ്യസഹായം നാട്ടുകാർക്കെത്തിക്കുവാൻ ഈ ഡിപ്പാർട്ടുമെൻറ് പര്യാപ്തമല്ല.

[ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ.]

ഗ്രാമങ്ങളിൽനിന്നും പട്ടണത്തിൽ വന്നു ചികിത്സനടത്തിയും മരുന്നുകൾ വാങ്ങിച്ചും പോകുവാനുള്ള യാത്രാസൗകര്യങ്ങൾപോലും കാര്യക്ഷമമായി ഉണ്ടാക്കുവാൻ ഈ ഗവണ്മെന്റ് ആത്മാർത്ഥമായി പരിശ്രമിച്ചിട്ടില്ല.

സർ, ഒരു മുൻ ആരോഗ്യമന്ത്രിയുടേയും ഒരു മുൻ മുഖ്യമന്ത്രിയുടെയും നാടാണ് പറവൂർതാലൂക്ക്. അവിടെ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മൂത്തകുന്നത്തുനിന്ന് ഒരാളെ അത്യാവശ്യമായി പറവൂർ ആശുപത്രിയിൽ കൊണ്ടുവരണമെങ്കിൽ ഇന്നു നിവൃത്തിയില്ല. ഒരു പാലം പണിതിട്ടു മാസം ആറുകഴിഞ്ഞു. അപ്രോച്ച് റോഡ് ശരിയാകാത്തതുകാരണം ഏണിവഴി കയറിയിറങ്ങിവേണം യാത്രചെയ്യാൻ. ഈയിടെതന്നെ റോഡു പണി ആരംഭിക്കുന്നതുകൊണ്ടു് ചങ്ങാടം നിർത്തൽ ചെയ്തതായി ഒരു നോട്ടിഫിക്കേഷൻ കഴിഞ്ഞമാസത്തെ ഗസററിൽ കണ്ടു. എന്തിനാണിങ്ങനെ ഗസററിലാക്കുന്നതു്. കടത്തുകൂലിയും കൂട്ടാൻ പോകുന്നത്രെ.

പറവൂർ-ചാത്തനാട്ട റോഡിൽ പെരുമ്പടന്നക്കു സമീപം ഒരു തോടുണ്ടു്. അവിടെ ഒരു കലുങ്ക് കെട്ടുന്നകാര്യം ബഡ്ജററിൽ കണ്ടുതുടങ്ങിട്ട് കുറെ നാളുകളായി.

മുനമ്പംപള്ളിപ്പുറം റോഡാണെങ്കിൽ കലുങ്കുകൾ തകർന്നും റോഡ് തോടായും കിടക്കുകയാണ്.

ചേന്ദമംഗലം വ സെക്ഷൻ റോഡിനു സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞു. ഇന്നതു് സർക്കാർ തെങ്ങുകയറിച്ചു് ആദായമെടുക്കുകയാണ്.

ഗോതുരുത്താണെങ്കിൽ സഞ്ചാരയോഗ്യമായ ഒരിടവഴിപോലും ഇല്ലാതെ നാലുവശവും വെള്ളത്താൽ ചുററപ്പെട്ടു് ഒരുമിച്ചായി കിടക്കുകയാണ്.

സർക്കാർ റോഡുവെട്ടിയില്ലെങ്കിൽ വേറെയുള്ള നാട്ടുകാർ സ്ഥലം സംഭാവനചെയ്തു റോഡുവെട്ടിയാൽ അതു ഗവണ്മെന്റിനു് വേണ്ടാതാനും.

ഇതിനെപ്പററി പരാതിപ്പെട്ടിട്ടൊരു ഫലവുമില്ല. അത്രയാണവരുടെ ഉത്തരവാദിത്വം.

റൂറൽസാനിട്ടേഷന്റേയും ശുദ്ധജലവിതരണത്തിന്റേയും കാര്യം പരിതാപകരമാണ്.

മററു പലയിടങ്ങളിലുമെന്നപോലെ പറവൂർ ടൗണിലും ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന ഒരു വാർഡിന്റെ മദ്ധ്യത്തിലാണ് മലനിക്ഷേപകേന്ദ്രം. അതിന്റെ ചുററും ഒരു വേലിപോലും കെട്ടുവാൻ അധികൃതർ ശ്രദ്ധിച്ചിട്ടില്ല. പബ്ലിക്ക് ആഫീസുകളുടെ മുൻപിലുള്ള കച്ചേരിത്തോട്ടു് വെള്ളം കെട്ടികിടന്നു് ഒരു കൊതുകുവളർത്തൽ കേന്ദ്രമായിരിക്കുകയാണ്. ടൗണിലെ ഇടവഴികളെല്ലാം പബ്ലിക്ക് ലട്രീനുകളായി തീർന്നിട്ടുണ്ടു്. ടൗണിലും ഗ്രാമങ്ങളിലും പബ്ലിക്ക്കക്കൂസുകൾപോലുമില്ല.

ശുദ്ധജലംകിട്ടാതെ വിഷമിക്കുന്ന വടക്കേക്കര, മുനമ്പം, കടക്കര, പെരുമ്പടന്ന തുടങ്ങിയ പ്രദേശങ്ങളിൽ കുഴൽകിണറുകളോ സാധാരണ പൊതുകിണറുകളോ ഇല്ല. പൈപ്പുലൈൻ നീട്ടുന്ന കാര്യത്തിൽ ഈ ഗവണ്മെന്റ് കാണിക്കുന്ന കുററകരമായ അനാസ്ഥ ക്ഷന്തവ്യമല്ല.

ഒരു രാജ്യത്തിന്റെ പൊതുജനാരോഗ്യപ്രവർത്തനത്തിന്റെ അടിസ്ഥാനം സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുകയാണ്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയാണ് എന്ന തത്വം ഈ ബുദ്ധിരാക്ഷസന്മാർക്ക് അറിഞ്ഞുകൂടായിരിക്കും. തൊഴിലില്ലായ്മയിലും പട്ടിണിയിലും കൂടി നീങ്ങി വിലക്കയററത്തിൽ അടിപ്പെട്ട് വാങ്ങാനുള്ള കഴിവ് നശിച്ച് ഭക്ഷണക്ഷാമത്തിൽ മുങ്ങി കഴിയുന്ന ഒരു ജനത ആരോഗ്യം നിലനിറുത്തണമെന്ന് പറയുന്നതിൽ അർത്ഥമില്ല.

നാട്ടുകാരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ ഇവർ എന്തു ചെയ്തു സർ. സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുവാൻ ഇവർക്ക് എന്തു പദ്ധതിയാണുള്ളതു്? ഈ നാട്ടിലെ തൊഴിലാളികളുടെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുവാൻ ഈ പത്തുമലയിലെ ഘാതകർക്ക് കഴിവില്ല. ഈ രാജ്യത്തിന്റെ വരുമാനത്തിന്റെ നല്ല ഒരു ശതമാനം നേടികൊടുക്കുന്ന ചെത്തു തൊഴിലാളികളുടെ അവകാശവാദങ്ങളുടെ നേരെ ഇവർ എടുത്തനില, കാണിച്ച അനാസ്ഥ, പ്രയോഗിച്ച മൃഗീയമായ മർദ്ദനമുറകൾ ഇതു് വിളിച്ചു പറയുന്നുണ്ട്. ഒത്തുതീർപ്പുകൾ ലംഘിച്ചാൽ ഇവർ ഇടപെടുകയില്ല. തൊഴിലാളികളെ മുതലാളികളും ഗുണ്ടാകളും മർദ്ദിച്ചാൽ ഇവർ ഇടപെടുകയില്ല. ഒരധികാരവുമില്ലാത്ത ലേബർഡിപ്പാർട്ടുമെന്റും തൊഴിലാളികളുടെ അവശതകളുടെ നേരെ "മുതലക്കണ്ണുനീരു" ഒഴുക്കുന്ന ഈ മഹാമനസ്കരുംകൂടി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്നു കരുതുന്നതു് മൗഢ്യമാണ്. "തൊഴിലാളികൾ അവകാശങ്ങൾക്ക് ഡയറക്ട് ആക്ഷനിലേക്ക് നീങ്ങിയാൽ അതു് അവരുടെ കാര്യമാണെന്ന് കരുതി മിണ്ടാതെയിരിക്കുകയേ നിവൃത്തിയുള്ളു," എന്ന അർത്ഥത്തിൽ തൊഴിൽവകുപ്പുമന്ത്രി പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ് സർ. എന്തൊരു ധിക്കാരമാണിതു്, സർ. തൊഴിലാളിവർഗ്ഗത്തോട് എന്തൊരു പുച്ഛമാണ് സർ.

മുനിസിപ്പൽ തൊഴിലാളികൾക്ക് ഒരു മിനിമംവേജസ് കമ്മിററി വന്നു. റിപ്പോർട്ട് സമർപ്പിച്ചു. കയർ മിനിമം വേജസ് കമ്മിററി റിപ്പോർട്ടു സമർപ്പിച്ചു. ബീഡിതൊഴിലാളികളുടെ മിനിമംവേജസ് നിശ്ചയിച്ചു. വ്യവസായം ഇന്ന് തകർന്നിരിക്കുകയാണ്. മിനിമംവേജസ് നിശ്ചയിച്ച് കടലാസിലെഴുതി തൊഴിലാളിയെ കാണിക്കാനല്ലാതെ ഇതൊന്നും നടപ്പിൽവരുത്താൻ ഇവർക്കു പദ്ധതിയില്ല,

കയർസഹകരണസംഘങ്ങൾ ഈ നാട്ടിൽ ഉണ്ട്. ഇന്ന് നിലവിലുള്ള കൂലിയെങ്കിലും നിലനിറുത്തുവാനോ ജോലിസ്ഥിരത നൽകുവാനോ ഉള്ള യാതൊരു പദ്ധതിയുമില്ലാത്ത ഈ സഹകരണസംഘങ്ങൾകൊണ്ട് യാതൊരു നേട്ടവുമുണ്ടാകയില്ല. ശരിയായ പ്രചാരം നൽകി മാർക്കററ് കണ്ടുപിടിക്കാനോ നൂലിന്റെ ഇന്നത്തെ വിലക്കൂടുതൽ സബ്സിഡൈസ് ചെയ്യാനോ ഉള്ള പദ്ധതികൾ ഒന്നുമില്ലാത്ത കൈത്തറിവ്യവസായപ്രോത്സാഹനത്തിൽ അർത്ഥമില്ല. അങ്ങിനെ ജനങ്ങളുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്താതെ അവരുടെ ആരോഗ്യം നിലനിറുത്താമെന്നുള്ള വ്യാമോഹവും അതിനുള്ള നെടുങ്കൻ പദ്ധതികളും വെറും പൊള്ളത്തരങ്ങളാണ്, വീമ്പു പറച്ചിലാണ്.

[ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ.]

രണ്ടും മൂന്നും വയസ്സുള്ള പിഞ്ചുകുഞ്ഞുങ്ങൾ മുതൽ ആബാലവൃദ്ധം കുടുംബാംഗങ്ങളും കൂടി മടൽ തല്ലിയും കയർ പിരിച്ചും നൂൽ ചുററിയും മുണ്ടു നെയ്തും കഠിനാദ്ധ്വാനംചെയ്തു പട്ടിണി കിടക്കേണ്ടിവരുന്ന ഈ പരിതഃസ്ഥിതിയിൽ കുടിയിറക്കപ്പെട്ടു് ഭവനരഹിതരായി പീടികത്തിണ്ണകളിലും പെരുവഴിയിലും സംസ്കാരവും സന്മാർഗ്ഗവും വിററതിന്നു ജീവിക്കേണ്ടിവരുന്ന ഒരു വിഭാഗം ആളുകളുള്ളപ്പോൾ ആരോഗ്യത്തെപ്പററിയുള്ള മായാദിപ്രസംഗങ്ങൾ കൊണ്ടൊന്നും ഫലമില്ല സർ.

രാഷ്ട്രീയമായ മുതലെടുപ്പിനും വോട്ടുപിടിത്തത്തിനും ചിലരുടെ കാര്യലാഭത്തിനും വേണ്ടിയുള്ള ദുരിതാശ്വാസനിധിയും ആത്മാർത്ഥതയില്ലാത്ത ദുരിതനിവാരണപ്രവർത്തനവും ഇതിന്നു് പരിഹാരമല്ല.

പട്ടുമല സൃഷ്ടിച്ച ഇവർക്കു്, നാടെങ്ങും മർദ്ദനം അഴിച്ചുവിട്ട ഇവർക്കു് നാടെങ്ങും നടക്കുന്ന ഗുണ്ടാഭരണത്തിനു കൂട്ടുനില്ക്കുന്ന ഇവർക്കു് സ്വകാര്യതാൽപര്യങ്ങൾ മാററിവെച്ചു്, ജനങ്ങളോടുള്ള ഉത്തരവാദിത്വം ആദ്യം മനസ്സിലാക്കണം. വളർന്നുവരുന്ന സാമ്പത്തികകുഴപ്പവും വ്യാവസായിക തകർച്ചയും പരിഹരിക്കേണ്ടതു തൊഴിലിനും ജോലി സ്ഥിരതയ്ക്കും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുവാനും അത്യന്താപേക്ഷിതമാണെന്നു ബോദ്ധ്യംവരണം. ആത്മാർത്ഥതയോടെ അതിനുവേണ്ട വ്യക്തമായ പരിപാടികൾ രൂപീകരിച്ചു് ആത്മധൈര്യത്തോടെ നട്ടെല്ലോടു കൂടി അതു നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കണം. അതിനു ഇവർക്കു കഴിവുണ്ടോ, സമയമുണ്ടോ, മനസ്സുണ്ടോ എന്നാണു നോക്കേണ്ടതു്.

പട്ടുമല സൃഷ്ടിച്ച ഇവർക്കു, നാടെങ്ങും മർദ്ദനം അഴിച്ചുവിട്ട ഇവർക്കു്, നാടെങ്ങും നടക്കുന്ന ഗുണ്ടാഭരണത്തിനു കൂട്ടുനിൽക്കുന്ന ഇവർക്കു് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴികയില്ല. അവരുടെ നേരെ സമരം പ്രഖ്യാപിക്കുന്ന ഈ ബഡ്ജററ അവതരിപ്പിച്ച മന്ത്രിസഭയ്ക്കു അതിനു കഴിവില്ല, മനസ്സില്ല, സമയവുമില്ല.

ഇവർക്കു ഈ നാട്ടിലെ ജനങ്ങളെ പ്രതിനിധീകരിക്കാൻ എന്തർഹതയാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. ജനങ്ങൾ അതിനു് ഉത്തരം പറയാൻ തയാറെടുക്കുന്നുണ്ടു്.

“വീടു് ഇടിഞ്ഞു പൊളിഞ്ഞു വീണാലൊ, അതിനകത്തുള്ളവർ മരിച്ചാലൊ എന്താണു ചെയ്യേണ്ടതെന്നു അപ്പോഴാണു ആലോചിക്കേണ്ടതെന്നു” പ്രഖ്യാപിച്ച ഒരു മന്ത്രിസഭയാണിതു്.

ഇതു ഇടിഞ്ഞു പൊളിഞ്ഞു വീഴും. എന്താണു ചെയ്യേണ്ടതെന്നു ആലോചിക്കാൻ സമയം കിട്ടുന്നതിനുമുൻപു അതു തീരുകയും ചെയ്യും. അത്രമാത്രം. ഈ ബഡ്ജററിനെ എതിർക്കുന്നു.

**Shri A. A. D. Luiz :** Sir, cataloguing of grievances is never a pleasant task but it becomes inevitable for a member nominated to represent a particular minority community.

Before starting with a chain of complaints it is worth conveying to this House a piece of information.

I am now in possession of information with regard to amounts disbursed by various States in India for promoting Anglo-Indian education. The figures for the years 1951-52 are as follows :—

The United Provinces with a population of 6062 Anglo-Indians have spent Rs. 7,02,171. Orissa with a population of 485 spent Rs. 50,579. Punjab with a population of 935 spent Rs. 81,628. Madras with a population of 27,253 spent Rs. 11,01,772. Hyderabad with a population of 2634 spent Rs. 1,37,814. Bombay with a population of 7,327 spent Rs. 5,37,933. Delhi with a population of 812 and with just two Anglo-Indian institutions spent Rs. 14,614. The above population figures are from the Census of India 1951. The States in India have been generous to this community because they are poor not only financially but also in progress and in education, their charity being founded on the fact that they are a backward class. If one group can receive consideration and concessions at one latitude within India, why should they be denied assistance at another latitude and that too within India ? The Government now engaged in nation building will take cognizance of the information furnished and do something for the betterment of this community.

Coming to the catalogue of complaints the first that should be mentioned is the recent G. P. S2-15238/50/CS dated 17th September 1952, whereby this Government has overlooked the privileges which existed for this community in erstwhile Cochin State and has clubbed them with the Latin Catholics in this State for the purpose of Government appointment. In erstwhile Cochin State where the greater part of Anglo-Indians even now have their homes, it was an established fact right from July 1925 that this community was treated as a distinct minority community. It was in recognition of this privilege that the Government was pleased to create a nominated seat for this community in the Cochin Legislative Council. Order No.9 in Appendix 3, page 233 of the Standing Orders (Edition IV), gives the rules of the Staff Selection Board and from this it is quite clear that the Anglo-Indians were not only treated as a distinct minority but were also entitled to two per cent of the public appointments. The Order of rotation is stated in Schedule II of the Rules and this too clearly indicates the distinction between Anglo-Indians and Latin Catholics. The community that received appointments in this State feel most unhappy to realise that a privilege that once existed for them has been totally destroyed. Surely, in the Covenant of Integration of the two States there are ample provisions to protect the privileges that were enjoyed by the citizens of both States. The Government may seek shelter under the

[Shri. A. A. D. Luiz.]

provisions of Article 16 (1) but remember that by sub-section (4) of the same Article the Government is given the freedom to declare communities as backward classes. If you have the authority to declare afresh, you have the right to retain the declaration that this community is a backward class. The Government of India has in Articles Nos. 336 and 337 deviated from the provisions of Article 16 for the sake of this backward community and I fail to understand why this State Government cannot use the provisions of Article 16 (4) to permit the continuance of the privilege that existed. A Committee was constituted in this State for advising the Government with regard to rules to be made for recruitments in Government Service. This Committee submitted a report to the Government on 21st March, 1952. This Committee has made a report without considering the past and present backwardness of Anglo-Indians. There is nothing in this report about this Community. I will be perfectly justified in using the word "careless". Reference has to be made to the provisions in sub-Clauses 1 and 2 of Article 336 of the Constitution of India where it is clearly stated that the privileges enjoyed by Anglo-Indians as on the 15th August 1947, shall continue for a period of ten years. Reference should also be made to the Constituent Assembly Debates —Minority Community Report—Appendix A of report in Volume V, No. I-XI-1947 (pages 267-272) from where it is clear that the Anglo-Indians have not been classed with Indian Catholics for appointments etc. It is also worth bringing to your attention that in the Anglo-Indian community there are followers of the Church of England, the Scottish Church and many other non-Catholic and non-Roman institutions. The classification "Latin Catholic" only includes those who come within the Latin Hierarchy as administered by His Holiness the Pope of Rome. Religion is just an accident of birth and a democratic Government cannot make religion the basis for denying an Anglo-Indian's appointment in the State Services. The new Proceedings merging this Community with Latin Catholics indicate that the Government concedes that this Community is backward. Now all that remains is to give it a separate entity.

The next matter of complaint is the directions contained in the G. P. D. Dis. 6419 dated the 18th August 1952, cancelling the existing arrangement for the issue of a Community Certificate for an Anglo-Indian by the Anglo-Indian Union of Associations and vesting that authority with the State Legislative Assembly members and Gazetted Officers. There is no intention whatsoever to cast any aspersion against any of the members in this Legislature or the

Gazetted Officers of this State. However, a strong protest against an order revoking an existing arrangement and a privilege of a recognized Association of this Community has to be lodged. Here again please refer to G. P. E. Did.38114/21 dated 31st July 1946 of the erstwhile Cochin Government approving the authority of the Association to issue a Community Certificate for Anglo-Indians. The Community Certificate is the basis on which a member of the community becomes entitled to services reserved for the community as per the provisions of Articles 336 and 337 of the Constitution. This is the only community that has been specifically described in the Constitution of India, and in this connection I would refer to provisions contained in Part XIX, sub-clause 2 of Article 366 of the Constitution of India. Very definitely the Union of Anglo-Indian Associations is the organization that should certify as to who is an Anglo-Indian as provided under law. Please refer to the Madras Government Notification incorporated in pages 436 and 437 of the Fort St. George Gazette Notification, Part (1) B dated 18th June 1952 where it is stated that the authority for issuing a Community Certificate for an Anglo-Indian vests with the Anglo-Indian Associations. By generalising this Authohrity for issuing a Community Certificate, there is every danger that the limited concessions provided for this Minority Community by the Governments of States and Centre and the provisions made by great charitable personages for education may be availed of by persons who are not Anglo-Indians. In a recent communication No. ED8-11421/52/EHL dated 16-2-1953 this Government describes the original order of 18-8-1952 as an extension, but here again it refuses to acknowledge the authority of the Association which existed right along. This House may be rightly informed that it is the accepted policy of the Government of India to recognize the Community Certificates issued by the recognized Associations.

The next complaint is the information gathered from the answer dated 5th July 1952, to question No. 49 when the Minister for Public Works and Transport Department stated that out of a total of 3,653 employees in the Transport Department there is only one Anglo-Indian . Anglo-Indians are about 20,000 in number and if the mathematical comparison between 20,000 and ninety lakhs is to be the basis for appointment this community is definitely entitled to more than one appointment in this particular Department which has been in existence for several years. This, I suppose, is more or less the state of affairs in other Departments as well.

Reference has also to be made to answer to question No, 50, dated 8th July 1952, when the Minister for Education stated that

[Shri A. A. D. Luiz]

twenty-four candidates were sent for overseas training and no Anglo-Indian has been included. This is not a pleasant factor. Remember this community when future occasions arise for sending students for overseas training.

Reference has to be made to the reply received to question No. 34, dated the 5th June 1952, when the Minister for Employment admitted that no Anglo-Indian had been provided with employment by the Employment Exchanges functioning in this State. This tantamounts to a rather malicious omission specially because several thousands and thousands have been provided for by the Employment Exchanges functioning in this State. The Employment Exchanges were specifically organized to provide ex-service men with appointments but now there is every reason to presume that this community has been totally neglected. Reference should be made to G. P. P. 8-4997/29 dated the 8th March 1944, wherein there is the positive assurance of the erstwhile Cochin Government to give priority of employment for ex-service personnel. The new State which is the outcome of the integrated States has completely ignored the positive assurance of the erstwhile Cochin State. It would be more or less correct to say that the Anglo-Indian ex-service men have received absolutely no attention in the post-war days. The solemn promise of the great men of India that every attempt will be taken to absorb the ex-service men should be respected and fulfilled.

The great and eminent Statesman of India, Shri Sardar Vallabhai Patel, declared on the 25th August 1947, that safeguards for this community has to be continued in the same form for some years to come, failing which the community will be subjected to a sudden economic strain which it may not be able to bear. He has made this remark in the capacity of the Chairman of the Minorities Committee just before he could recommend the safeguards for acceptance of the Parliament.

In the erstwhile Cochin State we had the assurance to quote the very reply of the Government in answer to question No. 130, on the 20th July 1938 "that special consideration will be shown to the students of the community wherever necessary". Nothing in the nature of a special consideration exists in the persent days. Government may be anxious to protect the provisions of Article 16 of the Constitution of India but there is every justification to implement the provisions of Articles 45 and 46 especially in view of the backwardness of this community. A request to introduce compulsory education for the youth of this community has been

turned down by the Government for the reason that the Act cannot be made applicable to one community alone. Well, the genuineness of this excuse is not being challenged at the moment, but I request that the Government can indicate genuineness by enforcing compulsory education in the Cochin Kanayannur Taluk where there is at present about eighty percent of the Anglo-Indian population of this State.

On working out Democracy some method should be found by which the minorities are not ignored or swamped. This presumably was the pre-occupation on the minds of the eminent men who introduced provisions for communal representation in this country. It is true that the sooner we get rid of communal representation, the quicker we approach healthy Nationalism for a happier India. The Anglo-Indian community, be assured, shall be the first to drop their prefix provided the philosophy of ONE NATION which is now confined to the lips of the leaders of the major communities moves into their hearts and gives proof of their love for a country without communal classification. It is not so much on the written word of the printed Constitution that will ultimately depend whether we reach full status but it is the spirit in which the leaders and administrators of the country implement the Sacred Constitution of ours and in the spirit in which they approach the vast problems that confront India.

3 P. M.]

ശ്രീ. കെ. സദാനന്ദൻ: സർ, ഇവിടെ വലിയ ശമ്പളം പറ്റുന്നവരും ചെറിയ ശമ്പളം പറ്റുന്നവരുമായി ഒരു വലിയ സംഖ്യ ഉദ്യോഗസ്ഥന്മാരുണ്ട്. വലിയ ശമ്പളം പറ്റുന്നവരാണെങ്കിൽ വളരെ കുറച്ചു പേർ മാത്രമെയുള്ളു. ബഹുഭൂരിപക്ഷവും ചെറിയ ശമ്പളം പറ്റുന്നവരാണ്. അവരെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ വളരെയധികം ദയാദാക്ഷിണ്യങ്ങൾ കാണിച്ചിട്ടുണ്ടെന്നു ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതു് എന്തൊക്കെയാണെന്നു നാം അറിയേണ്ടതാണ്. അഞ്ചുവർഷമോ അതിൽ കൂടുതലോ സർവീസുള്ള ഉദ്യോഗസ്ഥന്മാർക്കു് സ്റ്റഡിലീവു അനുവദിച്ചിട്ടുണ്ട്. ക്ഷാമബത്തയുടെ ഒരംശം ശമ്പളത്തോടുകൂടി കൂട്ടിച്ചേർക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. സ്റ്റഡിലീവു് അനുവദിക്കുന്ന അവസരത്തിൽ ക്ഷാമബത്ത മുഴുവനും കിട്ടുന്നുള്ള അവകാശവും ഉണ്ടായിരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ക്ഷാമബത്ത ശമ്പളത്തോടുകൂടി കൂട്ടിച്ചേർക്കുമ്പോൾ ചെറിയ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം എത്രാണ്ടു അഞ്ചു രൂപയാണ് ശമ്പളത്തോടുകൂട്ടിച്ചേർക്കാൻ പോകുന്നതെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ വരുമ്പോൾ സ്റ്റഡിലീവു് എടുക്കുന്ന അവസരത്തിൽ ക്ഷാമബത്തയിൽ അഞ്ചു രൂപാ കുറയുമെന്നുള്ള കാര്യം നാം പ്രത്യേകം ഓർക്കേണ്ടതാണ്. ഒരു മൂന്നുനാലു വർഷത്തിനു മേൽ പെൻഷൻപറ്റിപ്പോകുന്ന പത്തോ നൂറോ ഉദ്യോഗസ്ഥന്മാർക്കു്

[ശ്രീ. കെ. സദാനന്ദൻ]

പെൻഷനിൽ രണ്ടരരൂപാ കൂടുതൽ കിട്ടുന്നതിനുമാത്രമെ, ഈ ക്ഷാമബത്തയിൽ ഒരംശം ശമ്പളത്തോടു ചേർക്കുന്നതുകൊണ്ടു ഇടവരികയുള്ളൂ. മറെറാന്നു പറഞ്ഞിട്ടുള്ളതു് എൻ. ജി. ഒ. മാരുടെ കുഞ്ഞുങ്ങൾക്കു മിഡിൽസ്കൂൾ ക്ലാസ്സുകളിൽ മുഴുവൻ ഫീസുസൗജന്യവും ഹൈസ്കൂൾ ക്ലാസ്സുകളിൽ പകുതി ഫീസുസൗജന്യവും അനുവദിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ളതാണു്. ഇതു സംഭവിക്കാൻ പോകുന്നുണ്ടെന്നു വിശ്വസിക്കാൻ യാതൊരു നിർവ്വാഹവുമില്ല. ഇവിടത്തെ ചെറിയ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഇന്നു അവക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം അവരുടെ ജീവസന്ധാരണത്തിനു തികച്ചും അപര്യാപ്തമായിട്ടാണിരിക്കുന്നതു്. അങ്ങനെയുള്ളവക്കു ഫീസുസൗജന്യവുംമററും കൊടുക്കാൻപോകുന്നുവെന്നു പറഞ്ഞു പരത്താൻവേണ്ടിമാത്രമല്ലേ ഇങ്ങനെ ബഡ്ജററു് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതെന്നു് ഞാൻ സംശയിക്കുന്നു. അതു് എത്രകണ്ടു പ്രയോഗത്തിൽ വരുമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അബ്കാരി ഇനത്തിൽ ഏതാണ്ടു ഇരുപതുലക്ഷത്തോളം രൂപാ വരവു കുറഞ്ഞിരിക്കയാണു്. അതുപോലെതന്നെ വിൽപ്പനനികുതിയിനത്തിലും ഏ ൫ ലക്ഷത്തോളം രൂപ വരുമാനത്തിൽ കുറയുവാനാണു പോകുന്നതു്. പുറരാജ്യങ്ങളിൽനിന്നും കിട്ടുന്ന അരിയുടെ വിലക്കൂടുതൽനിമിത്തം ൮൭ കോടിരൂപാ ഇവിടത്തെ ഗവണ്മെൻറിനു് നഷ്ടമുണ്ടാകാൻ പോകുകയാണു്. അതിൽ രണ്ടുകോടി രൂപമാത്രമെ കേന്ദ്രഗവണ്മെൻറിൽനിന്നും സഹായധനമായി കിട്ടുകയുള്ളുവെന്നും ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. ഇങ്ങനെ ഏതാണ്ടു എട്ടുപത്തു കോടിയോളം രൂപയുടെ നഷ്ടംവരുന്ന ഒരു പരിതഃസ്ഥിതിയിൽ ഇവിടത്തെ എൻ. ജി. ഒ. മാക്കു് കൂടുതൽ സൗജന്യങ്ങൾ നൽകുമെന്നു പറയുന്നതിനെ പരിപൂണ്ണമായി വിശ്വസിക്കുന്നതിനു എനിക്കു കഴിയുകയില്ല. ഇവിടത്തെ എൻ. ജി. ഒ. മാർ ജീവസന്ധാരണത്തിനു് ആവശ്യമായ ശമ്പളം കിട്ടുന്നതിനു മുറവിളികൂട്ടിത്തുടങ്ങിയിട്ടു് വളരെ വർഷങ്ങളായി. ആ വിഷയത്തിൽ ഗവണ്മെൻറ യാതൊന്നും ഇതുവരെ പ്രവർത്തിച്ചിട്ടില്ല. കണ്ടിജൻസി ജീവനക്കാരായ തൂപ്പുകാരുടെ ശമ്പളം വെട്ടിക്കുറച്ചതായി ഒരു വലിയ പരാതി ഇപ്പോഴുണ്ടായിട്ടുണ്ടു്. അതിനു ഇവിടത്തെ എക്സൈസ് മന്ത്രി പറയുകയുണ്ടായി അവരെല്ലാം പാർട്ടുടൈം ജോലിക്കാരാണെന്നു്. അവക്കു് ഒന്നോ രണ്ടോ മണിക്കൂർ ജോലിചെയ്യുന്നതിനു് പതിമൂന്നുരൂപാ ശമ്പളംകൊടുത്താൽ മതിയെന്നും അദ്ദേഹം ഇവിടെ പ്രസ്താവിക്കയുണ്ടായി. ആ കാര്യത്തെപ്പററി നാം ഗാഢമായി പര്യാലോചിക്കേണ്ടതാണു്. ഏതെങ്കിലും ഒരു ആഫീസിൽപോയി രണ്ടുമണിക്കൂർ പണിയെടുത്തശേഷം തിരിച്ചുപോയി അവക്കു എന്തു ജോലിയാണു് ചെയ്യാൻ സാധിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. അങ്ങനെയുള്ള ഈ പാവപ്പെട്ട ജോലിക്കാരുടെ ശമ്പളത്തിൽക്കൂടി ഗവണ്മെൻറു് കൈവച്ചിരിക്കയാണു്.

നമ്മുടെ രാജ്യം ഒരു ക്ഷേമരാജ്യമാണെന്നാണു് പറയുന്നതു്. ഒരു രാജ്യം ക്ഷേമസംപൂർണ്ണമായിത്തീരണമെങ്കിൽ തീർച്ചയായും കാർഷികകാര്യത്തിൽ ഒരു പരിഷ്കരണം ഏർപ്പെടുത്തണം. അതുപോലെ തന്നെ

വ്യവസായീകരണവും നടപ്പിലാക്കേണ്ടതാണ്. ഈ രാജ്യത്തിനു അങ്ങനെ ഏതെങ്കിലും ഒരു പദ്ധതിയുണ്ടോയെന്നു സൂക്ഷിച്ചുനോക്കിയാൽ യാതൊരു പദ്ധതിയും ഇല്ലെന്നു മനസ്സിലാക്കാൻ കഴിയും. ഭൂനയത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും നിയമസഭയിൽ വയ്ക്കുന്നതിനോ അതുസംബന്ധിച്ച് എന്തെങ്കിലും പ്രസ്താവിയ്ക്കുന്നതിനോ ഇവിടത്തെ മന്ത്രിസഭയ്ക്ക്, ധൈര്യമുണ്ടായിട്ടില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. വർദ്ധിച്ചുവരുന്ന ഒരു ജനസമൂഹവും വർദ്ധിക്കാത്ത കൃഷിഭൂമിയുമുള്ള ഒരു രാജ്യത്തിനെ വ്യവസായീകരണപദ്ധതിമൂലം മാത്രമെ സംരക്ഷിക്കുന്നതിന് കഴിയുകയുള്ളൂ. ഈ കാര്യത്തിൽ ഗവണ്മെൻറു കണ്ണടച്ചിരിക്കയാണ് ചെയ്യുന്നതു്. വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണിതു്.

ഇന്നു സെക്രട്ടറിയേററിൽ നിയമനം നടത്തുന്നതു സംബന്ധിച്ചും പ്രമോഷൻ കൊടുക്കുന്നതു സംബന്ധിച്ചും വളരെയധികം ആക്ഷേപങ്ങൾ നാട്ടിൻെറ നാനാഭാഗത്തും ഉണ്ടായിട്ടുണ്ട്. ശുപാർശയും സേവയും സ്വജനപക്ഷപാതവും നോക്കിയാണ് ഇവിടത്തെ മന്ത്രിസഭ ഉദ്യോഗനിയമനങ്ങൾ നടത്തുന്നതെന്നും ഉദ്യോഗകയററം നൽകുന്നതെന്നും വളരെയധികം ആക്ഷേപങ്ങൾ കേൾക്കുന്നുണ്ട്. അതു വളരെ പരമാർത്ഥവുമാണ്. അനേകം തെളിവുകൾ അതു സംബന്ധിച്ചു എനിക്കു ഹാജരാക്കാനുണ്ട്. തീർച്ചയായും ഇതു യഥാർത്ഥമായിരിക്കുമ്പോൾ വലിയ ഉദ്യോഗസ്ഥന്മാർക്കായിരുന്നാലും ചെറിയ ഉദ്യോഗസ്ഥന്മാർക്കായിരുന്നാലും പൊതുജനങ്ങളെ സേവിക്കുന്നതിനുള്ള താൽപര്യം ഉണ്ടായിരിക്കയില്ല. ശുപാർശയും സ്വജനപക്ഷപാതവുമാണ് പ്രമോഷനുള്ള മാനദണ്ഡമെങ്കിൽ പൊതുജനങ്ങളെ സേവിക്കാനുള്ള താൽപ്പര്യം എങ്ങനെയാണ് ഉദ്യോഗസ്ഥന്മാർക്ക് ഉണ്ടാകുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. ഇതു പറയുമ്പോൾ മറെറാരു കാര്യം എൻെറ ഓർമ്മയിൽ വരുന്നുണ്ട്. സെക്രട്ടറിയേററിൻെറ പരിപൂർണ്ണമായ നിയന്ത്രണം ഇവിടത്തെ ചീഫ്സെക്രട്ടറിയിലാണുനിക്ഷിപ്തമായിരിക്കുന്നതു്. ചീഫ്സെക്രട്ടറിയാണെങ്കിൽ തിരുവിതാംകൂർ-കൊച്ചി സംയോജനം മൂലമുണ്ടായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു അപ്രാപ്തനായിട്ടാണു കാണുന്നതു്. സംയോജനത്തോടുകൂടിയുണ്ടായ കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് അദ്ദേഹത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അദ്ദേഹം അതിനു അപ്രാപ്തനാണെന്നാണ് എനിക്കു പറയുവാനുള്ളതു്. സെക്രട്ടറിയേററിൻെറ കാര്യക്ഷമതയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവിടെയുള്ള പ്രവർത്തനങ്ങൾ തീരെ കാര്യക്ഷമമല്ലാത്ത തരത്തിലാണു നടക്കുന്നതെന്ന് കാണാൻ കഴിയും. ഈയവസരത്തിൽ മറെറാരുകാര്യം കൂടി എനിക്കു ചൂണ്ടിക്കാണിക്കാനുണ്ട്. ഇവിടെ ഐ. എ. എസ്. ലേക്ക് ഒരു തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. ആ തെരഞ്ഞെടുപ്പ് നടത്തിയതു് എന്തു മാനദണ്ഡത്തിലായിരുന്നുവെന്നു ഇതുവരെ വ്യക്തമായിട്ടില്ല. പക്ഷെ, ആ തെരഞ്ഞെടുപ്പിൽ സ്വജനപക്ഷപാതം ഇവിടത്തെ ക്യാബിനററ് സ്വീകരിച്ചിട്ടുണ്ടെന്ന് പൊതുജനങ്ങളുടെ ഇടയിൽ സാർവത്രികമായ ഒരു ആക്ഷേപം പരന്നിട്ടുണ്ട്. അതിനു അനുകൂലമായ ഒരു രീതിയിലാണ് ഇവിടത്തെ ചീഫ്സെക്രട്ടറിയും കഴിഞ്ഞുകൂടുന്നതു്. അദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടെന്നു കേൾക്കുന്നു. അതു പര

[ശ്രീ. കെ. സദാനന്ദൻ]

മാത്രമാണോയെന്ന് എനിക്കറിവില്ല. ഏതായാലും അങ്ങനെയൊരു വർത്തമാനം നാട്ടിൽ പരന്നിട്ടുണ്ട്. ഇതിൽനിന്നും മനസ്സിലാകുന്നതു സ്വജനപക്ഷപാതത്തിന്റെയും സേവയുടെയും അടിസ്ഥാനത്തിൽ മന്ത്രിസഭ നടത്തുന്ന എല്ലാ കൊള്ളരുതായ്മകളെയും ഇവിടത്തെ സെക്രട്ടറിയേററിന്റെ മേലധികാരിയായ ചീഫ്സെക്രട്ടറി അനുകൂലിക്കുന്നുണ്ടെന്നാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുന്നതിനു ഇടയായിട്ടുള്ളതെന്നു വിശ്വസിക്കുന്നു. സർ. സി. പി. യുടെ കിരാതഭരണം ഇവിടെ നിലവിലിരുന്ന കാലത്തുപോലും ഗവണ്മെന്റ്, സർവ്വീസിൽ പ്രാതിനിധ്യം കുറഞ്ഞ അവശസമുദായക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആനുകൂല്യങ്ങൾ നൽകിയിരുന്നു. ഇന്നു ഇവിടത്തെ യഥാർത്ഥമന്ത്രിമാർ ഒന്നിച്ചു ഒരു കെട്ടായി നിന്നുകൊണ്ട് അവശസമുദായങ്ങളോട് വളരെ പക്ഷപാതപരമായ ഒരു നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഇവിടത്തെ യഥാർത്ഥമന്ത്രിമാരായി ഞാൻ വീക്ഷിക്കുന്നതു് ധനകാര്യമന്ത്രിയും ചീഫ്മന്ത്രിയും പോലീസുമന്ത്രിയുമാണ്. ആ മന്ത്രിമാർ ഒന്നിച്ചുചേർന്നാണ് ഈ നടപടിയെടുത്തുവരുന്നതു്. ഞാൻ ഈ വസ്തുത പറയുമ്പോൾ എന്നെ ഒരു കമ്മ്യൂണലിസ്റ്റായി ചിത്രീകരിച്ചേക്കാം. ഈ മാതിരി ഭരണകാര്യങ്ങളിൽ നടക്കുന്ന കൊള്ളരുതായ്മകൾ ചൂണ്ടിക്കാണിക്കുമ്പോൾ എന്നെ ഒരു കമ്മ്യൂണലിസ്റ്റായി ചിത്രീകരിക്കുന്നെങ്കിൽതന്നെയും എനിക്കതിൽ ഖേദമില്ല. ഇങ്ങനെയുള്ള നടപടികളും പെരുമാററങ്ങളുമാണ് ഇവിടെ നടക്കുന്നതെങ്കിൽ ഇവിടെ വർഗ്ഗീയത കുത്തിപ്പൊക്കുന്നതു് ഇവിടത്തെ മന്ത്രിസഭയാണെന്നു വ്യക്തമായി എനിക്കു പറയാൻ കഴിയും. ഈഴവർ തുടങ്ങി താഴോട്ടുള്ള എല്ലാ ആളുകളും അവരർഹിക്കുന്ന ഉദ്യോഗകയററവും മററു സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടില്ലെന്നാണു എനിക്കു ഇവിടെ പ്രസ്താവിക്കാനുള്ളതു്. പക്ഷെ, ഇവിടെ ഒന്നു രണ്ടു അയഥാർത്ഥമന്ത്രിമാരും ഉണ്ട്. അതായതു് ശ്രീ. മാധവനും ശ്രീ. കൊച്ചുകുട്ടനുമാണ് അവർ. അവരെ രണ്ടുപേരെയും മാപ്പുസാക്ഷികളാക്കിക്കൊണ്ടു അങ്ങനെ അവശസമുദായങ്ങളുടെ—

**Mr. Speaker :** Do not make such discriminations.

ശ്രീ. കെ. സദാനന്ദൻ: സർവ്വീസിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പരിഗണനകളും ഇവിടത്തെ ഗവണ്മെൻറ വാസ്തവത്തിൽ നൽകിയിട്ടില്ലെന്നുള്ള ആക്ഷേപം എനിക്കു ഇവിടെ അറിയിക്കേണ്ടതുണ്ട്. ഇതാണ് ഇവിടത്തെ ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മററു കാര്യങ്ങളിൽ കടക്കുന്നതിനു മുമ്പായി എനിക്കു പ്രസ്താവിക്കാനുള്ളതു്.

ഭക്ഷണസംബന്ധമായ കാര്യത്തിൽ വളരെയധികം വൈഷമ്യങ്ങൾ ഇവിടത്തെ ഗവണ്മെൻറിന് നേരിട്ടിട്ടുണ്ടെന്നും അതുപോലെ തന്നെ കേന്ദ്രഗവണ്മെൻറിനും വളരെയധികം വൈഷമ്യങ്ങൾ നേരിട്ടിട്ടുണ്ടെന്നും പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആളുകൾക്ക് ചോറുരുട്ടി കൊടുക്കുന്ന കാര്യത്തിലുള്ള ബുദ്ധിമുട്ടുകളുടെ ഒരു നിലവിളിയാണു പ്രതിധ്വനിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ആ

നിലവിളിയോട് എനിക്കു യാതൊരു അനുകമ്പയും തോന്നുന്നില്ല. വിദേശരാജ്യങ്ങളെ ആശ്രയിച്ചുമാത്രമേ നമ്മുടെ ഭക്ഷ്യകാര്യം നിർവഹിച്ചുപോകാൻ നിവർത്തിയുള്ളുവെന്ന യാഥാർത്ഥ്യം അദ്ദേഹത്തിനും എനിക്കും ഒരുപോലെ അറിയാൻ കഴിയുന്ന ഒരു കാര്യമാണ്. കേന്ദ്രഗവണ്മെന്റിൽ നിന്നും കിട്ടുന്ന സഹായങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ശോചനീയമായ ഒരു നിലയാണ് ഉള്ളതെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും തന്നെ മനസ്സിലാക്കാൻ കഴിയും. ഈ വൈഷമ്യങ്ങളിൽ നിന്നെല്ലാം ഒരു രക്ഷ നമുക്കു കിട്ടുമോയെന്നാണ് നോക്കേണ്ടിയിരിക്കുന്നത്. പണ്ഡിററുനെഹ്റുവിന്റെ പഞ്ചവത്സരപദ്ധതി മൂലം വമ്പിച്ച ജലസേചന പദ്ധതികൾ ആരംഭിക്കാൻ പോകുന്നുവെന്നൊരു മധുരഭാഷണവും പ്രസംഗത്തിലുണ്ട്. ഇവിടത്തെ ജലസേചനപദ്ധതികൾ മൂലം വൻകിടകൃഷിക്കാർക്കു മാത്രമേ ആനുകൂല്യം കിട്ടുകയുള്ളു. വ്യ ശതമാനത്തോളം ആളുകൾക്കുമാത്രമേ ഇവിടെ വൻകിടകൃഷിഭൂമികൾ ഉള്ളുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്ര പരിമിതമായിട്ടുള്ള ഒരു വിഭാഗത്തിനു മാത്രം ആനുകൂല്യം ലഭിക്കുന്ന ഒരു പദ്ധതിയാണ് ഇവിടത്തെ പഞ്ചവൽസരപദ്ധതിയെന്നു നമുക്കു കാണാൻ കഴിയും. ഇവിടത്തെ കഷ്ടപ്പെടുന്ന ജനവിഭാഗത്തെ മുഴുവൻ സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് പഞ്ചവൽസരപദ്ധതിയെന്നു എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. ഒരു ചെറിയ ശതമാനം ആളുകൾക്കു അതുകൊണ്ട് ആനുകൂല്യമുണ്ടാകയുള്ളു

൧൨ ഔൺസായിരുന്ന റേഷൻ ൧൯൫൧ അവസാനത്തിലും ൧൯൫൨ ആദ്യവും നാലരഔൺസായി പരിമിതപ്പെടുത്തേണ്ടിവന്നുവെന്ന് പ്രസംഗത്തിൽ പറയുന്നുണ്ട്. ഇതോടുകൂടിത്തന്നെ ഇപ്പോൾ ൬ ഔൺസായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. പന്ത്രണ്ട് ഔൺസു റേഷൻ കിട്ടിക്കൊണ്ടിരുന്ന ആളുകൾക്ക് ൬ ഔൺസു കൊടുത്തപ്പോൾ ഒരാശ്വാസം അവർക്കുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അതല്ല പരമാർത്ഥം. ൬ ഔൺസുകൊണ്ട് ഇവിടത്തെ ജനത തൃപ്തിപ്പെടുമെന്നു വിചാരിക്കുന്നതിൽ യാതൊരു അർത്ഥവും ഞാൻ കാണുന്നില്ല. ഈ ൬ ഔൺസെങ്കിലും കൃത്യമായികൊടുക്കണമെന്നാണ് അവരഭ്യർത്ഥിക്കുന്നത്. ൬ ഔൺസുമാത്രമുള്ള വിതരണസമ്പ്രദായംകൊണ്ട് ജനങ്ങൾ തൃപ്തിപ്പെടുന്നുവെന്നും വൻകിടജലസേചനപദ്ധതികൾ മൂലം കൂടുതൽ ഭക്ഷി സാധനങ്ങൾ ഉൽപ്പാദിപ്പിക്കുമെന്നും വിശ്വാസമുണ്ടാകുമ്പോൾ കേന്ദ്രഗവണ്മെന്റ് ധനസഹായം നൽകുന്ന കാര്യത്തിലും ഉദാസീനതകാട്ടിയേക്കും. അതോടൊപ്പം നിലമുടമസ്ഥന്മാർക്ക് അവരുടെ നെല്ലും അരിയും കരിഞ്ചന്തയിൽ വിൽക്കുന്നതിനുള്ള ഒരവസരവും കിട്ടും.

വ്യവസായീകരണത്തെ സംബന്ധിച്ചിടത്തോളം തീരെ ആനുകൂല്യമല്ലാത്ത ഒരു നിലയാണു കേന്ദ്രഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതു്. പണ്ഡിററ് നെഹ്റു കൊല്ലം-എറണാകുളം റയിൽവേ ഉൽഘാടനം ചെയ്തുകൊണ്ടു പ്രസംഗിച്ച കൂട്ടത്തിൽ, ഈ രാജ്യത്തെ പെട്ടെന്നു വ്യവസായീകരിക്കയാണെങ്കിൽ ഈ രാജ്യത്തിനുള്ള മനോഹാരിത നഷ്ടപ്പെട്ടുപോകുമെന്നു സൂചിപ്പിക്കയുണ്ടായി.

[ശ്രീ. കെ. സദാനന്ദൻ.]

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം അതിസുന്ദരമായ ഒരു രാജ്യമായിരിക്കണമെന്നു അദ്ദേഹത്തിനു് ആഗ്രഹമുണ്ടു്. ഇതൊരു രത്നമാണെന്നാണു് അഭിപ്രായം; വടക്കൊരു കാഷ്മീരം. അപ്പോൾ വ്യവസായീകരണത്തെ സംബന്ധിച്ചു് എന്തുണ്ടാകാൻ പോകുന്നുവെന്നു് വ്യക്തമാണു്.

മറ്റൊരു കാര്യം പറയാനുള്ളതു്, ഇവിടെ ഒരു ഇൻഡസ്ട്രിയൽ ഫൈനാൻസ് കോർപ്പറേഷൻ രൂപീകരിക്കാൻ പോകുന്നതിനെപ്പററിയാണു്. ഒരു വലിയ മൂലധനത്തോടുകൂടിയാണു് അതാരംഭിക്കാൻ പോകുന്നതു്.

**Mr. Speaker** : When you are at a topic, I will give you some time to finish it, but if you exceed your time and begin a new topic I will have to stop you.

ശ്രീ. കെ. സദാനന്ദൻ : ഇവിടെ ഗവണ്മെന്റ് സ്ഥാപിച്ചിട്ടുള്ളതും, ഗവണ്മെന്റ് നേരിട്ടു എടുത്തിട്ടുള്ളതുമായ എല്ലാ ഫാക്ടറികളും പരാജയത്തിലാണു് കലാശിച്ചിട്ടുള്ളതു്. ആ സ്ഥാപനങ്ങൾക്കു് കൂടുതൽ സഹായധനം നൽകുന്നതിനല്ല, ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ പദ്ധതി കൊണ്ടു് ഉദ്ദേശിക്കുന്നതു്. സ്വകാര്യവ്യക്തികളെ പുതുതായി കൂടുതൽ മൂലധനം കൊടുത്തു സഹായിക്കാനായിട്ടാണു്. സർ, ഈ ബഡ്ജററ് ഈ നാട്ടിലെ സാമാന്യജനങ്ങൾക്കു് യാതൊരാനുകൂല്യവും ചെയ്യുന്നില്ലെന്നുള്ള കാര്യം അനുസ്മരിപ്പിച്ചുകൊണ്ടു് ഇതു് പാസ്സാക്കരുതെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. പി. സി. ചാക്കോ : സർ, ധനകാര്യമന്ത്രി സഭയുടെ മുമ്പാകെ ഹാജരാക്കിയിരിക്കുന്നതു് പതിനാലു ലക്ഷം രൂപയുടെ ഒരു കമ്മിബഡ്ജററാണു്. എന്നിരുന്നാലും രാജ്യത്തെ വ്യാവസായികവും കാർഷികവുമായ പുരോഗമനത്തെ ലാക്കാക്കി ആസൂത്രണം ചെയ്തിട്ടുള്ള ഒരു ബഡ്ജററാണു് ഇതെന്നുള്ളതിൽ ധനകാര്യമന്ത്രിയെ അനുമോദിക്കേണ്ടിയിരിക്കുന്നു. യുദ്ധാനന്തരപരിതഃസ്ഥിതികളോടുകൂടി ഇവിടെ സംജാതമായ ഭക്ഷ്യദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെന്റു് ആണ്ടുതോറും ഒരു വലിയ സംഖ്യ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്. എങ്കിലും ചുരുങ്ങിയ വരുമാനം വച്ചുകൊണ്ടു തന്നെ ഈ രാജ്യത്തെ പുരോഗമിപ്പിക്കുന്നതിനുവേണ്ടി വളരെ അധികം രൂപാ ചെലവാക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നു് ഈ ബഡ്ജററ പരിശോധിച്ചാൽ നമുക്കു കാണാം. ഒരു മെഡിക്കൽ കാളേജു സ്ഥാപിക്കും, രാജ്യത്തിന്റെ നാനാഭാഗങ്ങളിലായി എട്ടു പത്തു് ഡിസ്പെൻസറികൾ സ്ഥാപിക്കും. ഇരുപതു മിഡ്വൈഫറി കേന്ദ്രങ്ങൾ സ്ഥാപിക്കും, കൂടാതെ എൻ. ജി. ഓ. മാരുടെ വൈഷമ്യങ്ങൾ പരിഹരിക്കാൻ വേണ്ടി അവരുടെ സന്താനങ്ങൾക്കു ഫീസ് സൗജന്യവും സൗജന്യവിദ്യാഭ്യാസവും നൽകും, അവർക്കു താമസിക്കാൻ കെട്ടിടങ്ങൾ ഉണ്ടാക്കും, ജലസേചനപദ്ധതികളും കൃഷിയും വികസിപ്പിക്കും എന്നു വേണ്ട നമ്മുടെ രാഷ്ട്രനിർമ്മാണത്തിനുവേണ്ട അനേകം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു ബഡ്ജററാണു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതിന്റെ ഫലമായിട്ടു പതിന്നാലു ലക്ഷത്തിൽ ചില്വാനം

രൂപ കമ്മി വരികയും ചെയ്യും. പതിനാലു ലക്ഷം രൂപ കമ്മിക്കു പകരം അതു് ഒരു മിച്ചമായി വരികയും ചെയ്യാവുന്നതാണ്. എത്ര നല്ല ഉദ്ദേശത്തോടുകൂടിയാണു ഈ ബഡ്ജററ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെങ്കിലും ഈ തുക മുഴുവനും ചെലവു ചെയ്യുമെന്നു ഉദ്ദേശിക്കുവാൻ കഴിഞ്ഞ കാലങ്ങളിലെ അനുഭവം നമ്മെ ബോദ്ധ്യപ്പെടുത്തുന്നില്ല. ഈ രാജ്യത്തെ പുരോഗമനപരമായ പന്ഥാവിൽക്കൂടി ചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു ബഡ്ജററാണ് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു കാണുന്നതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു.

ഒന്നു രണ്ടു കൊല്ലങ്ങളായി ഈ നിയമസഭയിൽ ചില പ്രത്യേക വാദഗതികൾ കാണുന്നുണ്ടു്. ഒരു പക്ഷെ ഇവിടെ സംബന്ധിച്ചിട്ടുള്ള എല്ലാവക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതുപോലെ ചില പ്രാദേശികവാദഗതിയും, അവരെ തൃപ്തിപ്പെടുത്താൻ ഗവൺമെൻറിനു തൽപ്പരതയും ഉള്ളതായി തോന്നിപ്പോകുന്നു. ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു് രാജ്യത്തിന്റെ തെക്കും വടക്കും ഉള്ള കാര്യങ്ങളെ സംബന്ധിച്ചാണ്. ഇവിടെ കൂടുതൽ ശബ്ദം ആവത്തിച്ചാവത്തിച്ചു് ഉയത്തുന്നവക്കു കൂടുതൽ സൗകര്യം ചെയ്തുകൊടുക്കുന്നതായി കാണുന്നുണ്ടു്. ഈ ബഡ്ജററ് നോക്കുമ്പോൾ മൂവാററുപുഴ, തൊടുപുഴ, മീനച്ചൽ എന്നീ താലൂക്കുകൾക്കുവേണ്ടി അർഹിക്കുന്നവിധത്തിലുള്ള തുക നീക്കിവച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇൻഡ്യയുടെ ഡാളർ ക്രെഡിററിനു വൻപിച്ച നേട്ടം ഉണ്ടാക്കിക്കൊടുക്കുന്ന കുരുമുളകു്, ഇഞ്ചി, ഏലം മുതലായ മലംചരക്കുകൾ വിളയിച്ചുകൊണ്ടിരിക്കുന്ന വടക്കൻ താലൂക്കുകളോടു ഈ പക്ഷപാതം കാണിക്കുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല. മലയോടും മലമ്പനിയോടും മല്ലിട്ടുകൊണ്ടു് മുന്നോട്ടുപോകുന്ന കർഷകരുടെ അഭിവൃദ്ധിക്കും നിലനിൽപ്പിനും വേണ്ടി ഈ ഗവൺമെൻറ് കാര്യമായി യാതൊന്നും ചെയ്യുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. വൈദ്യസഹായത്തിലും, മരാമത്തുപണികളിലും ഈ താലൂക്കുകളെ അവഗണിച്ചിട്ടുണ്ടെന്നു കാണാം. എട്ടുപത്തു കൊല്ലങ്ങൾക്കു മുൻപുവരെ കർഷകർ കടബാദ്ധ്യതകൊണ്ടു വിഷമിച്ചതും യുദ്ധാപരിതഃസ്ഥിതിയോടുകൂടി അവരുടെനില സ്വല്പം ഭേദപ്പെടുവാൻ ഇടയായി എന്നുള്ളതും ഒരു പരമാത്ഥമാണ്.

ഉൽപ്പന്നങ്ങൾക്കുണ്ടായിരിക്കുന്ന വിലക്കുറവുമൂലം കർഷകരുടെനില വീണ്ടും നാൾക്കുനാൾ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. തൊടുപുഴ, മൂവാററുപുഴ മീനച്ചിൽ എന്നീ സ്ഥലങ്ങളിൽ കൃഷിക്കാക്കു പണം ഉണ്ടാക്കിക്കൊടുത്തുകൊണ്ടിരുന്ന കമുകു്, തെങ്ങു്, നല്ലമുളകു് മുതലായ കൃഷികൾക്കു ക്രമാതീതമായി വർദ്ധിച്ചുവരുന്ന രോഗംകൊണ്ടു കർഷകനു മുന്നോട്ടുപോകാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. കൃഷിപ്പിഴകൊണ്ടും, ഉൽപ്പന്നങ്ങളുടെ വിലക്കുറവുകൊണ്ടും കർഷകർ വളരെ ക്ലേശിക്കുന്നുണ്ടു്.

ശ്രീ. കെ. കരുണാകരൻ: കഴിഞ്ഞ രണ്ടു കൊല്ലമായിട്ടു വർക്കിനു ആ ഭാഗങ്ങളിൽമാത്രമേ, പണം ചെലവുചെയ്യുന്നുള്ളുവെന്നു മെംബക്കറിയാമോ?

ശ്രീ. ഏ. സി. ചാക്കോ: അതു ബഡ്ജററ വായിച്ചു നോക്കിയാൽ മനസ്സിലാകുന്നതാണ്. ഈ രാജ്യത്തെ സാധാരണക്കാരായ കർഷകർ ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നികുതിഭാരത്തെ ഭയന്നു്, അതായതു ആദായനികുതി, വിൽപ്പനനികുതി മുതലായവയെ

[ശ്രീ. ഏ. സി. ചാക്കോ]

ക്കയന്നു് അവർക്കുള്ള ഭൂസ്വത്തുകൾ വിററു്, മലബാറിലും മററും പോകുന്നതായി അറിയാം. ഇപ്രകാരം നമ്മുടെ നാട്ടിൽനിന്നു കർഷകർ ജീവിതമാർഗ്ഗം അന്വേഷിച്ചുപോകുന്നതിനെ ഗവണ്മെൻറു മനസ്സിലാക്കുകയോ, അതിനൊരു പ്രതിവിധി ആരായുകയോ ചെയ്തു കാണുന്നില്ല. സാധാരണക്കാരായ കർഷകരെ സഹായിക്കുവാൻ യാതൊന്നുംതന്നെ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. കുറെ മുൻപു ഒരു ലാൻറു മോർട്ടുഗേജു ബാങ്കു് ഇവിടെ നടത്തിയിരുന്നു. അവിടെ നിന്നും ആയിരം രൂപ കടമെടുക്കണമെങ്കിൽ, ആയിരം രൂപവരെ ചെലവാക്കി, രണ്ടുകൊല്ലം മിനക്കെട്ടാൽ ഒരു പക്ഷെ കിട്ടും. ഇക്കൊല്ലത്തെ ബഡ്ജററിൽ ആഗ്രികൾച്ചർലോൺ കൊടുക്കാൻ രണ്ടരലക്ഷം രൂപയാണു കൊള്ളിച്ചിരിക്കുന്നതു്. അതുകൊണ്ടു മതിയാകുകയില്ല. ഈ ലോണിനെപ്പററി സാധാരണ കർഷകർക്കറിവില്ല. കർഷകനാണു നാട്ടിൻെറ നട്ടെല്ലെന്നു എല്ലാവർക്കും അറിയാം. നമ്മുടെ ഗവണ്മെൻറു ഈ നയം മനസ്സിലാക്കിയിട്ടില്ലെന്നു് ഈ ബഡ്ജററു നോക്കിയാൽ ബോദ്ധ്യപ്പെടും. അമേരിക്ക മുതലായ സ്ഥലങ്ങളിൽ നിന്നും കോടിക്കണക്കിനു രൂപ ഈ രാജ്യത്തു വരുത്തുവാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന തൊടുപുഴ, മീനച്ചിൽ മുതലായ താലൂക്കുനിവാസികളെ അഭിവൃദ്ധിപ്പെടുത്തുവാൻ ഗവണ്മെൻറു് എന്തു ചെയ്തു? കമുകു്, തെങ്ങു്, ഏലം, കുരുമുളകു ഇവക കൃഷികൾക്കു അടിക്കടി വർദ്ധിച്ചുവരുന്ന രോഗനിവാരണത്തിനുവേണ്ടി ഗവണ്മെൻറു എന്തുചെയ്തു? പല റിസർച്ചുകൾ നടത്തിയിട്ടും ഇതിനൊരു പരിഹാരവുമുണ്ടായിട്ടില്ലെന്നാണു എൻെറ അറിവു്. വിദേശരാജ്യങ്ങളിൽനിന്നും ആണ്ടുതോറും അനേകലക്ഷം രൂപ ഇവിടെ വന്നുചേരുന്നതിനു പര്യാപ്തമായ ഈ കൃഷിക്കുവേണ്ടി ശ്രദ്ധപതിപ്പിക്കണമെന്നാണു് എൻെറ അപേക്ഷ.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു്, ഇവിടെ പ്രാദേശികമായ കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി പണം ചെലവാക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ലെന്നാണു്. ഈ ഗവണ്മെൻറു ചെലവാക്കുന്ന പണത്തിനു അനുസരിച്ചുള്ള കൃഷിവികസനമോ ഭക്ഷ്യപ്രശ്ന പരിഹാരമോ ഈ രാജ്യത്തുണ്ടാകുന്നില്ല. ചില പ്രത്യേക പദ്ധതികൾകൊണ്ടു് പ്രയോജനമില്ലെന്നു ഒരു ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി. അതുകൊണ്ടു് വേറൊരു പദ്ധതി എടുക്കേണ്ടതാണു്, പ്രവർത്തിക്കേണ്ടതാണു് എന്നു്. തൊടുപുഴ, മൂവാററുപുഴ മുതലായ താലൂക്കുകളിലെ വനങ്ങളിൽ അനേകം ഏക്കർ സ്ഥലം നെൽക്കൃഷിക്കു പററിയതായിട്ടുണ്ടു്. വനം നശിപ്പിക്കുന്നതുമൂലം ഇവിടെ മഴ കുറയുമെന്നും, ഫാറസ്ററു ഡിപ്പാർട്ടുമെൻറിലെ ആദായം കുറയുമെന്നും കരുതി, വനം കൃഷിക്കുവേണ്ടി വിട്ടുകൊടുക്കാതിരിക്കുകയാണു്. അതിനെപ്പററി അഭിപ്രായവ്യത്യാസമുണ്ടു്. അങ്ങനെയാണെങ്കിൽത്തന്നെ വനമില്ലാതെ കിടക്കുന്ന അനേകായിരം ഏക്കർസ്ഥലം കൃഷിക്കു ഉപയുക്തമായിട്ടുണ്ടു്. വനത്തിൻെറ അതിർത്തി പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുഴുവൻതന്നെ വെട്ടി നശിപ്പിച്ചുകഴിഞ്ഞു. ഫാറസ്ററു ഉദ്യോഗസ്ഥന്മാരുടെ അറിവോടും, അല്ലാതെയും ഈ സ്ഥലങ്ങളിലെ തടികൾ നശിപ്പിച്ചു കഴിഞ്ഞു. ആർക്കും ഉപകാരമില്ലാതെ ഈ സ്ഥലങ്ങൾ

ഇട്ടുകൊണ്ടു ആളുകൾ പട്ടിണി കിടക്കുന്നതു കഷ്ടമാണ്. കിടപ്പാടമില്ലാത്തവർക്കും കൃഷിചെയ്യാൻ കഴിവും ആഗ്രഹവും ഉള്ളവർക്കുംവേണ്ടി ഈ സ്ഥലങ്ങൾ വിട്ടുകൊടുക്കേണ്ടതാണ്.

മറെറാരു കാര്യംകൂടി എനിക്ക് ഇവിടെ പറയാനുള്ളത്, വളരെ കൊല്ലമായി ആലോചനയിലിരിക്കുന്ന കാളിയാർ എന്ന സ്ഥലത്തുള്ള തൊമ്മൻകുത്ത് പദ്ധതിയെപ്പററിയാണ്. പല നിരീക്ഷണങ്ങളും പരീക്ഷണങ്ങളും നടത്തിയതിനുശേഷം അതു ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. വലിയ മുടക്കുകൂടാതെ നടത്താവുന്ന ഈ പദ്ധതികൊണ്ടു അനേകായിരം ഏക്കർ സ്ഥലം കൃഷിക്കു ഉപയുക്തമാക്കാവുന്നതും, തൻമൂലം അനേകം ആളുകൾക്കു കൃഷിക്കു സൗകര്യം ലഭിക്കുന്നതുമാണ്. ഈ ഗവൺമെൻറ് ഇതിനു വേണ്ട നടപടി എടുക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**Mr. Speaker:** The member would please reserve some criticism for the voting of demands and not exhaust the whole at this juncture. The time is already exceeded.

ശ്രീ. എ. സി. ചാക്കോ: ഇൻഡ്യാ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതും, വളരെ മെച്ചമായതുമായ ഇടുക്കി സ്കീമിനെക്കുറിച്ചുകൂടി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. ആ പദ്ധതിയുടെ ഗുണത്തെക്കുറിച്ച് ആ സ്ഥലത്തുപോയി അന്വേഷിച്ചിട്ടുള്ളവരുമായി ചർച്ച നടത്തി അതിനാവശ്യമായ ഒരു രൂപം കൊടുക്കണമെന്നുകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. പി. വർഗ്ഗീസ്: സർ, തിരുവിതാംകൂർ-കൊച്ചിയിലെ ൧൯൫൩–൫൪-ലെ ബഡ്ജററിനെ പൊതുവായി ഒന്നു വിമർശനം ചെയ്യുമ്പോൾ രാജ്യക്ഷേമം പുലർത്തുന്നതിനു നമ്മുടെ കഴിവിന്റെ പരമാവധി ഈ ബഡ്ജററിൽ ശ്രമിച്ചിട്ടുണ്ടോ എന്നാണു പ്രധാനമായി നാം ആലോചിക്കേണ്ടതു്. ഈ മാനദണ്ഡംവച്ചു നോക്കുകയാണെങ്കിൽ ഇന്നു നമ്മുടെ മുൻപിൽ സമർപ്പിച്ചിരിക്കുന്ന ബഡ്ജററിൽ ഈ രാജ്യത്തെ ജനങ്ങളുടെ ക്ഷേമം പുലർത്തുന്നതിനു നമ്മുടെ കഴിവിന്റെ പരമാവധി നാം വിനിയോഗിച്ചിട്ടില്ല എന്നാണു എനിക്കു തോന്നുന്നതു്. ഞാനീ അഭിപ്രായം പറയുമ്പോൾ അതിനെ സാധൂകരിക്കേണ്ടതു് എന്റെ ധർമ്മമാണ്. അപ്രകാരം ഒരാരോപണം കൊണ്ടുവരുമ്പോൾ എന്തുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നതു് എന്നു വ്യക്തമാക്കേണ്ടതു് എന്റെ ചുമതലയാണെന്നും ഞാൻ വിചാരിക്കുന്നു.

സർ, ഇന്നു തിരുവിതാംകൂർ-കൊച്ചി അഭിമുഖീകരിച്ചിരിക്കുന്ന പ്രശ്നങ്ങളിൽ ഏററവും പ്രധാനമായതു് ഇവിടത്തെ ഭക്ഷണദൗർലഭ്യമാണ്. ഈ ഭക്ഷണദൗർലഭ്യം പരിഹരിക്കാനുള്ള ഏകമാർഗ്ഗം ജലസേചനപദ്ധതികൾമൂലം ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കുകയാണെന്നു ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളെയുംപോലെതന്നെ ഞാനും സമ്മതിക്കുന്നു. എന്നാൽ ഇവിടത്തെ ഭക്ഷണദൗർലഭ്യവും ജലസേചനപദ്ധതികളും തമ്മിലുള്ള ബന്ധത്തെപ്പററിയാണു എനിക്കാരോപണമുള്ളതു്. ഒന്നുകൂടി വ്യക്തമാക്കുകയാണെങ്കിൽ ഈ രാജ്യത്തെ ഭക്ഷണദൗർലഭ്യം പരിഹരിക്കുന്നതിനു തക്ക തോതിൽ ജലസേചനപദ്ധതികൾ

[എം. പി. വർഗ്ഗീസ്]

നടപ്പിലാക്കുവാൻ നമുക്കു കഴിവുണ്ടായിരുന്നിട്ടും നാം ആ കഴിവിനെ വിനിയോഗിച്ച് ഇവിടത്തെ ജലസേചനപദ്ധതികൾ വിപുലപ്പെടുത്തിയിട്ടില്ലെന്നാണ് എന്റെ ആരോപണം. ഈ കമ്മി നികത്തുവാൻ എത്ര മാത്രം പര്യാപ്തമാണ് ഈ ജലസേചനപദ്ധതി എന്നുള്ളതാണ് എനിക്കുള്ള ആക്ഷേപം.

സർ, ഞാൻ നമ്മുടെ കഴിവുകളെപ്പറ്റിയും കഴിവുകളെ വിനിയോഗിക്കാത്തതിനെപ്പറ്റിയും ഒരു ആരോപണം കൊണ്ടുവരുമ്പോൾ അതിനെ സാധൂകരിക്കുന്നതിനു ഇവിടത്തെ ഭക്ഷ്യധാന്യകമ്മിയേയും തൻമൂലം ഗവണ്മെന്റിനുവരുന്ന നഷ്ടത്തേയും ഇവിടെ പ്രവർത്തനത്തിലിരിക്കുന്ന പുതിയ ജലസേചനപദ്ധതികളുടെ ചെലവിനേയും അവയിൽനിന്നും കൂടുതലായി പ്രതീക്ഷിക്കപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടേയും ചില കണക്കുകൾ ഈ സഭയുടെ മുൻപിൽ ഹാജരാക്കേണ്ടതു് ആവശ്യമാണ്.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഇവിടെ ൧൨ ഔൺസ് അരി റേഷൻ കൊടുക്കണമെങ്കിൽ ഈ സംസ്ഥാനത്തു് ഉൽപ്പാദിപ്പിക്കുന്ന രണ്ടേമുക്കാൽ ലക്ഷം ടൺ അരി കൂടാതെ അഞ്ചരലക്ഷം ടൺ അരികൂടെ ആവശ്യമാണെന്നും എന്നാൽ ൫൧–൫൨-ൽ നാലര ഔൺസും, ൫൨–൫൩-ൽ ൬ ഔൺസും മാത്രമേ കൊടുക്കാൻ സാധിച്ചിട്ടുള്ളു എന്നും പ്രസ്താവിച്ചിട്ടുണ്ടു്. ൧൨ ഔൺസു കൊടുക്കുന്നതിനു ഇവിടെ ഉൽപ്പാദിപ്പിക്കുന്ന രണ്ടേമുക്കാൽലക്ഷം ടൺ അരിയും അതിനും പുറമേ വേണ്ട അഞ്ചരലക്ഷം ടൺ അരിയും കൂടി എട്ടേകാൽ ലക്ഷം ടൺ അരി വേണമെങ്കിൽ ൬ ഔൺസു കൊടുക്കുന്നതിനു പകുതിയായ നാലേഅരയ്ക്കാൽ ലക്ഷം ടൺ അരി വേണം. ഇതിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന രണ്ടേമുക്കാൽ ലക്ഷം ടൺ അരി കഴിച്ച് ഒന്നേ കാലേഅരയ്ക്കാൽ (൧·൩൭൫) അല്ലെങ്കിൽ സൗകര്യത്തിനായി ഒന്നരലക്ഷം ടൺ അരിയാണ് നമുക്കാവശ്യം. അതായതു ൬ ഔൺസ് റേഷൻ കൊടുക്കുമ്പോൾ ഈ ഒന്നരലക്ഷം ടൺ അരിയാണ് ഇവിടെ ഭക്ഷ്യധാന്യകമ്മി. ഈ കമ്മി നികത്തുന്നതിനു വേണ്ടി ആണ്ടിനാൽ ചെലവു വരുന്ന തുക ൭ കോടി അല്ലെങ്കിൽ ൭൦൦ ലക്ഷം രൂപയാണ് (ഞാൻ ഈ തുകയുടെ കണക്കെടുത്തിട്ടുള്ളതു ഇവിടത്തെ ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "മാർച്ച് ആഫ് ട്രാവൻകൂർ-കൊച്ചിൻ" എന്ന ലഘുലേഖയിൽ നിന്നാണ്.) ഇനി ഇവിടത്തെ പുതിയ ജലസേചനപദ്ധതികളെപ്പറ്റി പറയുകയാണെങ്കിൽ അവയുടെ മൊത്തം ചെലവു ൨൨൬· ൧൨ അഥവാ ൨൨൭ ലക്ഷം രൂപയും അവയിൽനിന്നും കിട്ടുന്നതു ഏററവും കൂടിയതു ൨൫൦൦൦ അല്ലെങ്കിൽ ഒരുലക്ഷം ടൺ അരിയുമായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതു്. (ഈ കണക്കും ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടിയിട്ടുള്ള 'ഗ്രോ മോർ ഫുഡ് പ്രോഗ്രാം' എന്ന ലഘുലേഖയിൽനിന്നാണ്.) ഈ കണക്കുകൾവച്ചു നോക്കുന്നപക്ഷം ഈ പുതിയ പദ്ധതികളെല്ലാം നടപ്പിലായി കഴിയുമ്പോൾ അരലക്ഷം ടൺ അരി പിന്നെയും കമ്മിയായിരിക്കുമെന്നും ഈ കമ്മി നികത്തുന്നതിനു ഇന്നത്തെ ഭക്ഷണ സബ്സിഡിയുടെ നിരക്കനുസരിച്ച് ആണ്ടിൽ ഉദ്ദേശം ൨൩൫ ലക്ഷം രൂപ വേണമെന്നും എന്നാൽ പുതിയ ജലസേചനപദ്ധതികൾ മുഖേന ഈ കമ്മി പരിഹരിക്കുകയാണെങ്കിൽ ഇപ്പോൾ പ്രവർത്തനത്തി

ലിരിക്കുന്ന പദ്ധതികളുടെ ചെലവും അവയുടെ ഉൽപ്പാദന കഴിവും വച്ചു നോക്കുന്നപക്ഷം ഉദ്ദേശം ൪൪൩ ലക്ഷം രൂപ വേണമെന്നു കാണാവുന്നതാണ്. ഇതിൽനിന്നും ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന ജലസേചന പദ്ധതികൾ നടപ്പിലായി കഴിയുമ്പോഴും ബാക്കി വരുന്ന അരലക്ഷം ടൺ അരി ഉൽപ്പാദിപ്പിക്കുന്നതിനു ഇന്നു പ്രവർത്തനത്തിലിരിക്കുന്നതുകൂടാതെ ൪൪൩ ലക്ഷം രൂപ ആവശ്യമെങ്കിൽ കടം വാങ്ങിച്ച് ചെലവുചെയ്തെങ്കിലും ജലസേചനപദ്ധതി നാം ആരംഭിക്കുകയാണെങ്കിൽ ഈ പദ്ധതി പൂർത്തിയാകുന്ന അന്നുവരെ ആണ്ടിനാൽ ഭക്ഷ്യധാന്യസബ്സിഡിയിനത്തിൽ നമുക്കുണ്ടാകുന്ന നഷ്ടം ൨൩൩ ലക്ഷം രൂപ അന്നുമുതൽ മിച്ചമായിതീരുന്നതും ഈ മിച്ചംകൊണ്ട് രണ്ടുകൊല്ലത്തിനകമായി നാം പുതുതായി ജലസേചനപദ്ധതിക്കായി കടംവാങ്ങിച്ചു ചെലവാക്കുന്ന ൪൪൩ലക്ഷം രൂപ തിരിയെ കൊടുക്കാവുന്നതാണെന്നും മനസ്സിലാക്കാവുന്നതാണ്. സർ, ഇതാണ് എനിക്കു ഈ സഭയുടെ മുൻപിൽ വയ്ക്കുവാനുള്ള കണക്കുകൾ. ഇതിൽ കാണിച്ചിട്ടുള്ള സംഖ്യകൾ സംബന്ധിച്ച് എന്തെങ്കിലും തെററുണ്ടെങ്കിൽ മാന്യസഭാംഗങ്ങൾ അതു തിരുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. ഏതായാലും ഈ കണക്കുകൾ ശരിയാണെങ്കിൽ പഞ്ചവത്സരപദ്ധതിക്കു വിരുദ്ധംകൂടാതെതന്നെ ഉദ്ദേശം നാലരക്കോടി രൂപ കടമായിട്ടെങ്കിലും എടുത്ത് ഏതെങ്കിലും ജലസേചനപദ്ധതികളാരംഭിച്ച് ഇവിടത്തെ ഭക്ഷണദൗർലഭ്യത്തെ പരിഹരിക്കാമായിരുന്നു എന്നും അതു ചെയ്യാത്തിടത്തോളം കാലം ഈ രാജ്യത്തിന്റെ ക്ഷേമത്തിനുവേണ്ടി ഈ ഗവണ്മെന്റിനു ചെയ്യാവുന്നിടത്തോളം ചെയ്തിട്ടില്ലെന്നു ഞാൻ പുറപ്പെടുവിച്ച ആരോപണം സാധൂകരിക്കപ്പെട്ടുമെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, ഈ സന്ദർഭത്തിൽ ജലസേചനപദ്ധതികൾ മുതലായ പബ്ലിക്ക് ഇൻവെസ്ററ്മെൻറ പദ്ധതികൾക്കു ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള സുപ്രധാനമായ പങ്കിനെപ്പററിയും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ആധുനിക സാമ്പത്തിക തത്വങ്ങൾ അനുസരിച്ചു ഒരു രാജ്യത്തെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനു പ്രധാനമായി മൂന്നു മാർഗ്ഗങ്ങളാണുള്ളത്. (൧) പലിശനിരക്കു കുറയ്ക്കുക; (൨) ആദായത്തെ, അഥവാ വരവിനെ പുനർവിതരണം ചെയ്യുക; (൩) പബ്ലിക്കഇൻവെസ്ററ്മെൻറ വർദ്ധിപ്പിക്കുക. ഈ മാർഗ്ഗങ്ങളിലൂടെ പിന്നിലുള്ള സാമ്പത്തികതത്വങ്ങളെപ്പററി വിശകലനത്തിനു ഞാൻ ഒരുങ്ങുന്നില്ല. എന്നാൽ തിരുവിതാംകൂർ-കൊച്ചിയെപ്പോലെയുള്ള ഒരു രാജ്യത്തെ ഗവണ്മെൻറിനു കറൻസിമാനിപ്പുലേഷൻമുഖേന പലിശനിരക്കു കുറക്കുന്നതിനോ ആദായനികുതിമുഖേന ആദായ പുനർവിതരണത്തിനോ കഴിവില്ലാത്തതിനാൽ ഇവിടെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗം ഇവിടത്തെ പബ്ലിക്ക് ഇൻവെസ്ററ്മെൻറിന്റെ തോത് അല്ലെങ്കിൽ വാല്യം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഇവിടെയും ഗവണ്മെൻറിനാവശ്യമെന്നു തോന്നുന്നപക്ഷം ആവശ്യമുള്ള മൂലധനം കടമായെടുക്കാവുന്നതാണ്. ഇങ്ങു പറയുമ്പോഴും ഇതിൽ അടങ്ങിയിരിക്കുന്ന അല്ലെങ്കിൽ പബ്ലിക്ക ഇൻവെസ്റ്റ്മെൻറിനായി ആവശ്യമെങ്കിൽ പണം കടമെടുക്കുന്നതിനെ സാധൂകരിക്കുന്ന തത്വങ്ങളും ന്യായങ്ങളുമുണ്ട്. പക്ഷെ അവയെ വിശകലനം ചെയ്യാൻ ഞാൻ ഒരുമ്പെടുന്നില്ല. ഇവിടെ ഇന്നു നിലവിലുള്ള പബ്ലിക്ക

[ശ്രീ. എം. പി. വർഗ്ഗീസ്]

ഇൻവെസ്റ്റ്മെൻറ് മൊത്തത്തിൽ എടുത്താലും വേണ്ടത്ര മൂലധനമില്ലെന്നാണു സൂചിപ്പിക്കുന്നതു്. ഈ നിലവച്ചു നോക്കുകയാണെങ്കിൽ ഇവിടെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ വളരെ അപര്യാപ്തമാണെന്നു കാണാം. അതു പരിഹരിക്കുന്നതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വേണ്ട ശ്രമം നടത്തുമെന്നു ഞാനാഗ്രഹിക്കുന്നു.

ഈ അവസരത്തിൽ എനിക്കു മറ്റൊരു കാര്യംകൂടിയുണ്ടെന്നു ഞാൻ ധരിക്കുന്നു. അതായതു് ഈ രാജ്യത്തു വളരെ ശബ്ദമുണ്ടാക്കിയ ഭൂതത്താൻകെട്ടുപദ്ധതിയെപ്പറ്റിയാണു ഞാൻ പറയണമെന്നു വിചാരിക്കുന്നതു്. അതിനെ സംബന്ധിച്ചു ഈ സഭയിലെ മിക്ക അംഗങ്ങൾക്കും ചില തെറ്റിദ്ധാരണകൾ ഉള്ളതു നീക്കുവാൻ ഞാനാഗ്രഹിക്കുന്നു. സർ, ഞാൻ ഭൂതത്താൻകെട്ടുപദ്ധതിയെപ്പറ്റിയും അതിനു വേണ്ടിവരുന്ന ചെലവിനെപ്പറ്റിയും അതുമൂലമുണ്ടാകുന്ന വിളവു വർദ്ധനവിനെപ്പറ്റിയും അതുപോലെ ഇന്നു പ്രവർത്തനത്തിലിരിക്കുന്ന മററു പദ്ധതികളെക്കുറിച്ചുമുള്ള കണക്കുകൾ വായിക്കാം.

**Mr. Speaker :** Where are the figures from?

**Shri M. P. Varghese :** There is a report issued by the Director of Public Relations. The figures are culled out of that.

ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന ചാലക്കുടി പദ്ധതിക്കു് ചെലവുവരുമെന്നു് പ്രതീക്ഷിക്കുന്നതു ൨൧൦.൭൩ ലക്ഷവും കിട്ടുമെന്നു പ്രതീക്ഷിക്കുന്ന വിളവു് ൦.൧൯ ലക്ഷം ടണ്ണുമാണു്. അതുപോലെ തന്നെ നെയ്യാർ പദ്ധതിയും. ചെലവാകുമെന്നു് ഉദ്ദേശിക്കുന്ന തുക ൨൨൩.൦൦ ലക്ഷം രൂപയും അതിൽ നിന്നും വരുന്ന വിളവു ൦.൧൨ ലക്ഷം ടണ്ണുമാണു്. എന്നാൽ ഭൂതത്താൻകെട്ടുപദ്ധതിയനുസരിച്ചു് തയ്യാറാക്കിയ റിപ്പോർട്ടിൽ നിന്നും കണക്കുകളിൽ നിന്നും അതായതു ഞാൻ പറയുന്നതു ബഹുമാനപ്പെട്ട മന്ത്രി കളത്തിൽ വേലായുധൻ നായർ ഈ നിയമസഭയിൽ പ്രസ്താവിച്ച വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി അതിൻെറ ചെലവു് ൪൧൦.൮൬ ലക്ഷം രൂപയും അതുമൂലം ജലസേചനം ചെയ്യാവുന്ന സ്ഥലം ൩൨൮൯൦ ഏക്കറുമാണു്. മററുള്ള ജലസേചനപദ്ധതികൾകൊണ്ടു് ഒരു ടൺ ഭക്ഷ്യധാന്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള കണക്കു് നോക്കുന്ന പക്ഷം ചാലക്കുടി പദ്ധതി അനുസരിച്ചു് ഒരു ടൺ ഭക്ഷ്യം വർദ്ധിപ്പിക്കുന്നതിനു ൧൪൪൧ രൂപയും നെയ്യാർ പദ്ധതി അനുസരിച്ചു് ൧൮൯൮ രൂപയും അതേസമയം ഈ ഭൂതത്താൻകെട്ടു പദ്ധതി നടപ്പിൽ വരുത്തുകയാണെങ്കിൽ ഒരു ടൺ ഭക്ഷ്യധാന്യം ഉൽപ്പാദിപ്പിക്കുന്നതിനു ൧൩൨൬ രൂപയും ആണു് ചെലവു വരുന്നതു് എന്നുള്ള സംഗതി മാന്യസാമാജികന്മാർ മനസ്സിലാക്കുമെന്നും ഞാൻ വിചാരിക്കുന്നു.

സർ, ഞാൻ ഇതു ഇവിടെ പ്രസ്താവിച്ചതോടുകൂടിത്തന്നെ ഒരു കാര്യം എനിക്കിവിടെ അറിയിക്കുവാനുള്ളതു് ഇന്നലെ ഇവിടെ പ്രസംഗിച്ച ശ്രീ. കുഞ്ഞൻ നമ്പ്യാർ പറഞ്ഞ ഒരു സംഗതിയാണു്. അതായതു്, നെയ്യാർ പദ്ധതിയുടെ പിന്നിൽ ഒരു മന്ത്രിയുണ്ടെന്നുള്ള ഒരു വാസ്തവം അദ്ദേഹം പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നുണ്ടു്. എന്നാൽ വടക്കൻതിരുവിതാംകൂറിൽ നിന്നു് ഒരു മന്ത്രിയില്ലാത്തതാണു്, ചാലക്കുടി

പദ്ധതിയും നെയ്യാർ പദ്ധതിയും ആരംഭിച്ചപ്പോൾ താരതമ്യേന വളരെ ആദായകരമായ ഈ താൻകെട്ടുപദ്ധതി ഉപേക്ഷിക്കാൻ കാരണമെങ്കിൽ അതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. ഏ. കുഞ്ഞൻ നാടാർ : തെക്കൻതിരുവിതാംകൂറിൽ മുൻപുണ്ടായിരുന്ന ഒരു മന്ത്രിയെപ്പററിയാണു ഞാൻ പറഞ്ഞതു്.

ശ്രീ. എം. പി. വർഗ്ഗീസു് : മുൻപാണെങ്കിലും ഇപ്പോഴാണെങ്കിലും വലിയ വ്യത്യാസമില്ല. ഞാൻ ഇവിടെ ചെയ്തിട്ടുള്ള പ്രസംഗത്തെ ക്രിട്ടിസൈസ്സു് ചെയ്യുകയല്ല.

Mr. Speaker : You can have that kind of criticism as well.

ശ്രീ. എം. പി. വർഗ്ഗീസു് : ഏതായാലും ഇവിടത്തെ ഭക്ഷ്യധാന്യ കമ്മി നികത്തുന്നതിനു ഏററവും ആവശ്യമായ ജലസേചനപദ്ധതികൾ പുതുതായി ഇനിയും ആരംഭിക്കുന്നതിനു് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും അതിനു മദ്രാസിലും ബോംബെയിലും ഹൈദ്രബാദിലും ലോൺ ഫ്ളോട്ടുചെയ്തതുപോലെ ഇവിടെയും ലോൺഫ്ളോട്ടു ചെയ്തു് ജലസേചനപദ്ധതികൾ മുഖേന ഈ കമ്മി നികത്തുവാൻ വേണ്ടതു ചെയ്യണമെന്നു് കർമ്മധീരനായ ധന കാര്യമന്ത്രിയെ അനുസ്മരിപ്പിച്ചുകൊണ്ടും അദ്ദേഹം അതു ചെയ്യുമെന്നുമുള്ള വിശ്വാസത്തിലും ഞാൻ നിറുത്തുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള : കഴിഞ്ഞ ബഡ്ജററ അവതരിപ്പിച്ചുകൊണ്ടു് അധികാരത്തിലേയ്ക്കു കയറിയതിന്റെ ശേഷം കാര്യമായ രീതിയിൽ ഈ രാജ്യത്തെ സ്ഥിതിഗതികളെക്കുറിച്ചു് ചിന്തിക്കുവാനും പഠിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കുവാനും വേണ്ടത്ര സമയം കിട്ടാത്തതുകൊണ്ടാണു് കഴിഞ്ഞപ്രാവശ്യത്തെ ബഡ്ജററിൽ വല്ല പാകപ്പിഴയും വന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്നു് ധനകാര്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹവും അദ്ദേഹം ഉൾപ്പെട്ട ക്യാബിനററം അധികാരത്തിൽ വന്നിട്ടു് കുറെക്കാലമായി. ഈ രാജ്യത്തെ കാര്യങ്ങൾ ശരിയായി പഠിക്കുവാനും മനസ്സിലാക്കുവാനും ഉള്ള സമയം മന്ത്രിസഭയ്ക്കു് ഇതിനകം ഉണ്ടായിട്ടുണ്ടെന്നുള്ളതു് തീർച്ചയാണു്. ഇന്നത്തെ ധനകാര്യമന്ത്രിയുടെ ബുദ്ധിപരമായ കഴിവിനെപ്പററി ഞങ്ങൾക്കു് വളരെ മതിപ്പുണ്ടു്. ആ അടിസ്ഥാനത്തിൽ ഇപ്പോൾ കൊണ്ടുവരുന്ന ബഡ്ജററിനെക്കുറിച്ചു് ഞങ്ങൾക്കു് വളരെ പ്രതീക്ഷ ഉണ്ടായിരുന്നു. പക്ഷെ നിരാശയാണു് അനുഭവം. സർ, ഇൻഡ്യൻ പാർലമെൻറിൽ ബഡ്ജററ അവതരിപ്പിച്ചുകൊണ്ടു്, എന്റെ അറിവു് ശരിയാണെങ്കിൽ, നമ്മുടെ ധനകാര്യമന്ത്രിയേയും അതുപോലെയുള്ള സ്റ്റേററുകളിലെ മററ മന്ത്രിമാരെയും നിയന്ത്രിക്കുന്നതിനുള്ള നിർബ്ബിഷ്ടമായ നിർദ്ദേശങ്ങൾ അവിടത്തെ ധനകാര്യമന്ത്രിയായ ശ്രീ. ദേശ്മുഖ് നൽകുകയുണ്ടായി. "I am one who believes in Capitalism" എന്നു് പാർലമെൻറിൽ വച്ചു് അദ്ദേഹം പറഞ്ഞു. അതല്ലാതെ മറൊന്നും അദ്ദേഹത്തിനു പറയാൻ ഉണ്ടായിരുന്നില്ല.

Mr. Speaker : Where was it said?

ശ്രീ. കെ. കെ. കുമാരപിള്ള: പാർലിമെൻറിൽ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി ശ്രീ. ദേശമുഖ് ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു എന്നാണ് എനിക്കു കിട്ടിയിട്ടുള്ള അറിവ്, തെററാണെങ്കിൽ തിരുത്തണം.

സർ, ഈ വീക്ഷണഗതിയെങ്കിലും നമ്മുടെ ധനകാര്യമന്ത്രി സ്വീകരിച്ചിരുന്നു എങ്കിൽ അങ്ങനെ എങ്കിലും നമുക്കു സന്തോഷിക്കാമായിരുന്നു. എന്നാൽ ശരിയായ ഒരു പരിപാടിയും അദ്ദേഹം സ്വീകരിച്ചിട്ടുള്ളതായി തോന്നുന്നില്ല. നാട്ടുംപുറത്തു ഒരു ചൊല്ലുണ്ട്; "തെങ്ങിനും കമുകിനും ഒരുപോലെ തളപ്പു കെട്ടരുതെന്ന്." ധനകാര്യമന്ത്രിയുടെ പ്രസംഗത്തിനുശേഷവും പ്രാധാന്യം കൊടുക്കേണ്ടിടത്തു വേണ്ടത്ര പ്രാധാന്യം കൊടുക്കാതെയും [illegible] വേണ്ട കാര്യങ്ങൾ ശ്രദ്ധിക്കാതെയും ഗവണ്മെൻറ മുന്നോട്ടു പോകുകയാണെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. ഏററവും കൂടുതൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കി, കൂടുതൽ ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുവാനും അങ്ങനെ രാജ്യത്തിനു ആവശ്യമായ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുവാനും കഴിയുന്ന പ്രദേശങ്ങളും സ്റ്റേററുകളും ഇൻഡ്യയിൽ ഉണ്ട്. പക്ഷെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻെറ കാര്യം ആ ഒരു വീക്ഷണഗതിയിൽക്കൂടി കാണുകയാണെങ്കിൽ ഉണ്ടാകാവുന്ന അപകടവും ആപത്തും എത്രമാത്രമാണെന്നു ഈ ബഡ്ജററ തയാറാക്കുന്ന അവസരത്തിൽ നമ്മുടെ ധനകാര്യമന്ത്രി ധരിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഇവിടെ ചെലവാക്കിയിട്ടുള്ള തുകകളിൽ ഏററവും കൂടുതൽ ചെലവാക്കിയിട്ടുള്ളതു," ധനകാര്യമന്ത്രി സ്ഥാനത്തും അസ്ഥാനത്തും, അവസരത്തിലും, അനവസരത്തിലും പൊന്തിച്ചു കാണിക്കാറുള്ള, പഞ്ചവത്സരപദ്ധതിയിലും മുഖ്യമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള, കൃഷിയുടെ ആവശ്യത്തിലേയ്ക്കും ആണെന്നു കാണുവാൻ സാധിക്കും. വളരെ ശരിയാണ്. ഈ രാജ്യത്തെ ഏററവും വിപുലമായ ഒരു പ്രശ്നം—നമ്മെ ഏററവും രൂക്ഷമായി തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന പ്രശ്നം—ആഹാരപ്രശ്നമാണ്. ഇതിൻെറ യഥാർത്ഥമായ പരിഹാരത്തിനു വേണ്ടിയായിരുന്നു ഇത്രയധികം പണം ചെലവാക്കുന്നതെങ്കിൽ അതു സാധൂകരിക്കാമായിരുന്നു. പക്ഷെ ബഡ്ജററ പരിശോധിച്ചുനോക്കുന്ന പക്ഷം ഈ നാട്ടിലെ ഒരുപിടി ധനികകൃഷിക്കാർക്കും ജന്മിമാർക്കും ലാഭം ഉണ്ടാക്കുന്നതിനുവേണ്ടി മാത്രമാണ് ഇത്ര ഏറെ പണം ചെലവാക്കുന്നതെന്നു കാണാൻ കഴിയും.

സർ, ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പ്രൊക്യൂർമെൻറിനെ പററിയും മററും പറയുന്നുണ്ട്. ഞാൻ ഇവിടെ ഒരു കണക്കും ഉദ്ധരിക്കുവാൻ വിചാരിക്കുന്നില്ല. എന്നാൽ ഓരോ വർഷം കഴിയുംതോറും പ്രൊക്യൂർമെൻറ യഥാർത്ഥത്തിൽ താഴോട്ടു താഴോട്ടു പോകുകയാണെന്നുള്ളതിനു സംശയമില്ല. ഇവിടെ ൯ ഔൺസ് അരി മാത്രമേ കൊടുക്കുവാൻ സാധിക്കുന്നുള്ളു എന്നും അതിനുവേണ്ടിവന്ന ക്ലേശങ്ങളും ബുദ്ധിമുട്ടുകളും വളരെ ആയിരുന്നു എന്നും അദ്ദേഹം പറഞ്ഞു. കാൺഗ്രസ് അധികാരത്തിൽ വരുന്നതിനു മുൻപും, സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തും ഈ രാജ്യത്തു ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടായി

രുന്നു. പുറത്തുനിന്നായിരുന്നു ഇവിടെ ഭക്ഷ്യ സാധനങ്ങൾകൊണ്ടുവന്നു കൊണ്ടിരുന്നതു്. അന്നുപോലും ഇതു സംബന്ധിച്ചു് ഇത്ര അധികം പരാതികൾ ഉണ്ടായിരുന്നില്ല. ഇവിടെ സംസാരിച്ച ഒരു മാന്യ സ്നേഹിതൻെറ ഭാഷയിൽ പറഞ്ഞാൽ ഇന്നു് "കരുണാനിധികളായ ആളുകൾ" ഭരിക്കുന്ന ഈ കാലത്തു്, മററു രാജ്യങ്ങളിൽ പന്ത്രണ്ടും പതിനാറും ഔൺസു് ഭക്ഷ്യ സാധനങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന ഈ കാലത്തു്, ആറു് ഔൺസു് റേഷൻ കൊടുത്തെത്തിക്കുവാൻ നമ്മുടെ ധനകാര്യമന്ത്രിയും അദ്ദേഹത്തിൻെറ മന്ത്രിസഭയും എത്രമാത്രം ക്ലേശിക്കുന്നു എന്നു നോക്കുക. ഈ രാജ്യത്തു് കിട്ടാവുന്ന അരിയും നെല്ലും ഫ്രീ മാർക്കററിൽ വിൽക്കുവാൻ അദ്ദേഹം അനുവദിച്ചിരിക്കുകയാണു്. ൧൧൨൮-ൽ അൻപതിനായിരം ടൺ അരിയാണു് പ്രൊക്യൂർ ചെയ്തതു്. അതിനു മുൻ വർഷത്തിലെ അതായതു ൧൧൨൭-ലെ പ്രൊക്യൂർമെൻറു് അറുപതിനായിരം ടൺ ആണു്. അങ്ങനെ ആണ്ടോടാണ്ടു് പ്രൊക്യൂർമെൻറു് കുറഞ്ഞുവരികയും കൂടുതൽ അരി പുറത്തുനിന്നും വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നതോടൊപ്പം ധനികവർഗ്ഗക്കാർക്കു് അരി ഫ്രീ മാർക്കററിൽ വിൽക്കാൻ അനുവദിക്കുന്നതു് എത്രമാത്രം അധാർമ്മികമായിരിക്കുമെന്നുള്ളതിനെപ്പററി ഞാൻ പറയണമെന്നില്ലല്ലോ. നെല്ലു വിൽക്കുവാൻ അനുവദിക്കുകയും പ്രൊക്യൂർമെൻറു ഡിപ്പാർട്ടുമെൻറിൽ കൈക്കൂലിയും അഴിമതിയും വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ടു് പ്രൊക്യൂർമെൻറു നാൾക്കുനാൾ കുറഞ്ഞുവരുന്നു. അതേ അവസരത്തിൽ ഈ നാട്ടിലെ ധനികന്മാരായ കൃഷിക്കാർക്കും ജന്മിമാർക്കും അവരുടെ കൈവശമുള്ള നെല്ലു് വിററഴിച്ചു ലാഭം ഉണ്ടാക്കുവാൻ അവസരം കൊടുക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ഒരു വർഷത്തിൽ ഇവിടെ ഭക്ഷണത്തെക്കുറിച്ചുള്ള യാതൊരു മുറവിളിയും ഉണ്ടായിട്ടില്ലെന്നു് അദ്ദേഹത്തിൻെറ പ്രസംഗത്തിൽ കാണുന്നു. ഇതു പരമാർത്ഥത്തിനു വിരുദ്ധമല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഈ വർഷത്തിൽ അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിൽ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ക്ലേശങ്ങളെ പററിയും ഭക്ഷണ ക്ഷാമത്തെപ്പററിയും ഗവണ്മെൻറിനു അറിവുണ്ടായിരുന്നില്ലേ? അവിടത്തെ അവശതയുടെ നിവാരണാർത്ഥം നമ്മുടെ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ഒരു ഫണ്ടു് തന്നെ രൂപീകരിക്കുകയും അവിടത്തെ അവശതകളുടെ പേരിൽ അതു വിതരണം ചെയ്യുകയും ചെയ്തതിനു ശേഷവും യാതൊരു പരാതിയും ഉണ്ടായിട്ടില്ലെന്നാണു് ധനകാര്യമന്ത്രി പറയുന്നതു്. ആഹാര സാധനങ്ങൾ ജനങ്ങൾക്കു് പരാതികൂടാതെ ലഭിക്കുവാനുള്ള ഒരു പരിതഃസ്ഥിതി ഈ രാജ്യത്തുണ്ടായിട്ടാണോ ഇങ്ങനെ ഒരു ഫണ്ടു് ചീഫ് മിനിസ്റ്റർ ഏർപ്പെടുത്തിയതു്? ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ തന്നെ ഈ ഫണ്ടിൻെറ കാര്യവും പറഞ്ഞിട്ടുണ്ടു്. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ കാര്യങ്ങൾ പറയുമ്പോൾ അദ്ദേഹത്തിൻെറ ബുദ്ധിയെ തന്നെ ചോദ്യം ചെയ്യേണ്ടതായിട്ടില്ലേ എന്നു തോന്നിപ്പോകുന്നു.

സർ, തിരുവിതാംകൂർ-കൊച്ചിയെപ്പോലെയുള്ള ഒരു രാജ്യത്തു് എത്ര ജലസേചനപദ്ധതികൾ ഉണ്ടാക്കിയാലും, കൂടുതൽ ശാസ്ത്രീയമായ കൃഷി സമ്പ്രദായങ്ങൾ ഏർപ്പെടുത്തിയാലും, മററു സൗകര്യങ്ങൾ ഉണ്ടാക്കിയാലും, കൃഷിയുടെ വികസനംകൊണ്ടുമാത്രം പുരോഗതി സാദ്ധ്യമല്ല. ഇവിടത്തെ ക്രമാതീതമായ ജനസംഖ്യാവർദ്ധനവു നോക്കുമ്പോൾ പരിമിതമായ

[ശ്രീ. കെ. കെ. കുമാരപിള്ള]

സ്ഥലസൗകര്യമുള്ള ഈ രാജ്യത്തു കൃഷി വികസനംകൊണ്ടുമാത്രം ജനങ്ങൾക്കു ജീവിക്കുവാൻ സാധ്യമല്ലാതാണിരിക്കുന്നതു്. ഇങ്ങനെയുള്ള ഒരു രാജ്യത്തു ആളുകളുടെ ക്രയശക്തിയെ വർദ്ധിപ്പിക്കുക എന്നുള്ളതാണു് ഏററവും കൂടുതൽ ആവശ്യം. ഈ രാജ്യത്തു് ആറു് ഔൺസു് അരി കൊടുക്കുവാനേ ഗവൺമെൻറിനു കഴിയുന്നുള്ളു എന്നു സങ്കടപ്പെടുന്ന അതേ അവസരത്തിൽ തന്നെ വിവിധ ഡിപ്പോകളിലായി അരി ചെലവാകാതെ കുന്നുകൂടികിടക്കുന്നു എന്നു ഗവൺമെൻറു പരാതിപ്പെടുന്നുണ്ടു്. ആളുകളുടെ കൈയ്യിൽ പണമില്ല. പിന്നെ അവർ റേഷൻ എങ്ങനെ വാങ്ങിക്കും. നാട്ടനിരീക്ഷ റോഡുപണികളെ തൊഴിൽതീരഞ്ഞു നടക്കുന്ന തൊഴിലാളികൾക്കു് തൊഴിൽചെയ്യുന്നതിനുള്ള സൗകര്യം ഇവിടെയുണ്ടോ? സർക്കാരിൽ നിന്നു വളരെ മൂലധനം ചെലവാക്കി നടത്തികൊണ്ടിരിക്കുന്ന വ്യവസായങ്ങൾ ഇവിടെയുണ്ടു്. ഇത്തരം വ്യവസായങ്ങളുടെ ഇന്നത്തെ ശോച്യാവസ്ഥയേയും അധഃപതനത്തേയും തകരാറുകളേയും പററി ശ്രീ. ററി. കെ. ദിവാകരൻ സമഗ്രമായി ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടു് അതിലേയ്ക്കു കടക്കുവാൻ ഞാൻ വിചാരിക്കുന്നില്ല, ഒരു ഉദാഹരണം മാത്രം പറയാം. ഇവിടത്തെ സർക്കാരിൻെറ കഴിവുകേടു, അല്ലെങ്കിൽ മനഃപൂർവ്വമായ അലസതകൊണ്ടാണു് ഈ വക വ്യവസായങ്ങൾ അഭിവൃദ്ധിയിൽ വരാത്തതെന്നുള്ളതിനു് തിരുവനന്തപുരത്തു മുടങ്ങിക്കിടക്കുന്ന ടൈററാനിയം വർക്കു് ഒരു പ്രത്യക്ഷ തെളിവാണു്. അവിടെ പണി എടുക്കുന്ന ആളുകൾ ഈ നാട്ടുകാരാണു്. എന്നാൽ ഭരിച്ചു വളരെ ഭാരിച്ചു, ശമ്പളം കൊടുത്തു് രണ്ടു യൂറോപ്യൻമാരെ മാനേജറന്മാരായി വച്ചിട്ടുണ്ടു്. ഇവിടെ ഉണ്ടാക്കുന്ന മണൽ കപ്പലിൽ കയററി പുറരാജ്യങ്ങളിൽ കൊണ്ടുപോയി പെയിൻറുണ്ടാക്കി ഇവിടെ കൊണ്ടുവന്നു വിൽക്കുന്നതു്, ഇവിടത്തന്നെ പെയിൻറുണ്ടാക്കി വിൽക്കുന്നതിനെക്കാൾ ലാഭകരമായതുകൊണ്ടാണു് ഇപ്പോൾ ടൈററാനിയം വർക്കു് അടച്ചിട്ടിരിക്കുന്നതെന്നു പറയുന്നു. ഗവൺമെൻറിൻെറ കഴിവുകേടിനു് ഇതിൽ കൂടുതൽ ഒരു തെളിവാവശ്യമുണ്ടോ? ചവറയിൽനിന്നും മണൽ അന്യരാജ്യങ്ങളിൽ കൊണ്ടുപോയി പെയിൻറുണ്ടാക്കി ഇവിടെ വിപണിയിൽ വിററാൽ ലാഭം ഉണ്ടു്. നേരേമറിച്ചു്, അതേ മണൽകൊണ്ടു് ഇവിടെ പെയിൻറുണ്ടാക്കി ഇവിടത്തെ വിപണിയിൽ വിററാൽ നഷ്ടമാണു്. നമ്മുടെ വ്യവസായങ്ങൾ അധഃപതിക്കാതെ നിവൃത്തിയുണ്ടോ? സർ, മന്ത്രിസഭ ഇതേപ്പററി കാര്യമായി ആലോചിക്കുകയും അതിനുള്ള കാരണങ്ങൾ കണ്ടുപിടിച്ചു് നിവൃത്തിമാർഗ്ഗം ഉണ്ടാക്കുകയും ചെയ്യുന്നില്ലെങ്കിൽ അവർ എത്രയും വേഗം അധികാരത്തിൽനിന്നും ഒഴിഞ്ഞുപോകുകയാണു നല്ലതു്.

ഇവിടത്തെ വ്യവസായങ്ങളുടെ നേരെ കാണിച്ചിട്ടുള്ള മനോഭാവം പോലെതന്നെ കുററകരമായ അനാസ്ഥ ഇവിടത്തെ പാവപ്പെട്ടവരുടെ നേരേയും സാധാരണക്കാരൻെറ നേരേയും ഗവൺമെൻറു് കാണിച്ചിട്ടുണ്ടു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ തന്നെ പറയാറുണ്ടു്, ഞങ്ങൾ ഒരു ബില്ല കൊണ്ടുവരുന്നുണ്ടു് എന്നു്. കുടിയൊഴിപ്പിക്കൽ നിരോധനബിൽ. ഞങ്ങളുടെ നാട്ടിൽ ഒരു കഥ പറയാറുണ്ടു്. തള്ളക്കോഴി സ്വന്തം കുഞ്ഞുങ്ങളോടു പറയും, അവർക്കു് ഇന്നു പാലു തരാം, നാളെ പാലുതരാം എന്നു്,

ഈ നാട്ടിൽ സ്വന്തം ഭൂമി ഇല്ലാതെ, ജോലിചെയ്യുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്ന കൃഷിക്കാരെയും സാധാരണക്കാരെയും നോക്കിക്കൊണ്ട് ഇതാ കൊണ്ടുവരുന്നു ഭൂനയബില്‍ എന്നു ഗവണ്മെന്റ് പറയാൻ തുടങ്ങിയിട്ട് നാലു കൊല്ലമായി. ഇതുവരെ ബില്ല് കണ്ടില്ല. അതങ്ങനെ നീണ്ടു നീണ്ടു പോകുകയാണ്. ഈ നാട്ടിലെ സാധാരണക്കാരായ കൃഷിക്കാർക്ക് കൃഷിചെയ്യുവാനുള്ള ഭൂമിപോലും കൊടുക്കാതെ ധനികന്മാരുടെ കീശ വീർപ്പിക്കുവാനുള്ള പരിപാടിയുമായിട്ടാണ് ഗവണ്മെന്റ് മുമ്പോട്ടു പോകുന്നത്. ആഹാരവും തൊഴിലും ഇല്ലാതെ പട്ടിണികൊണ്ടു ചത്തു അടിയുന്ന ശവങ്ങളുടെമേൽ ചവുട്ടിക്കൊണ്ടുള്ള ഒരു ജൈത്രയാത്രയാണ് ഗവർണ്മെന്റ നടത്തുന്നത്. സർ, മററു രാജ്യങ്ങളിലുണ്ടായിട്ടുള്ള രക്തരൂഷിതമായ വിപ്ലവങ്ങളുടെ സാഹചര്യങ്ങളെ പററി സ്മരിക്കുമ്പോൾ ഗവണ്മെന്റിന്റെ ഈ നിലപാടിൽ പൊറുതിമുട്ടുന്ന ഇവിടുത്തെ ജനങ്ങളെ വളരെ രൂക്ഷമായ ഒരു വിപ്ലവത്തിന്റെ അടുക്കലേയ്ക്കു നീക്കിക്കൊണ്ടുപോകുന്ന ഒരു പരിതഃസ്ഥിതി ഇവിടെ ഉണ്ടാകുകയില്ലേ എന്നു ഞാൻ ഭയപ്പെടുന്നു. തൊഴിലില്ലായ്മയും പട്ടിണിയും ഇവിടെ നടമാടുന്നുണ്ട്. ഭക്ഷണത്തിനുള്ള മുറവിളി ഇവിടെ ഇല്ലെന്നു പറയുന്നു. ഒരുപക്ഷെ, പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽനിന്നും സമ്പാദിക്കുന്ന കാശുകൊണ്ട് മേടപ്പുറത്തു കയറിയിരുന്നു വിഹരിക്കുന്നവർക്കു പട്ടിണിയുടെ മുറവിളി കേൾക്കുവാൻ കഴിയുകയില്ലായിരിക്കാം. പക്ഷെ പാവങ്ങളുമായും കഷ്ടപ്പെടുന്ന ആളുകളുമായും നിത്യവും സമ്പർക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഞങ്ങൾക്ക് ആ മുറവിളി നല്ലപോലെ കേൾക്കുവാൻ കഴിയും. സർ, ഇവിടെ ആറു ഔൺസ് അരികൊണ്ട് ഒരു സാധാരണക്കാരന് ജീവിക്കുവാൻ സാദ്ധ്യമല്ലല്ലോ. ആ നിലയിൽ അത്ര ദുർലഭമായി ഇവിടെ കൊണ്ടുവരുന്ന അരിപോലും ചെലവാകാതെ ഡിപ്പോകളിൽ തങ്ങിക്കിടക്കുന്നതു എന്തുകൊണ്ടാണെന്നു ആലോചിക്കണം. ആ അരിപോലും പണമുള്ളവർക്ക് ഓപ്പൺ മാർക്കററിൽ ലാഭം ഉണ്ടാക്കത്തക്ക നിലയിൽ വിററഴിക്കാൻ കച്ചവടക്കാർക്ക് സാധിക്കുന്നതു് ഇവിടത്തെ ജനങ്ങളുടെ ക്രയശക്തി നശിച്ചുപോയതുകൊണ്ടുമാത്രമാണ്.

ഈ ആണ്ടിൽ യാതൊരു പുതിയ നികുതിയും ചുമത്തുന്നില്ലെന്നു ധനകാര്യമന്ത്രി പറയുന്നു. അതും ശരിയാണെന്നു തോന്നുന്നില്ല. ഇവർ പറയാത്ത പല പുതിയ പുതിയ നികുതികളും ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. പള്ളിക്കൂടം, ആസ്പത്രി മുതലായ ജനോപയോഗയോഗ്യപ്രദമായ സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്നുണ്ടെങ്കിൽ അതിനുള്ള സ്ഥലം, കെട്ടിടങ്ങൾ മുതലായവ മുഴുവൻ നാട്ടുകാർതന്നെ ഉണ്ടാക്കണം എന്നു പറയുന്നതു് പരോക്ഷമായ ഒരു നികുതി ചുമത്തലല്ലെ എന്നു ഞാൻ ചോദിക്കുന്നു? ഗവണ്മെന്റിനെകൊണ്ട് ആകുന്നത്ര വിധത്തിൽ ടാക്സ് ചെയ്യുന്നുണ്ട്. മൾടിപ്പായിന്റ് സെയിൽസ് ടാക്സിന്റെ കാര്യം പറയേണ്ട. ഗവണ്മെന്റ ഇപ്പോൾ പറയും അതിലേയ്ക്കു ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ടെന്നു്. ഇങ്ങനെ സാധാരണക്കാരായ നാട്ടുകാരെ ചവുട്ടിമെതിച്ചും അതേ അവസരത്തിൽ ജന്മിമാരേയും ധനികന്മാരേയും കൂടുതൽ ധനികന്മാരാക്കിയും ഗവണ്മെന്റ മുമ്പോട്ടുപോകുകയാണ്. സർ, ഗവണ്മെന്റിന്റെ ഈ മുമ്പോട്ടുള്ളപോക്ക് അപകടത്തിലേയ്ക്കാണ്. ഓരോ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും വിശദമായ ഒരു പ്രതിപാദ

[ശ്രീ. കെ. കെ. കുമാരപിള്ള]

നന്ദിക്കു് ഞാൻ മുതിരുന്നില്ല. ഒരു കാര്യം ഞാൻ പറയാം. വളരെ തൃപ്തികരമായില്ലെങ്കിലും നമ്മുടെ പൊതുമരാമത്തു പണികൾ മുമ്പോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നുണ്ടു്. പക്ഷെ അതിൽ പലതും രാമേശ്വരത്തെ ക്ഷൗരംപോലെ കിടക്കുകയാണു്. മുഴുവനാക്കുന്ന ഏർപ്പാടു് ഈ രാജ്യത്തു ഒന്നിലും ഇല്ല. ഇറിഗേഷൻ പദ്ധതികളായാലും ശരി മറ്റേതൊരു പദ്ധതികളായാലും ശരി മുഴമിപ്പിക്കുകയില്ല. ഇതു് നമ്മുടെ ഒരു മഹാശാപമായി തീർന്നിട്ടുണ്ടു്. ഫെഡറൽ ഫൈനാൻസ് കാർപ്പൊറേഷന്റെ നയത്തെപ്പറ്റി വളരെ ദുഃഖത്തോടുകൂടി ധനകാര്യമന്ത്രി പറയുകയുണ്ടായി. സർ, അദ്ദേഹം കൂടി അംഗമായിരുന്ന അക്കാലത്തെ മന്ത്രിസഭ ഇന്റിഗ്രേഷൻ ഉണ്ടായ സന്ദർഭത്തിൽ ഇൻഡ്യാ ഗവണ്മെന്റിന്റെ മുമ്പാകെ എല്ലാം അടിയറവച്ചു. അങ്ങനെ അദ്ദേഹം കൂടി പങ്കാളിയായിനിന്നു് നമ്മുടെ തലയ്ക്കു മുകളിൽ കെട്ടിവച്ച വിനകളിൽ ഒന്നാണു് ഇതു്. നമ്മുടെ ഡ്രാഫ്റ്റ് കാൺസ്റ്റിറ്റ്യൂഷൻ പ. ൫-ാം വകുപ്പനുസരിച്ചു് നമുക്കനുകൂലമായിരുന്ന സൗകര്യങ്ങൾപോലും നമുക്കു കിട്ടാത്ത രീതിയിൽ അന്നു ഇൻഡ്യാ ഗവണ്മെന്റുമായി കരാറിൽ ഏർപ്പെടുന്നതിനു ഉദ്യമിച്ച അതേ മന്ത്രിതന്നെ ഇന്നു അക്കരാറിൽനിന്നും ശരിയായരീതിയിൽ സാമ്പത്തികസൗകര്യങ്ങൾ കിട്ടുന്നില്ലെന്നുപറഞ്ഞു് കേന്ദ്രഗവണ്മെന്റിന്റെ പടിവാതുക്കൽ കിടക്കുന്നതുകാണുമ്പോൾ എന്നെപ്പോലെയുള്ളവർക്കു് അനുകമ്പയാണു തോന്നുന്നതു്.

4 P. M.]

ഈ മന്ത്രിമാർ ഡെൽഹിയിൽപോയി നമ്മുടെ സ്റ്റേറ്റിന്റെ സകല അവകാശങ്ങളും ഒഴിഞ്ഞുകൊടുത്തിട്ടു ഇന്നു വെറും യാചനയാണു നടത്തുന്നതു്. നമ്മുടെ നാട്ടിന്റെ വരുമാനം മുഴുവനും അതായതു് സാമ്പത്തികമായ സകല സൗകര്യങ്ങളും കേന്ദ്രത്തിനു അടിയറവെച്ചതു് ഏതോ സ്വകാര്യതാല്പര്യത്തിന്റെ ഒരു സ്വപ്നം ഇവരുടെ മനസ്സിൽക്കൂടി അന്നു കടന്നുപോയിട്ടുള്ളതുകൊണ്ടായിരിക്കണം. ഞാൻ ഈ അവസരത്തിൽ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഇങ്ങനെ കേന്ദ്രഗവണ്മെന്റിന്റെ പടിക്കൽ പോകാതെ കിടക്കാതെ, നമ്മുടെ സംസ്ഥാനത്തിനു് നഷ്ടപ്പെട്ടുപോയ സകല സാമ്പത്തിക വരുമാനങ്ങൾക്കുംവേണ്ടി ധീരമായിട്ടു ഒരു പോരാട്ടംതന്നെ നടത്തുകയും അതിനുവേണ്ടി സർവ്വ കഴിവുകളും പ്രയോഗിച്ചു സാധിതപ്രായമാക്കുകയുമാണു വേണ്ടതു്. അധഃപതിച്ചുകിടക്കുന്ന വ്യവസായങ്ങളും വളരെ ക്ഷീണതയിൽ കിടക്കുന്ന കൈത്തൊഴിൽ മുതലായവയും പുനരുദ്ധാരണം ചെയ്തു പുരോഗമിപ്പിക്കുന്നതിനുള്ള ഒരു കിവഞ്ച ഇന്നത്തെ മന്ത്രിസഭയിൽ ഞാൻ കാണുന്നില്ല. ഭരണപരമായി ഒരു സമൂലപരിവർത്തനം വരുത്തി രാഷ്ട്രത്തെ പുനരുദ്ധരിപ്പിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണു്. സർ, എനിക്കു സമയം അധികമില്ല, കൂടുതൽ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ കൃഷിസമ്പ്രദായങ്ങൾ പ്രചരിപ്പിക്കുക, വ്യവസായങ്ങളിൽ പ്രോത്സാഹനം കൊടുത്തു പുരോഗമിപ്പിക്കുക തുടങ്ങി പല ആഗ്രഹങ്ങളും എന്റെ മനസ്സിൽ ഉള്ളതിനെ ഇവിടെ പറയുന്നതിനു ഒരു പരിമിതമായ സമയമേ എനിക്കു അനുവദിച്ചിട്ടുള്ളു. അതിനിടയിൽ മററു പല കാര്യങ്ങളും എനിക്കു പറയുവാനുണ്ടെങ്കിലും അവയൊന്നും ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല. സർ, കൃഷി കൂടുതൽ ഫലപ്രദമായ രീതിയിൽ നടത്തുന്നതിലേയ്ക്കു്, അതു

യതു് നിലമുഴക, വിത്തു വിതയ്ക്കുക മുതലായ കാര്യങ്ങളിൽ ലാഭത്തിനു വേണ്ടി ട്രാക്ടർ വരുത്തി പ്രവർത്തിക്കണമെന്നു പറയുന്നു. ഒരു കാര്യം ഞാൻ പറയാം. നമ്മുടെ നാട്ടിൽ ഈ സമ്പ്രദായം നടപ്പിൽ വരുന്തോറും കാർഷികമായി തൊഴിലില്ലായ്മ വർദ്ധിക്കുകയാണു ചെയ്യുന്നതു്. നാട്ടിൽ പണിയെടുക്കുന്ന വിഭാഗക്കാർക്കു് ഈ സമ്പ്രദായം നിമിത്തം പട്ടിണിയും ക്ലേശവും വർദ്ധിക്കുകയാണു ചെയ്യുന്നതെന്നു ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. പരിഷ്കൃതരീതിയിലുള്ള ഈ കൃഷിസമ്പ്രദായം തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരവും നൽകുന്നില്ല. ശ്രീ. ദേശ്മുഖിന്റെ ക്യാപിറ്റലിസ്റ്റിക് ഔട്ട്‌ലുക്കുകൊണ്ടു് പാവപ്പെട്ട കർഷകനു യാതൊരാശ്വാസവും ഉണ്ടാകുന്നില്ല. നമ്മുടെ അടിയന്തിരപ്രശ്നം തൊഴിലില്ലായ്മയാണു്. കൃഷിയിൽ യന്ത്രവൽക്കരണം നടപ്പാക്കുന്നതോടുകൂടി കാർഷികരംഗത്തു് തൊഴിലില്ലാതെ വരുന്നവർക്കു് തൊഴിൽ നൽകുവാൻ വേറെ വ്യവസായങ്ങളും ഉണ്ടാകേണ്ടതുണ്ടു്. അങ്ങിനെ കൃഷിയും, വ്യവസായവും, ഒന്നുപോലെ hand-in hand വികസിച്ചെങ്കിൽ മാത്രമേ നാട്ടിനു ക്ഷേമം ഉണ്ടാകുകയുള്ളൂ. അതിനുള്ള ഒരു പദ്ധതി ഈ ബഡ്ജറ്റിലോ, അതിനടിസ്ഥാനമായ പഞ്ചവത്സരപദ്ധതിയിലോ ഇല്ലതന്നെ. തൊഴിലില്ലാതെ നിത്യപട്ടിണിയിൽ കിടന്നു വലയുന്ന ജനതതക്കു് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികളാണു ആസൂത്രണം ചെയ്യുകയാണു നമുക്കാവശ്യം. ആ കാര്യത്തിൽ ഈ ബഡ്ജററു് ഒരിക്കലും അനുകൂലപ്രദമല്ല. അതുകൊണ്ടു് ഈ ബഡ്ജററിനെ എന്റെ ബഹുമാന്യ സ്നേഹിതന്മാർ സ്വീകരിക്കരുതെന്നപേക്ഷിക്കുന്നു.

<u>ശ്രീ. കെ. ഭാനു</u> : സർ, പുതിയ നികുതിയൊന്നും ഏർപ്പെടുത്താതെ തന്നെ പഞ്ചവത്സരപദ്ധതിയുൾപ്പെടെ ജനക്ഷേമപരമായ പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക നീക്കിവച്ചിട്ടുള്ള ഒരു ബഡ്ജററു് അവതരിപ്പിച്ചതിൽ ധനകാര്യമന്ത്രി അഭിനന്ദനാർഹനാണു്. നമ്മുടെ സംസ്ഥാനത്തിന്റെ വിസ്താരവും ജനസംഖ്യയും ജനങ്ങളുടെ അനുഭവത്തിലുള്ള ഭൂമിയുമായി താരതമ്യപ്പെടുത്തിനോക്കിയാൽ മറേറതു സംസ്ഥാനത്തെയും അപേക്ഷിച്ചു ഏററവും കൂടുതൽ വരവും ചെലവുമുള്ള ഒരു സംസ്ഥാനമാണു നമ്മുടേതെന്നു കാണാവുന്നതാണു്. പതിനേഴുകോടി പതിമൂന്നലക്ഷത്തിഎൺപത്തെട്ടായിരം രൂപ വരവും, പതിനേഴുകോടി ഇരുപത്തേഴുലക്ഷത്തിതൊണ്ണൂററിനാലായിരം രൂപ ചെലവുമുള്ള ഒരു ബഡ്ജററാണു ൧൯൫൫—൫൬—ലേയ്ക്കു് ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നതു്. ഇതനുസരിച്ചു പതിനാലുലക്ഷത്തി ഏഴായിരം രൂപയുടെ കമ്മിയാണു തന്നാണ്ടിൽ പ്രതീക്ഷിക്കുന്നതു്. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികഭദ്രതയിൽ യാതൊരാശങ്കയ്ക്കും വകയുണ്ടെന്നു തോന്നുന്നില്ല. ൪൭൯൨ ലക്ഷം രൂപയുടെ ആസ്ഥിയും, ൯൭൭൬ ലക്ഷം രൂപ മാത്രം ബാദ്ധ്യതയുമായിട്ടാണു ആസ്തിബാദ്ധ്യതകൾ നിലകൊള്ളുന്നതു്. അതായതു കടം കഴിച്ചു പത്തുകോടി രൂപ മുടക്കുമുതൽ കൂടുതലുണ്ടു്.

തിരുവിതാംകൂർ—കൊച്ചിയുടെ സംയോജനത്തോടുകൂടി വരുമാനവരവിനങ്ങൾ പലതും നിർത്തലാക്കുകയും കേന്ദ്രത്തിനാവുകയും ചെയ്തു. അവയ്ക്കു പരിഹാരമായി ഇൻഡ്യാഗവണ്മെൻറ തരുന്ന ഗ്രാൻറുകൾ

[ശ്രീ. കെ. ഭാനു]

വളരെ പരിമിതവും കേവലം അപര്യാപ്തവുമത്രെ. ആഭ്യന്തരച്ചുങ്കം പിരിക്കുന്നതിനുള്ള അവകാശം പല സംസ്ഥാനങ്ങൾക്കും ഇൻഡ്യാഗവൺമെൻറ അനുവദിച്ചിട്ടുണ്ട്. ഫെഡറൽ സാമ്പത്തികസംയോജനംമൂലം ഈ സംസ്ഥാനത്തിന സാരമായ നഷ്ടം നേരിട്ടിട്ടുണ്ട്. അതിനൊരു പരിഹാരം കാണാൻ കേന്ദ്രഗവൺമെൻറ ഇതുവരെ മുതിർന്നിട്ടില്ല. എന്നാൽ അതേ അവസരത്തിൽ ആസ്സാമിനും, ഒറീസ്സായ്ക്കും, ബീഹാറിനും, പശ്ചിമബംഗാളിനും ചണത്തിന്മേലും ചണത്തിൽനിന്നുള്ള ഉൽപ്പാദനത്തിന്മേലും കയററുമതിച്ചുങ്കം ഇനത്തിൽ പ്രതിവർഷം ഒരു നല്ല തുക കേന്ദ്രത്തിൽനിന്നും സഹായമായി ലഭിക്കുന്നുണ്ട്. അതിനൊരുറപ്പു ഭരണഘടനയിൽ വരുത്തുവാൻ പോലും ആ സംസ്ഥാനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ചണം പോലെയൊ, അതിനെക്കാൾ കൂടുതലൊ കേന്ദ്രത്തിന ഡാളർ സമ്പാദിച്ചുകൊടുക്കുന്ന ഈ സംസ്ഥാനത്തേയും ഈ സംസ്ഥാനത്തെ അമൂല്യങ്ങളായ കയർ, കൊപ്രാ, വെളിച്ചെണ്ണ, കുരുമുളക്, റബ്ബർ, തേയില, ഇഞ്ചി, ഏലം മുതലായ സാധനങ്ങളേയും കേന്ദ്രഗവൺമെൻറ് വിസ്മരിച്ചു് തെററാണെന്നു പറയാതെ തരമില്ല. ഈ ഉൽപ്പന്നങ്ങളുടെ കയററുമതിച്ചുങ്കത്തിൻെറ ന്യായമായ ഒരു ഓഹരി ഈ സംസ്ഥാനത്തിന കിട്ടേണ്ടതല്ലേ? സർ, ഈ വക കാര്യങ്ങൾക്കുവേണ്ടി നമ്മുടെ ഗവൺമെൻറ് സകല യത്നങ്ങളും ചെയ്യേണ്ടതാണ്.

ഈക്കൊല്ലം ആയിരത്തി അറുനൂററി മുപ്പത്തിയൊന്നു ലക്ഷം രൂപ (൧൬൩൧) വരവും ൧൬൩൬ ലക്ഷം രൂപ ചെലവും പ്രതീക്ഷിച്ചിരുന്നെങ്കിലും യഥാർത്ഥത്തിൽ ൧൬൨൩ ലക്ഷവും ൧൬൮൭ ലക്ഷവുമായി വർദ്ധിക്കുമെന്നു ഇപ്പോൾ കരുതുന്നു. ആ വർദ്ധനവ് നികുതി വരുമാനത്തിൻെറയോ യഥാർത്ഥ റവന്യുവിൽനിന്നുള്ള ചെലവിൻെറയോ അല്ല. പ്രധാന നികുതിയിനങ്ങളായ എക്സൈസും വില്പനനികുതിയും ഇക്കൊല്ലം കുറഞ്ഞു. അടുത്ത കൊല്ലം അവയും കാർഷികാദായനികുതിയും, ഇനിയും കുറയും. ആ കുറവു ഇക്കൊല്ലം പരിഹരിക്കുന്നതും അടുത്ത കൊല്ലം പരിഹരിക്കാമെന്നു ആശിക്കുന്നതും വാണിജ്യസംഘങ്ങളുടെ അല്പമായ വരുമാനക്കൂടുതൽകൊണ്ടു് കേന്ദ്രത്തിൽനിന്നു ഫൈനാൻസ്കമ്മിഷൻെറ പുതിയ ശുപാർശപ്രകാരം കിട്ടുന്ന നിസ്സാരമായ ൪൭,൦൦,൦൦൦ രൂപ വ്യവസായതൊഴിലാളികൾക്കുള്ള ഭവനനിർമ്മാണഗ്രാൻറ്, കമ്യൂണിററി പ്രോജക്റ്റ് ഗ്രാൻറ് മുതലായവ കൊണ്ടുമാണ്. എന്നിട്ടും ഇക്കൊല്ലത്തേക്കാൾ കൂടുതലായി ൪൧ ലക്ഷം രൂപ വരവും ൪൭ ലക്ഷം രൂപ ചെലവുമേ അടുത്ത കൊല്ലം വർദ്ധിക്കുന്നുള്ളു എങ്കിലും വൈദ്യസഹായം, ആരോഗ്യം, പൊതുമരാമത്തു്, കൃഷി, ജലസേചനം, വിദ്യാഭ്യാസം, കമ്മ്യൂണിററിപ്രോജക്റ്റുകൾ, ഭവനനിർമ്മാണം മുതലായ രാഷ്ട്രനിർമ്മാണപദ്ധതികൾക്കായി ഒന്നരക്കോടിയിലധികം രൂപ ഇക്കൊല്ലത്തേക്കാൾ കൂടുതലായി അടുത്ത കൊല്ലം ചെലവു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അതായതു്, നികുതിവരുമാനം കുറയുന്നെങ്കിലും രാഷ്ട്രനിർമ്മാണസംരംഭങ്ങളുടെ പുരോഗതി പുലർത്തി വരുന്നു. അതു് വളരെ അഭിനന്ദനാർഹമായ ഒരു നയംതന്നെ.

ജനകീയഭരണം വന്നതിന ശേഷം രാഷ്ട്രനിർമ്മാണപുരോഗതിയിൽ കാൺഗ്രസ്സ് ഗവൺമെൻറിന നമ്മുടെ സ്റ്റേററിൽ അവകാശപ്പെടാവുന്ന നേട്ടങ്ങൾ ഒട്ടും നിസ്സാരമല്ല. എന്തെന്നാൽ സംയോജനത്തിനമുമ്പു്

൧൯൫൬-൫൭-ൽ ൮൫൭ ലക്ഷം രൂപ രാഷ്ട്രനിർമ്മാണപദ്ധതികൾക്കു ചെലവാക്കിയ നമ്മുടെ സംസ്ഥാനം, സംയോജനത്തിനുശേഷം ൧൯൫൭-൫൮-ൽ ആയിനങ്ങൾക്കു ചെലവാക്കിയതു പണ്ടത്തേതിന്റെ പകുതി കൂടിയായ ൧൨൫൫ ലക്ഷം രൂപയായിരുന്നു. പഞ്ചവത്സരപദ്ധതിയുടെ പ്രഥമവർഷമായ ൧൯൫൧-൫൨ മുതൽ ൧൩൮൫ ലക്ഷം, ൧൪൦൭ ലക്ഷം എന്നീവിധം പ്രതിവർഷം പുരോഗമിച്ചുകൊണ്ടാണിരിക്കുന്നതു്.

൧൯൫൬-൫൭-ലെ ൨൩൮ ലക്ഷം രൂപയുടെ വിദ്യാഭ്യാസച്ചെലവ് ആട്ടെ കൊല്ലം അന്നത്തേതിന്റെ അറുപതു ശതമാനമായ ൩൮൧ ലക്ഷമാകുന്നു. നിർബന്ധിതവിദ്യാഭ്യാസം സാർവ്വത്രികമാക്കാതെതന്നെ പ്രാഥമികവിദ്യാഭ്യാസപ്രായത്തിലുള്ള കുട്ടികളിൽ ഏകദേശം ൯൯ ശതമാനം പള്ളിക്കൂടങ്ങളിൽ പഠിക്കുന്നു. വിദ്യുച്ഛക്തി ഉൽപ്പാദനച്ചെലവു ൧൯൫൬-൫൭-ൽ ൧൮൦ ലക്ഷമായിരുന്നതു ഇന്നു ൨൮൮ ലക്ഷം രൂപയായിരിക്കുന്നു. അതുപോലെതന്നെ അന്നു ൧൭൩ ലക്ഷം രൂപയായിരുന്ന പൊതുമരാമത്തു ചെലവു അന്നത്തേതിന്റെ ൭൫ ശതമാനം വർദ്ധിച്ചിട്ടുണ്ട്. അതായതു് ൩൦൨ ലക്ഷമായിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ രണ്ടു മൂന്നു വർഷങ്ങൾക്കിടയ്ക്കു ഇത്ര വൻപിച്ച ഒരു പുരോഗതി നമ്മുടെ സ്റ്റേറ്റിനു മുൻപെങ്ങും ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം.

ഈയവസരത്തിൽ ഒരു വ്യവസായ ധനസഹായ കാർപ്പൊറേഷൻ ഗവണ്മെന്റ ആരംഭിക്കുവാൻ നിശ്ചയിച്ചതു അഭിനന്ദനാർഹമാണ്. ഇപ്പോൾ പൂട്ടിയിട്ടിരിക്കുന്ന കുണ്ടറ കളിമൺ ഫാക്ടറിക്കും, ടൈറ്റാനിയം ഫാക്ടറിക്കും ഈ കാർപ്പൊറേഷൻ വളരെ സഹായകമായിത്തീരുന്നതും അതിന്റെ ഭാവിപ്രവർത്തനത്തിനുതകുന്നതുമായിരിക്കും. ക്രെഡിററ ബാങ്കു കൃഷിക്കാർക്കു കൂടുതൽ പ്രയോജനകരമാക്കുവാൻ ഗവണ്മെന്റ കാര്യമായി ശ്രദ്ധിക്കേണ്ടതാണ്. മുതൽ മുടക്കുവാനുള്ള പ്രയാസംമൂലം തകച്ചു അനുഭവിക്കുന്ന അനേകം വ്യവസായികൾക്കു് ഈ കാർപ്പൊറേഷൻ ശരിയായ പ്രവർത്തനം നടത്തുന്നപക്ഷം വളരെ അധികം പ്രോത്സാഹനം നൽകാൻ കഴിയുമെന്നുള്ളതു് നിരാക്ഷേപമാണ്. കയറവ്യവസായ പദ്ധതിയെപ്പററി ധനകാര്യമന്ത്രി വിശദമായി പ്രതിപാദിക്കുകയുണ്ടായി. കയറവ്യവസായസ്തംഭനംമൂലം ദുരിതമനുഭവിക്കുന്നവർക്കു് രക്ഷാനടപടികൾ കൈക്കൊള്ളാൻ ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കയറവ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള വ്യവസ്ഥകളും ആരംഭിച്ചുകഴിഞ്ഞു. പക്ഷെ ഇതു് ഈ പ്രശ്നത്തിന്റെ ഒരു അംശം മാത്രമാണ്. കയറിനു് ശരിയായ മാർക്കററില്ലെന്നുള്ള പ്രശ്നം പിന്നെയും അവശേഷിക്കുന്നു. അതിനൊരു പരിഹാരം ഉണ്ടാക്കുന്ന കാര്യത്തിൽ സംസ്ഥാനഗവണ്മെന്റ കേന്ദ്രഗവണ്മെന്റിൽ ശക്തിയായ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഇതിനു പ്രത്യേകമൊരു ട്രെയിഡ് ഏജൻറിനെ നിയമിക്കുന്നതിനെപ്പററി ഗവണ്മെന്റ അഗാധമായി ആലോചിക്കേണ്ടതാണ്.

ശമ്പളക്കുറവുമൂലം ക്ലേശമനുഭവിക്കുന്ന എൻ. ജി. ഒ. മാരുടെ സന്താനങ്ങൾക്കു് മിഡിൽസ്കൂളിൽ ഫീസുസൗജന്യവും ഹൈസ്കൂളിൽ പകുതി ഫീസുസൗജന്യവും നൽകാൻ ഗവണ്മെന്റ തീരുമാനിക്കുകയും ചെയ്തിരിക്കുന്നതായി ധനകാര്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ശമ്പളക്കുറവുമൂലം വിഷമം അനുഭവിക്കുന്ന എൻ. ജി. ഒ. മാർക്കു ഈ സൗജന്യം

[ശ്രീ. കെ. ഭാനു]

അല്പം ആശ്വാസം അരുളുകതന്നെ ചെയ്യും. ഡീയർനസ് അലവൻസ് 20 ശതമാനം ശമ്പളത്തിൽ ചേർക്കുമെന്നുള്ള വ്യവസ്ഥ പെൻഷൻപറ്റുമ്പോൾ അല്പം ഗുണമുണ്ടാകുമെന്നുള്ളതിൽക്കവിഞ്ഞു തൽക്കാലക്ലേശങ്ങൾക്കു പരിഹാരമുണ്ടാക്കാൻ ഉപകരിക്കുകയില്ല.

പബ്ലിസിററിവകുപ്പിന് പറയത്തക്ക യാതൊരു സംഖ്യയും അനുവദിച്ചിട്ടില്ലെന്നു കാണുന്നതു പരിതാപകരമായിരിക്കുന്നു. കാൺഗ്രസ്സ്ഭരണം ആരംഭിച്ചതിനുശേഷം ജനക്ഷേമകരങ്ങളും രാജ്യത്തിനു ശ്രേയസ്കരങ്ങളുമായ പല പദ്ധതികളും ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ അവയ്ക്കു വേണ്ടവിധത്തിൽ പ്രസിദ്ധീകരണം നൽകുകയെന്നുള്ളതു ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ടു ഇത്തരം കാര്യങ്ങളിൽ ഗവണ്മെൻറിൻെറ സത്വരദൃഷ്ടിപതിയണമെന്നും, ഇവിടത്തെ പത്രങ്ങൾക്കു കൂടുതൽ പ്രോത്സാഹനം നൽകണമെന്നും ഉദ്ബോധിപ്പിച്ചുകൊണ്ടു് ബഡ്ജററിനെ ഞാൻ സ്വാഗതംചെയ്യുന്നു.

ഇനി ഒരു കാര്യം എനിക്കു പറയുവാനുള്ളതു പാർലമെൻറിൽ വിവിധകക്ഷികളും അംഗീകരിച്ച പഞ്ചവത്സരപദ്ധതിയെപ്പററിയാണു്. നമ്മുടെ ഭാവി ശ്രേയസ്സിനും അഭിവൃദ്ധിക്കുംവേണ്ടി ശാസ്ത്രീയമായി രൂപവൽക്കരിച്ചിട്ടുള്ള പ്രസ്തുത പദ്ധതി പരിപൂർണ്ണവിജയത്തിലെത്തിക്കേണ്ടതു ഓരോ പൗരൻെറയും കർത്തവ്യംതന്നെ. ഇന്നു ഇവിടെ ഭൂമിശാസ്ത്രപരമായും, വർഗ്ഗീയമായും ഉള്ള പരിഗണനകളാണു രാഷ്ട്രീയലക്ഷ്യത്തേക്കാൾ കൂടുതൽ കാര്യമായി കണ്ടുവരുന്നതു്. ഒരു യുദ്ധകാലപരിതഃസ്ഥിതിയിലെപ്പോലെയോ ഒരടിയന്തിരപരിതഃസ്ഥിതിയിലെപ്പോലെയോ നാം ഇതു ഒട്ടത്തെ പരിഗണിക്കേണ്ടതാണു്. സകല സങ്കുചിത പരിഗണനകളും തൽക്കാലത്തേയ്ക്കു വിസ്മരിച്ചു് എല്ലാ കക്ഷികളും ഒരുപോലെ ആത്മാർത്ഥമായി പരിശ്രമിച്ചു് പഞ്ചവത്സരപദ്ധതി പരിപൂർണ്ണവിജയത്തിൽ എത്തിക്കണമെന്നു് ഞാൻ എല്ലാ അംഗങ്ങളോടും സവിനയം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): സർ, സാധാരണയായി ബഡ്ജററു് അവതരിപ്പിക്കുമ്പോൾ ബഡ്ജററിൽ ചേർത്തിരിക്കുന്ന തുകകളുടെ ഔചിത്യത്തെപ്പററിയും ഗവണ്മെൻറിൻെറ പ്രവർത്തനങ്ങളെപ്പററിയും വിമർശനങ്ങൾ ഉണ്ടാകാറുണ്ടു്. അങ്ങിനെ ഉണ്ടായിട്ടുള്ള വിമർശനങ്ങൾ കഴിഞ്ഞ കൊല്ലത്തേക്കാൾ ഇക്കൊല്ലം അൽപ്പം രൂക്ഷത കുറഞ്ഞവയാണെന്നു ഞാൻ വിചാരിക്കുന്നു. ബഡ്ജററു വിമർശിച്ചുകൊണ്ടു് ഉണ്ടായിട്ടുള്ള പല പ്രസംഗങ്ങളിലും ഗവണ്മെൻറിൻെറ അടുത്ത കാലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പല ആക്ഷേപങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടു്. കഴിഞ്ഞ കൊല്ലങ്ങളെപ്പോലെ തന്നെ ഇത്തവണത്തെ ബഡ്ജററും ഒരു വരവു ചെലവു കണക്കു മാത്രമാണെങ്കിലും പ്രധാനമായ പല കാര്യങ്ങളേയും സ്പർശിക്കുന്ന വിധത്തിൽ തുകകൾ ചേർത്തിട്ടുള്ള ഒന്നാണു് ഇതെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ബഡ്ജററു് അവതരിപ്പിച്ചതിനുശേഷം—

ശ്രീമതി കെ. ആർ. ഗൌരി: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതു് മന്ത്രിസഭയിലെ ഒരംഗം എന്ന നിലയിലോ കാൺഗ്രസ്സ് പാർട്ടിയിലെ ഒരംഗം എന്ന നിലയിലോ എന്നറിഞ്ഞാൽ കൊള്ളാം.

**Mr. Speaker** : I am just attempting to develop a healthy Parliamentary convention by calling upon a Minister at the end of a day's general discussion to reply to the points raised concerning his portfolio.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ എന്റെ പ്രസംഗത്തിൽ മുഖ്യമായി പറയുവാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യം ഈത്തവണത്തെ ബഡ്ജററിൽ പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ചിടത്തോളം തുകകൾ സംവിധാനം ചെയ്തിട്ടുള്ളതു് എങ്ങിനെയൊക്കെയാണെന്നും എന്തടിസ്ഥാനത്തിലാണു് ആ തുകകൾ കൊള്ളിച്ചിട്ടുള്ളതെന്നും ഉള്ള വിവരങ്ങളെപ്പററിയാണു്. ഇവിടെ പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ചു് ചില ആക്ഷേപങ്ങൾ ഉണ്ടായതുകൊണ്ടാണു് ഞാൻ അതിനെപ്പററി പ്രധാനമായി പറയുവാൻ ഉദ്ദേശിക്കുന്നതു്. നമ്മുടെ രാജ്യത്തു് പൊതുമരാമത്തുവകുപ്പിലെ ജോലികൾക്കു് മിക്കവാറും ഇൻഡ്യയിലെ മററു രാജ്യങ്ങളെ അപേക്ഷിച്ചു് അൽപ്പംകൂടി കൂടുതലായി ചെലവു ചെയ്യുന്നുണ്ടു്. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിനേക്കാൾ ഇക്കൊല്ലത്തെ ബഡ്ജററിൽ കൂടുതൽ സംഖ്യ ചെലവിനത്തിൽ ചേർത്തിട്ടുണ്ടു് എന്നു കാണുവാൻ കഴിയും. ഇറിഗേഷൻ വർക്സിനു് ഇക്കൊല്ലത്തെ ബഡ്ജററിൽ ചേർത്തിട്ടുള്ളതു് ആകെയുള്ള അലാട്ടുമെൻറിന്റെ ൨൮·൭ ശതമാനമാണു്. ഈ തുക കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതലാണു്. വരുന്ന കൊല്ലത്തിൽതന്നെ ഇറിഗേഷൻ ജോലികൾ ഉൾപ്പെടുത്തിയിട്ടുള്ളതു് എല്ലാം നടത്തണമെന്നു തീരുമാനിച്ചിട്ടുള്ളതാണു്. മററു ചില ജോലികൾക്കായി ഇതിലും കൂടുതൽ തുക എന്തുകൊണ്ടു് കൊള്ളിച്ചില്ല എന്നു ചോദിക്കുകയാണെങ്കിൽ ഈ രാജ്യത്തെ വരവുകൾ വച്ചുകൊണ്ടു് അത്യാവശ്യമായി വേണ്ടിവരുന്ന ചെലവുകൾക്കു മുഴുവൻ സംഖ്യയും മാററിവച്ചു് പണം ചെലവു ചെയ്യുന്ന ഒരു സമ്പ്രദായമാണു് ഗവണ്മെൻറു് ഇന്നു ബഡ്ജററു് സംവിധാനത്തിൽ കൈക്കൊണ്ടിരിക്കുന്നതു് എന്നുള്ളതുകൊണ്ടാണു്. ഈ രാജ്യത്തെ വരവുവച്ചുകൊണ്ടു നോക്കിയാൽ ഇതിൽ വളരെ കൂടുതലായി പൊതുമരാമത്തുവകുപ്പിലേയ്ക്കു ചെലവു ചെയ്യുവാൻ കഴിയുകയില്ല എന്നു കാണാവുന്നതാണു്. പൊതുമരാമത്തുവകുപ്പിൽ മരാമത്തുവേലകൾക്കും ഇറിഗേഷൻവർക്കുകൾക്കും വച്ചിരിക്കുന്നതു കൂടാതെ ഔട്ട്സൈഡു് വർക്കുകൾക്കും വളരെ കൂടുതൽ ചെലവു വരുന്നതാണു്.

ശ്രീ. സി. അച്യുതമേനോൻ: സർ, ഈ പ്രസംഗം ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രിക്കു് സിവിൽവർക്സിന്റെ ബഡ്ജററു് അവതരിപ്പിക്കുമ്പോൾ ചെയ്യാവുന്നതാണു്. ഈ സമയം വെറുതെ കളയുന്നതു് എന്തിനാണു്? എനിക്കു് ആപ്പോസിഷനെ പ്രതിനിധീകരിച്ചു സ്പീക്കറുടെയും ഈ സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് പ്രതിപക്ഷ മെംബറന്മാർക്കു് എല്ലാ പാർലിമെൻറിലും ബഡ്ജററിനെ സംബന്ധിച്ചു് വിമർശിക്കുവാൻ കൂടുതൽ സമയം കൊടുക്കുകയാണു് പതിവു് എന്നുള്ളതാണു്. നേരെമറിച്ചു് ഇവിടെ ആപ്പോസിഷനിൽനിന്നു് മൂന്നുപേർ മാത്രവും കാൺഗ്രസ്സുപാർട്ടിയിൽനിന്നു് നാലുപേരും സംസാരിച്ചു. ഇപ്പോൾ ഒരു മന്ത്രി സംസാരിക്കുന്നു. ഇങ്ങനെയാണെങ്കിൽ ഞങ്ങൾക്കു് ഈ ബഡ്ജററിനെ സംബന്ധിച്ചു് വിമർശിക്കുവാനുള്ള സമയം കുറച്ചേ കിട്ടുകയുള്ളൂ, മാത്രമല്ല, ഞങ്ങൾക്കു് ഈ ബഡ്ജററു വിമർശനത്തിൽ സംബന്ധിക്കുവാൻ തന്നെ സാദ്ധ്യമല്ലാതെയും വരും.

**Mr. Speaker :** The Chair will protect the interests of all parties in the House. I have been giving ample opportunities to the Members of the Opposition. To-day five members of the Opposition and three Members of the Congress Party spoke. The Congress Party is fifty four in number, and I am bound to allow members of that Party to speak in proportion to their strength.

As I stated already, in order that the debate may proceed on more useful lines, I have, in accordance with Parliamentary convention, allowed one of the Ministers to answer some of the points that have been raised during the debate to-day so that the same points may not be repeated from the Opposition side to-morrow also. I thought hon. Members would appreciate this change.

**Shri C. Achyutha Menon:** In spite of the healthy convention that the Speaker proposes to introduce, I may say that we are at a disadvantage.

**Mr. Speaker :** The opposition is certainly not at a disadvantage. Proportionate to your number, you are at an advantage.

**Shri C. Achyutha Menon :** I bow to your Ruling.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഞാൻ പറഞ്ഞു വന്നതു് ഈ രാജ്യത്തെ മരാമത്തു പ്രവൎത്തികൾക്കും ഇറിഗേഷൻ പ്രവൎത്തികൾക്കും ആവശ്യമായ സംഖ്യ ചെലവാക്കുവാൻ ഗവണ്മെൻറിനു് കഴിവില്ലാതെ വന്നതിനെ സംബന്ധിച്ചാണു്. ഇത്തവണത്തെ ബഡ്ജററിലേയ്ക്കു് നോക്കിയാൽ എത്ര തരത്തിലാണു് ഈ രാജ്യത്തെ പൊതുമരാമത്തുവകുപ്പിൽ പ്രവൎത്തികൾ വൎദ്ധിച്ചു വരുന്നതെന്നു് കാണാവുന്നതാണു്. മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് വലിയൊരു സംഖ്യ അടുത്ത കൊല്ലത്തെ മരാമത്തുവേലകൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടു്. പ്രത്യക്ഷത്തിൽ നോക്കിയാൽ പൊതുമരാമത്തുവകുപ്പിലേയ്ക്കു് ഉദ്ദേശം ൨൫൦ ലക്ഷം രൂപയാണു് മാററിവച്ചിരിക്കുന്നതെന്നു് തോന്നും. യഥാൎത്ഥത്തിൽ മൂന്നരക്കോടി രൂപയോളം ഈ രാജ്യത്തെ പൊതുമരാമത്തു പ്രവൎത്തികൾക്കുവേണ്ടി അടുത്ത കൊല്ലം ചെലവഴിക്കുവാൻ പോകുന്നതായി ബഡ്ജററിൽനിന്നുകാണാം. അതിൽപ്പരം ഒരു സംഖ്യ ചെലവുചെയ്യുവാൻ സാധിക്കാതെവന്നതിൽ ഗവണ്മെൻറു ഖേദിക്കുകയാണു് ചെയ്യുന്നതു്. ഇതിൽ കമ്മ്യൂണിക്കേഷൻ ഇനത്തിൽ ൧൫ലക്ഷംരൂപ നീക്കിവച്ചിട്ടുണ്ടു്. എന്നാൽ ഇതിൽ വലിയൊരു സംഖ്യ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും എസ്റ്റാബ്ലിഷ്മെൻറും സംബന്ധിച്ചാണു് ചെലവാക്കുന്നതു് എന്നിവിടെ പറഞ്ഞുകേട്ടു. ഇൻഡ്യയിലെ മററു പല സ്റ്റേററുകളേയും അപേക്ഷിച്ചു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും എസ്റ്റാബ്ലിഷ്മെൻറും സംബന്ധിച്ചു് ഏററവും കുറവായി ചെലവുചെയ്യുന്ന ഒരു രാജ്യമാണു് ഇതു്. ഏതാണ്ടു് ൨൫ ശതമാനമാണു് ഈ രാജ്യത്തു് അതിനുവേണ്ടി ചെലവു ചെയ്തുകൊണ്ടിരിക്കുന്നതു്.

ഇനി മറ്റൊരു ആക്ഷേപം പ്രധാനമായി ഈ സഭയിൽ പൊതുമരാമത്തുവകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചത് കഴിഞ്ഞ വർഷത്തിൽ ബഡ്ജററിൽപെടുത്തിയിരുന്ന സംഖ്യ മുഴവൻ ചെലവുചെയ്യുവാൻ സാധിക്കാത്ത തരത്തിൽ ജോലികൾ എല്ലാം ആണ്ടിന്റെ അവസാനത്തിൽ ചെയ്യുന്നതിന് മാററിവച്ചിരിക്കുന്നുവെന്നും പല ജോലികളും സാംക്ഷൻ കൊടുക്കാത്തതു കാരണം ജോലി ചെയ്യുവാൻ കഴിയാതെ വന്നിരിക്കുന്നുവെന്നും ആണ്. ബഹുമാനപ്പെട്ട പറവൂർ മെമ്പർ ഈ ആണ്ടിൽ ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുകകൊണ്ട് കുറെ ജോലി ചെയ്തിട്ട് പൂർത്തിയാക്കാതെ പല ജോലികളും നിറുത്തി വച്ചിരിക്കുന്നു എന്നു പറഞ്ഞു. ഈ വർഷത്തിൽ ഇതേവരെയുള്ള മരാമത്തുവകുപ്പിന്റെ പ്രവർത്തനം നോക്കുകയാണെങ്കിൽ മെഷ്യനറി ആർഡർ ചെയ്തതിലും ലാൻറ അക്വയർ ചെയ്തു കിട്ടുവാൻ താമസം നേരിട്ടതുകൊണ്ടും ചില ജോലികൾ പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. എന്നാൽ ആ ജോലികൾ എല്ലാം ഈ വർഷംതന്നെ ചെയ്തുതീർക്കുവാൻ കഴിയുമെന്നാണ് ഗവണ്മെൻറിന് ഇപ്പോഴും വിശ്വാസമുള്ളത്.

നമ്മുടെ രാജ്യത്തെ ചില റോഡുകൾ തോടുകളായി കിടക്കുന്നതിനെ സംബന്ധിച്ച് ചില മെമ്പറന്മാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് എനിക്കു ഒരു സംഗതിയാണ് ഈ സഭയെ അറിയിക്കുവാനുള്ളത്. നമ്മുടെ കഴിവനുസരിച്ചുള്ള പണം ഇവിടെ ചെലവുചെയ്യുന്നുണ്ട്. ഇൻഡ്യയിലുള്ള ഇതര പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തിനോക്കിയാൽ ഒരു മൈൽ റോഡിൽ ഈ രാജ്യത്തു ചെലവു ചെയ്യുവാൻ കഴിയുന്ന തുക വളരെ കുറവാണ്. മദ്രാസിൽ ശരാശരി ൩൮൨ രൂപ ഒരു മൈൽ റോഡിന് ചെലവാക്കുമ്പോൾ യു. പി.-യിൽ ൫൨൮൭ രൂപ ഒരു മൈൽ റോഡിന് ചെലവാക്കുന്നുണ്ട്. അതുപോലെ തന്നെയാണ് ബംഗാളിലേയും ബോംബെയിലേയും സ്ഥിതി. എന്നാൽ ഈ രാജ്യത്ത് ഒരു മൈൽ റോഡിന് ൩൫൦ രൂപ മാത്രമാണ് ശരാശരി ചെലവാക്കുന്നത്. ഇങ്ങനെ ചെലവു കുറവ് ചെയ്യുന്നതിനുള്ള ഒരു കാരണം—

ശ്രീമതി കെ. ആർ. ഗൗരി: ഈ തുക ചെലവാക്കുന്നത് റോഡു മെയിൻറനൻസിനോ റോഡ് ഉണ്ടാക്കുന്നതിനോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മെയിൻറനൻസിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. ഇൻഡ്യയിലെ മററു രാജ്യങ്ങളെ അപേക്ഷിച്ച് ഈ രാജ്യത്ത് റോഡ് വളരെ കൂടുതലായതുകൊണ്ടാണ് ഈ റോഡ് മെയിൻറനൻസിനുള്ള തുക കുറയുവാൻ കാരണമായിട്ടുള്ളത്. ബോംബെയിൽ ൦.൨൪-ം, ബംഗാളിൽ ൦.൧൯-ം, യു. പി.-യിൽ ൦.൩൨-ം, സ്ക്വയർമൈൽസ് റോഡുകളാണ് ഉള്ളത്. ഇൻഡ്യ മുഴുവൻ കൂടി എടുത്താൽ അത് ൦.൫൩ മാത്രമേയുള്ളു. എന്നാൽ തിരു-കൊച്ചിയിൽ ൦.൪ സ്ക്വയർമൈൽസ് റോഡുകളാണുള്ളത്. അതുകൊണ്ടാണ് മെയിൻറനൻസിനുവേണ്ടി കൂടുതൽ ചെലവുചെയ്യുവാൻ ഈ രാജ്യത്ത് കഴിവില്ലാതെ പോയത്. മറ്റൊരാക്ഷേപം പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ച് പറഞ്ഞത് ഈ വകുപ്പിൽ കൊള്ളിച്ചിട്ടുള്ള തുകകളെല്ലാം വർഷത്തിന്റെ അവസാനത്തിൽ ചെലവുചെയ്യുവാൻ

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

മുതിരുന്നതു് കരുതിക്കൂട്ടി ചെയ്യുന്ന ഒരു ഏർപ്പാടു് ആണെന്നാണു്. അതേ മാതിരി, പി. ഡബ്ളിയു. ഡി. യിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും കൈക്കൂലിക്കാരാണെന്നു് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പി. ഡബ്ളിയു. ഡി. യിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയും അടക്കി ഇങ്ങനെ ഒരു ആരോപണം ഉന്നയിച്ചതു് വളരെ നിർഭാഗ്യകരമായിപ്പോയി. പി. ഡബ്ളിയു. ഡി. യിൽ അഴിമതിക്കാരും കൈക്കൂലിക്കാരും ആയ ഉദ്യോഗസ്ഥന്മാർ ഇല്ലെന്നു ഞാൻ പറയുന്നില്ല. മററു തുറകളിലുള്ളതു പോലെ അല്ലെങ്കിൽ, ലോകത്തിൽ മററു പല സ്ഥലങ്ങളിലും ഉള്ളതു പോലെ ചില ആളുകൾ കൈക്കൂലി വാങ്ങുന്നവരായിട്ടു് ഉണ്ടായിരിക്കാം. എന്നാൽ പി. ഡബ്ളിയു. ഡി. യിലെ എല്ലാ ഉദ്യോഗസ്ഥന്മാരും കൈക്കൂലിക്കാരാണെന്നു പറഞ്ഞതു് വളരെ നിർഭാഗ്യകരമായിപ്പോയി. ജോലി താമസിപ്പിച്ചു് ചെയ്യുന്നതു് ഉദ്യോഗസ്ഥന്മാക്കു് കൈക്കൂലിവാങ്ങുവാനാണെന്നു് പറഞ്ഞതു് ശരിയല്ല. വർക്കു തുടങ്ങുന്നതു് എസ്റ്റിമേററ സാങ്ഷൻകഴിഞ്ഞു അതു് ടെൻഡർ വിളിച്ചു കൊടുത്തതിനുശേഷമാണു്. ബഡ്ജററു് പാസാക്കുന്നതു് മാർച്ചു് അവസാനത്തിലാണു്. അപ്പോൾ എസ്റ്റിമേററു് സാങ്ഷൻചെയ്തു ടെൻഡർ വിളിച്ചു് പണിക്കു അനുവാദം കൊടുത്തു കഴിഞ്ഞാൽ—മിക്കവാറും ഈ രാജ്യത്തു് മഴക്കാലമാണു്, മഴക്കാലം കഴിഞ്ഞാലെ അതായതു് ചിങ്ങം, കന്നി മാസത്തോടുകൂടിയെ പണി തുടങ്ങുവാൻ സാദ്ധ്യമുള്ളു. ഈ മാസങ്ങളിൽ ജോലി ആരംഭിച്ചാൽ—വർഷാവസാനത്തോടുകൂടിയെ ആ ജോലികൾ പൂർത്തിയാകയുള്ളു. ജനുവരി, ഫെബ്രുവരി, മാർച്ചു്, ഏപ്രിൽ ഈ മാസങ്ങളിലാണു് ജോലി ചെയ്യുവാൻ സൗകര്യമുള്ളതു്. അതുകൊണ്ടാണു് വർഷാവസാനത്തിൽ ജോലികൾ ചെയ്തു കാണുന്നതു്. അല്ലാതെ കൈക്കൂലി വാങ്ങുവാനുള്ള ഉദ്ദേശം കൊണ്ടല്ല. ഓരോ മാസത്തിലും പി. ഡബ്ളിയു. ഡി. യിൽ പണം ചെലവാകുന്നതു നോക്കിയാലും ഫെബ്രുവരി, മാർച്ചു് ഈ മാസങ്ങളിലാണു് കൂടുതൽ ചെലവാകുന്നതു് എന്നു കാണാം. ഈ മാസങ്ങളിൽ കൂടുതൽ ജോലി നടക്കുന്നതുകൊണ്ടും ഇതിനുമുമ്പു് ചെയ്ത ജോലികളുടെ ബില്ലു് ഈ മാസങ്ങളിൽ പാസാക്കികൊടുക്കുന്നതുകൊണ്ടുമാണു് ഇങ്ങനെ കൂടുതൽ സംഖ്യ ചെലവാകുന്നതു്.

ശ്രീ. എം. കെ. മത്തായി: റോഡു് മെററൽ ചെയ്യുവാൻ പററിയതു് ഏതു കാലത്തിലാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് നല്ലതു് വർഷകാലമാണു്. ആ കാലങ്ങളിലാണു് റോഡു് മെററൽ ചെയ്യുന്നതു്.

പിന്നീടു ചില ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞ ഒരാക്ഷേപം പൊതുമരാമത്തു വകുപ്പിലെ ജോലികൾ വളരെ മന്ദഗതിയിലാണു പോകുന്നതെന്നു്, അതായതു രാമേശ്വരത്തെ ക്ഷൌരംപോലെയാണു ജോലികൾ എല്ലാം നടക്കുന്നതെന്നാണു്. ആ ഉദാഹരണം ഇതിനു് ഒരിക്കലും പററിയതല്ലെന്നാണു എനിക്കു പറയുവാനുള്ളതു്. ജോലികൾ കുറേശ്ശെ എടുത്തു നടത്തുന്നതു രാമേശ്വരത്തെ ക്ഷൌരം പോലെയാകും എന്നാണെങ്കിൽ ആ ഉദാഹരണം കൊള്ളാം. എന്നാൽ ഈ ജോലികളെല്ലാം

കുറച്ചെ ഏറ്റെടുത്തു നടത്തുവാനെ സാധിക്കുകയുള്ളു. ഈ രാജ്യത്തെ പൊതുമരാമത്തു വേലകൾക്കു കൊള്ളിച്ചിട്ടുള്ള സംഖ്യകൊണ്ടു ഒന്നോ രണ്ടോ ജോലികൾ രാജ്യത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തു നടത്തിക്കൊണ്ടിരുന്നാൽമാത്രം മതിയാകാത്തതുകൊണ്ടു്, എത്രയും കൂടുതൽ ജോലികൾ രാജ്യത്തു ചെയ്യാമൊ അത്ര രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടത്തുവാൻവേണ്ടി പൊതുമരാമത്തു വകുപ്പിൽനിന്നു ജോലി ചെയ്യുന്ന കാര്യത്തിൽ ചില തത്വങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. ആ തത്വമനുസരിച്ചാണു ഇന്നു രാജ്യത്തെ വേലകളെല്ലാം നടന്നുകൊണ്ടിരിക്കുന്നതു്. ഇന്നു ഇവിടത്തെ പൊതുമരാമത്തു വേലകൾക്കു ഗവണ്മെന്റു സംഖ്യ പ്രൊവൈഡു ചെയ്യുന്നതു ഏതു തരത്തിലാണെന്നു ആലോചിച്ചു നോക്കുകയാണെങ്കിൽ, ഈ രാജ്യത്തെ പ്രതിനിധികളടങ്ങിയ ഒരു സബ് ഡിവിഷൻ കമ്മിററിയിൽനിന്നാണു ഇപ്രകാരം ഉള്ള വേലകൾ എല്ലാം പാസ്സാക്കുന്നതു എന്നു കാണാം. അതുപോലെ എസ്റ്റിമേററുണ്ടാക്കാതെ ജോലികൾ തുടങ്ങുന്നതിനെപ്പററിയും ഒരാക്ഷേപം ഇവിടെ പറയുകയുണ്ടായി. ഈ സംഗതിയെപ്പററിയും എസ്റ്റിമേററ കമ്മിററി നിർബ്ബന്ധം ചെലുത്തിയിട്ടുണ്ടു്. ഈ വർഷം പല ജോലികളും അത്യാവശ്യമായി എടുക്കേണ്ടതാണെന്നു സഭയിലെ അംഗങ്ങൾക്കും നാട്ടുകാർക്കും ബോദ്ധ്യമായതുകൊണ്ടാണു് ആ ജോലികളെല്ലാം എസ്റ്റിമേററ തയ്യാറായിട്ടില്ലെങ്കിലും എസ്റ്റിമേററ തയ്യാറാക്കാതെ ഈ ബഡ്ജററിൽ ഉൾപ്പെടുത്തുവാൻ ഇടയായതു്. ഇങ്ങനെയാണു ചില ജോലികൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഈ ജോലികൾക്കെല്ലാം എസ്റ്റിമേററ തയ്യാറാക്കുകയും ഈ ജോലികളെല്ലാം ഈ വർഷം തന്നെ ഏറ്റെടുക്കുകയും ചെയ്യും. ഏതെങ്കിലും കാരണവശാൽ ലാൻറ അക്വിസിഷന് വല്ല കാലതാമസവും വന്നാലെ ഈ ജോലി മുടങ്ങുകയുള്ളു. വേറെ ഒരാക്ഷേപം ഇവിടെ പറഞ്ഞതു്, പൊതുമരാമത്തു വേലകളെ സംബന്ധിച്ചിടത്തോളം ചില പ്രദേശങ്ങൾ അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നാണു്. അതും ശരിയല്ല. പൊതുമരാമത്തു വകുപ്പിന്റെ ബഡ്ജററിനെക്കുറിച്ചുള്ള വിമർശനവേളയിൽ ഈ കാര്യം സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു ഞാൻ തയ്യാറാണു്. ഗവണ്മെന്റിനു കഴിവുള്ളതനുസരിച്ചു് രാജ്യത്തിന്റെ എല്ലാ ഭാഗത്തും ജോലികൾ നടത്തിയിട്ടുണ്ടെന്നുള്ളതു് ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു ഞാൻ തയ്യാറാണു്. ഈ അവസരത്തിൽ ഇത്ര മാത്രമേ സമാധാനമായി പറയണമെന്നു് ഞാൻ വിചാരിക്കുന്നുള്ളു.

**Mr. Speaker** : The House will now adjourn and meet again at 11 o' clock tomarrow.

The Assembly adjourned at 4 35 P. M. to meet again at 11 A. M. on Saturday, the 14th March 1953.

---

## APPENDIX I

[*Please see answer to question No.* 356 (13)*]

Failure of crop in South Travancore and the relief measures taken by Government.

The following are the relief measures taken by the Government :

(i) The families who were getting wages in kind and who were not in possession of ration cards were issued fresh ration cards. These families were allowed to draw ration till the next harvest. Arrangements have also been made for the issue of ratiions to agriculturists who were in need of rations by revalidating cancelled portons in the paddy cards issued to them. Concessions in the matter of measuring the levy due to Government were given in all deserving cases. A total quantity of 3,70,000 paras of paddy was thus remitted. New ration depots were also opened in all the taluks wherever found necessary.

(ii) The Agriculture Department attended to the supply of seeds to ryots in the drought affected areas and all requisitions for seeds were satisfied. Manures like Bone-meal and Groundnut oil cake etc., were sold to cultivators at a subsidised rate of 50% of the cost price, on ready cash, as well as on crop loan basis. The cultivators availed themselves of these facilities. It may be noted in this connection that the manures were sold in other areas only with a subsidy of 25%. The special concession of 50% was accorded only to the drought affected areas of South Travancore.

(iii) The Food Production Board issued instructions to the Revenue Tahsildars and the G. P. Tahsildars of Thovala, Agastheeswaram, Kalkulam and Vilavancode to give wide publicity to the scheme of G. M. F. loans. The information that the Food Production Board will consider liberally the Grow More Food loan applications from persons in the affected areas was also communicated to the Tahsildars.

(iv) Steps are in progress for the remission of water-cess in all deserving cases.

(v) The P. W. D. has already taken up two major items of public works in the affected area *viz.*,

(1) Improvements to the Thickanamcode channel ;

(2) Concreting the road from Nagercoil to Aramboly, costing about 8.26 lakhs. These works are expected to absorb a large number of workmen. The Vilathura Lift Irrigation Scheme is proposed to be taken up soon. The question of starting new minor irrigation works and improvements to tanks is under consideration.

Further, Government have sanctioned a sum of Rs. 2,10,000 for pumping out water lying below the sill level at the Pechippara reservoir and pumping operation is being carried on. This has saved the present crop.

# Appendix II

[Please see answer to question No. 194 (12)]

*List of plantations owned by foreigners.*

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഇനം | വിസ്തീർണ്ണം ഏ. | സെ. | ഡിസ്ട്രിക്ട് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ൧. | മഹേന്ദ്രഗിരി | കാപ്പി | ൨൫ | .... | തിരുവന- | |
| ൨. | കണ്ണിമ[illegible]ചാല | ,, | ൧൮൬ | ൭൨ | ന്തപുരം | |
| ൩. | മെക്കിസ്റ്റൻ | ,, | ൭ | .... | ,, | |
| ൪. | പൊൻമുടി | തേയില | ൬൨൧ | ... | ,, | |
| ൫. | ബോണക്കാർഡ് | ,, | ൯൮൧ | ൫൦ | ,, | |
| ൬. | മുണ്ടവിള | റബ്ബർ | ൨൪ | ൭൫ | ,, | |
| ൭. | ഗ്രീൻഹാം | ,, | ൨൫൦ | ... | ,, | |
| ൮. | വൈകുണ്ഠം | ,, | ൭൫൩ | ൨ | ,, | |
| ൯. | മോഹിനി (൧) | ,, | ൧൦൦ | ... | ,, | |
| ൧൦. | ,, (൨) | ,, | ൭൦ | ... | ,, | |
| ൧൧. | ബാറിമോർ | തേയില | ൨൩൮ | ൫൪ | ,, | |
| ൧൨. | മേരിഗോൾഡ് | ,, | ൧൨൦ | ൪൫ | ,, | |
| ൧൩. | ഇൻവെർകാൾഡ് | ,, | ൩൩൮ | ൧൮ | ,, | |
| ൧൪. | മെർച്ചിസ്റ്റൻ | ,, | ൪൮൭ | ൯൦ | ,, | |
| ൧൫. | പൊൻമുടി | റബ്ബർ | ൨൨൦ | ൯൭ | ,, | |
| ൧൬. | ബോണക്കാർഡ് | ,, | ൮൩ | ൩൦ | ,, | |
| ൧൭. | ബാരിമോർ | ,, | ൩൮൩ | ൨൫ | ,, | |
| ൧൮. | മേരിഗോൾഡ് | ,, | ൯൩ | ... | ,, | |
| ൧൯. | അരിക്കൂർ | ,, | ൧൨൫ | ൮൩ | ,, | |
| ൨൦. | അമ്പനാട് | ,, | ൭൧൨ | ൯൯ | കൊല്ലം | |
| ൨൧. | നാഗമല | ,, | ൧൩൬൨ | ൬൬ | ,, | |
| ൨൨. | കോന്നി | ,, | ൭൩൭ | ൯൨ | ,, | |
| ൨൩. | കുമ്പഴ | ,, | ൧൩൮൧ | ൫൦ | ,, | |
| ൨൪. | ലാഹ | ,, | ൨൧൧൩ | ൭൦ | ,, | |
| ൨൫. | വെൻഞ്ചർ | ,, | ൨൬൬ | ൨൦ | ,, | |
| ൨൬. | അമ്പനാട് | തേയില | ൧൦൩൦ | ൭൯ | ,, | |
| ൨൭. | നാഗമല | ,, | ൬൧൮ | ൮൮ | ,, | |
| ൨൮. | ഇസ്സ്ഫീൽഡ് | ,, | ൪൦൮ | ൬ | ,, | |
| ൨൯. | ഷെൻഡുർണി | ,, | ൨൮൪ | ൪൯ | ,, | |
| ൩൦. | ലിൻവുഡ് | ,, | ൧൭൬ | ൧൧ | ,, | |
| ൩൧. | കോന്നി | ,, | ൯൭൯ | ൫൬ | ,, | |
| ൩൨. | കുമ്പഴ | ,, | ൧൦൩൧ | ൮൮ | ,, | |
| ൩൩. | വെൻഞ്ചുവർ | ,, | ൩൮൬ | ൩൧ | ,, | |
| ൩൪. | അച്ചൻകോവിൽ | ,, | ൩൭൪ | ൫൩ | ,, | |
| ൩൫. | വെള്ളാന്റി എസ്റ്റേറ്റ് | റബ്ബർ | ൬൬൫ | ... | കോട്ടയം | |
| ൩൬. | മുണ്ടക്കയം വാലി | ,, | ൨൭൩൫ | ... | ,, | |

## Appendix II—(*Contd.*)

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഇനം | വിസ്തീർണ്ണം ഏ. | സെ. | ഡിസ്ട്രിക്ട് | റിമാർക്ക് |
|---|---|---|---|---|---|---|
| ൩൭. | മണിക്കൽ | റബ്ബർ | ൨൧൯൫ | .... | കോട്ടയം | |
| ൩൮. | കല്ലുപ്പക്കയം | ,, | ൧൩൬൩ | .... | ,, | |
| ൩൯. | എൽഡൊറാഡൊ | ,, | ൧൦൦൫ | .... | ,, | |
| ൪൦ | പാലൂർവാലി | ,, | ൨൭൯ | .... | ,, | |
| ൪൧. | മുണ്ടക്കയംവാലി | ,, | ൪൫൦ | .... | ,, | |
| ൪൨. | മലയാളം പ്ലാന്റേഴ്സ് സൻസ് .... | | ൧൫൦൦ | .... | ,, | |
| ൪൩. | കെ. ഡി. എച്ച്. പി. കമ്പനി തോട്ടം തേയില | | | | | |
| ൪൪ | | | | | | |
| ൪൫. | | | | | | |
| ൪൬. | | | | | | |
| ൪൭. | | | | | | |
| ൪൮. | | | | | | |
| ൪൯. | | | | | | |
| ൫൦. | | | | | | |
| ൫൧. | | | | | | |
| ൫൨. | | | | | | |
| ൫൩. | | | | | | |
| ൫൪. | | | | | | |
| ൫൫. | | | | | | |
| ൫൬. | | | | | | |
| ൫൭. | ,, | | ൫൩,൮൮൮.... | | ,, | കെ. ഡി. എച്ച്. പി. എസ്റ്റേറ്റ് വക ൩൮ തോട്ടങ്ങളുണ്ട്. |
| ൫൮. | | | | | | |
| ൫൯. | | | | | | |
| ൬൦. | | | | | | |
| ൬൧. | | | | | | |
| ൬൨. | | | | | | |
| ൬൩. | | | | | | |
| ൬൪. | | | | | | |
| ൬൫. | | | | | | |
| ൬൬. | | | | | | |
| ൬൭. | | | | | | |
| ൬൮. | | | | | | |
| ൬൯. | | | | | | |
| ൭൦. | | | | | | |
| ൭൧. | | | | | | |
| ൭൨. | | | | | | |
| ൭൩. | | | | | | |
| ൭൪. | | | | | | |

## Appendix II—(*Contd.*)

| ക്രമ നമ്പർ | തോട്ടത്തിന്റെ പേര് | ഇനം | വിസ്തീർണ്ണം ഏ. | സെ. | ഡിസ്ട്രിക്ട് | റിമാർക്ക് |
|---|---|---|---|---|---|---|
| ൭൫. | മലയാളം പ്ലാന്റേഷൻസ് | തേയില | ൫൨൬ | .... | കോട്ടയം | ഈ പേരിലും ൪ തോട്ടങ്ങളുണ്ട് |
| ൭൬. | ,, | ,, | | | | |
| ൭൭. | ,, | ,, | | | | |
| ൭൮. | ,, | ,, | | | | |
| ൭൯. | വെണ്ടയാർ | ,, | ൧൨൬൦ | .... | ,, | |
| ൮൦. | ചെറവാലി | ,, | ൨൧൪൧ | .... | ,, | |
| ൮൧. | ബൊനാമി | ,, | ൧൦൫൭ | .... | ,, | |
| ൮൨. | ചീനതളർ | ,, | ൨൭൯൨ | .... | ,, | |
| ൮൩. | ചെങ്കര | ,, | ൧൧൮൨ | .... | ,, | |
| ൮൪. | ഡൈമൊക്ക് | ,, | ൨൦൩൭ | .... | ,, | |
| ൮൫. | ഗ്ലെൻമേരി | ,, | ൧൧൫൨ | .... | ,, | |
| ൮൬. | ഗ്രാംപി | ,, | ൧൦൩൪ | .... | ,, | |
| ൮൭. | കോടകരണം | ,, | ൧൦൬൦ | .... | ,, | |
| ൮൮. | കോഴികാണം | ,, | ൧൨൦൨ | .... | ,, | |
| ൮൯. | കോട്ടമല | ,, | ൨൭൨൩ | .... | ,, | |
| ൯൦. | ലാഡ്രം | ,, | ൧൩൮൫ | .... | ,, | |
| ൯൧. | മഞ്ചുമല | ,, | ൧൫൧ [illegible] | .... | ,, | |
| ൯൨. | മുങ്കലാർ | ,, | ൧൧൨൯ | .... | ,, | |
| ൯൩. | മൗണ്ട് | ,, | ൮൬൧ | .... | ,, | |
| ൯൪. | നെല്ലിക്കാരി | ,, | ൬൫൪ | .... | ,, | |
| ൯൫. | ഉറക്കട്ടൺ | ,, | ൧൦൨൬ | .... | ,, | |
| ൯൬. | പാമ്പനാർ | ,, | ൧൧൬ | — | ,, | |
| ൯൭. | പശുമല | ,, | ൮൪൭ | .... | ,, | |
| ൯൮. | സ്റ്റാഗ്ബ്രൂക്ക് | ,, | ൧൧൧൬ | .... | ,, | |
| ൯൯. | പട്ടുമല | ,, | ൭൪൨ | .... | ,, | |
| ൧൦൦. | തെങ്ങക്കൽ | ,, | ൧൦൩൬ | .... | ,, | |
| ൧൦൧. | തങ്കമല | ,, | ൧൩൭൧ | .... | ,, | |
| ൧൦൨. | വാഗമൺ | ,, | ൨൭൮൧ | .... | ,, | |
| ൧൦൩. | വലിയന്റ് | ,, | ൧൧൦൦ | .... | ,, | |
| ൧൦൪. | വെലിയാനി | ,, | ൧൧൪൫ | .... | ,, | |
| ൧൦൫. | ബല്ലർഡി | ,, | ൨൪൫൮ | .... | ,, | |
| ൧൦൬. | വുഡ്ലൻസ് | ,, | ൬൦൬ | .... | ,, | |
| ൧൦൭. | ഇ. എഫ്. [illegible] നോർമണി എസ്റ്റേറ്റ് | റബ്ബർ | ൧൪൮ | ൨൪ | തൃശ്ശൂർ | |
| ൧൦൮. | മൈനഗ്ലേഡ് | ഏലം | ൯൩൭ | ൩൪ | ,, | |

## Appendix III

[Please see answer to question No. 200 (20)]

*Adult Education Centres.*

൧. നെടുംകുന്നം
൨. ഏനാത്തുമംഗലം
൩. മുളക്കുളം
൪. കടപ്ര
൫. വീയപുരം
൬. പുളിംകുന്ന്
൭. കവിയൂർ
൮. ആനിക്കാട്
൯. വാ[illegible]ച്ചുതേ[illegible]ങ്ങും
൧൦. ചെറുതന
൧൧. തൃക്കുന്നപ്പുഴ
൧൨. ആററിപ്ര
൧൩. കണ്ടല്ലൂർ
൧൪. പന്മന
൧൫. കീഴ്‌വായ്പൂർ
൧൬. തിരുവല്ലം
൧൭. മാവേലിക്കര
൧൮. കഴക്കൂട്ടം
൧൯. ശൂരനാട്
൨൦. ഒററശേഖരമംഗലം
൨൧. അടൂർ
൨൨. വടക്കേക്കര
൨൩. മാടപ്പള്ളി
൨൪. ചാല[illegible]ന്നി
൨൫. പള്ളിക്കൽ
൨൬. മേൽതോന്നയ്ക്കൽ
൨൭. ചെങ്ങ[illegible]ശ്ശേരി
൨൮. [illegible]ഴക്കര
൨൯. വള്ളിക്കോട്
൩൦. ആല
൩൧. മാണിക്കൽ
൩൨. വാഴൂർ
൩൩. [illegible]രുകോവിൽവ[illegible]
൩൪. കുറവൂർ
൩൫. മൈലം
൩൬. വെള്ളനാട്
൩൭. പാകോട്
൩൮. കല്ലുപ്പാറ
൩൯. വെളിയം
൪൦. പറവൂർ
൪൧. ആവദേശം
൪൨. പന്തളംവ[illegible]
൪൩. ചിറയിൻകീഴ്
൪൪. തിരുവല്ലം—പാച്ചല്ലൂർ
൪൫. പന്തളം—തെക്കേക്കര
൪൬. [illegible]ചവവക്കൽ
൪൭. ക[illegible]വാരം
൪൮. കുമാരപുരം
൪൯. പുറനാട്ടുകര
൫൦. കൊല്ലം
൫൧. പായിപ്പാട്
൫൨. തലവടി
൫൩. ആറവർ
൫൪. പുത്തൻകാവ്
൫൫. തിരുപുറം
൫൬. ആനന്തപുരം
൫൭. അഴീക്കോട്
൫൮. ആറന്മുള
൫൯. ഭരണിക്കാവ്
൬൦. വിളക്കുടി
൬൧. മേലൂർ
൬൨. കീരിക്കാട്
൬൩. ആറാട്ടുപുഴ
൬൪. ഏഴുപുന്ന
൬൫. അമ്പലപ്പുഴ
൬൬. ചെങ്ങന്നൂർ
൬൭. വടശ്ശേരി
൬൮. മീനാട്
൬൯. ചെട്ടിവിളാകം
൭൦. പള്ളിച്ചൽ
൭൧. നീണ്ടകര
൭൨. വിളവംകോട്
൭൩. മട[illegible]വിളാകം
൭൪. കോട്ടുകാൽ
൭൫. കുമ്പഴ
൭൬. നെടുമ്പന
൭൭. വിജയപുരം
൭൮. രണ്ടാമട
൭൯. പോരുവഴി
൮൦. മങ്കൂർ
൮൧. ഇരവിപേരൂർ
൮൨. ഹരിപ്പാട്
൮൩. കുന്നത്തൂർ
൮൪. അതിയന്നൂർ